# ഇസ്‌ലാംകാര്യം
## ഖുർആനിൽ അഞ്ചല്ല; പത്തുണ്ട്.

ഖുർആൻ ആദ്യം തന്നെ(2:177) മുതൽ 2: 203 വരെ) വഴിക്ക് വഴിയായി വിവരിച്ച 10 ഇസ്ലാംകാര്യങ്ങളുടെ ഇടയിൽ നിന്ന് പ്രധാനപ്പെട്ട അഞ്ചെണ്ണം തട്ടിക്കൊണ്ട് ഇസ്ലാം കാര്യം അഞ്ച് എന്ന ഖുർആൻ വിരുദ്ധ വ്യാജപാഠം ലോകത്തൊട്ടാകെ പ്രചരിപ്പിച്ചതാണ് മുസ്ലീം സമുദായത്തിന്റെ സകലവിധ അധപതനത്തിനും കാരണമായത്. പുരോഹിത വർഗ്ഗം ഏകകണ്ഠമായ് വിട്ടുകളഞ്ഞതും നമസ്ക്കാരം, നോമ്പ്, ഹജ്ജ് എന്നിവയോക്കാൾ ഖുർആൻ വളരെയേറെ പ്രാധാന്യം കൽപ്പിച്ചതുമായ അക്ഷരാഭ്യാസം, കരാർപാലനം, ജിഹാദ്, മുതലായവയെ സുപ്രധാന ഇസ്ലാം കാര്യങ്ങളായി പഠിപ്പിക്കപ്പെടാത്ത കാലത്തോളം നമ്മുടെ സമുദായം പുരോഗതി പ്രാപിക്കുകയില്ലെന്ന കാര്യം തീർച്ചയാണ്. മേൽപറഞ്ഞ വിഷയങ്ങളെല്ലാം ഖുർആനിക തെളിവുകൾ നിരത്തിവെച്ചുകൊണ്ട് ഈ ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിക്കുന്നു. ഇസ്ലാംകാര്യം അഞ്ച് എന്ന വ്യാജപാഠത്തിന്റെ പിന്നിലുള്ള കപടത്തരം തൊലിയുരിച്ച് കാണിക്കുകയും ചെയ്യുന്നു.

# ഇസ്ലാംകാര്യം ഖുർആനിൽ അഞ്ചല്ല; പത്തുണ്ട് !

ഖുർആനിലെ ഒന്നാമത്തെ ഇസ്ലാം കാര്യം അക്ഷരാഭ്യാസം. നബിക്ക് അക്ഷരജ്ഞാനമുണ്ടെന്ന് വി:ഖുർആൻ. ഇസ്ലാം കാര്യങ്ങളിൽ വെച്ചേറ്റവും മുന്തിയവ അക്ഷരാഭ്യാസവും സകാത്തും, കരാർപാലനവും ജിഹാദുമാണ്.അവയിൽ വെച്ചേറ്റവും പുണ്യം കുറഞ്ഞവ നമസ്ക്കാരം നോമ്പ്, ഹജ്ജ് എന്നിവയും.

മൗലവി ചേകനൂർ

# ഇസ്ലാംകാര്യം പത്ത് !

പകർപ്പവകാശം ഗ്രന്ഥകർത്താവിൽ
നിക്ഷിപ്തം

*വില: 20 രൂപ*

*Printed at:*

പി. കെ. എം. പ്രസ്സ് & പബ്ലിഷിംഗ് ഹൗസ്, എടപ്പാൾ
ജനുവരി. 1991
കോപ്പി : 2000

**Checking & correction done by
Dr.M.Abdul Jaleel. Puttekkad
For Chekanoor Moulavi Trust.
www.chekanoormoulavi.com
www.khur-aansunnathsociety.com**

# ഇസ്ലാംകാര്യം പത്ത് !

ഗ്രന്ഥകർത്താവ്:

**പി. കെ. എം. അബുൽഹസൻ
(മൗലവി ചേകനൂർ)**

# പ്രസ്താവന

## ഖുർആൻ നിഷേധികളുടെ അടവുകളും ശൈലികളും

ഖുർആനിക സത്യങ്ങളോരോന്നും വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ലളിതമായ ഭാഷയിൽ സമർത്ഥിച്ചു കൊടുക്കുമ്പോൾ ആ സത്യങ്ങളൊന്നും സ്വീകരിക്കാൻ തയ്യാറല്ലാത്ത ഖുർആൻ നിഷേധികൾ ഇപ്പോൾ പറഞ്ഞുവരുന്ന മറുപടികളെന്തൊക്കെ എന്നല്ലേ: (1) ഞങ്ങൾക്കിനി മാറ്റി പഠിക്കാൻ സമയമില്ല. മുമ്പ് പഠിച്ചുവെച്ചതനുസരിച്ച് ഇങ്ങനെയങ്ങ് കഴിഞ്ഞ് പോകട്ടെ. സാക്ഷാൽ അബൂജഹ്ൽ കമ്പനിയുടെ മറുപടിയും മുമ്പ് ഇത് തന്നെയായിരുന്നുവെന്ന് ഖുർആൻ പലവുരു വ്യക്തമാക്കിയതാണ്. (2) (ഞങ്ങൾക്കിതെല്ലാംകൂടി വായിക്കുമ്പോൾ കൺഫ്യൂഷനാവുകയാണ്. അതിനാൽ പഴയത് വിടാൻ തൽക്കാലം നിവൃത്തിയില്ല.) ഇതും പൂർവ്വകാലത്തെ ഖുർആൻ നിഷേധികളുടെ മറ്റൊരു സ്ഥിരം ശൈലിയായിരുന്നുവെന്ന് ഖുർആൻ കൊണ്ട് തെളിയുന്നുണ്ട്. ഖുർആനിക സത്യങ്ങൾ ലളിതമായ ഭാഷയിൽ വിവരിച്ചുകൊടുത്തിട്ടും മറുപടി പറയാതെ ഒഴിഞ്ഞുമാറിക്കൊണ്ട് ചില ഉന്നതരായ അഭ്യസ്തവിദ്യർ പോലും കൺഫ്യൂഷനാവുകയാണെന്ന കൊഞ്ഞനം പറഞ്ഞ് തടിതപ്പുന്നത് കാണുമ്പോൾ സാക്ഷാൽ അബൂജഹ്ലിനോട് ബഹുമാനം തോന്നുകയാണ്. ഉന്നത ബിരുദധാരികളായ ഇന്നത്തെ അഭ്യസ്തവിദ്യർക്ക് പോലും ഖുർആനികസത്യങ്ങൾ കേട്ടാൽ കൺഫ്യൂഷനാവുകയാണെങ്കിൽ പിന്നെ നിരക്ഷരകുക്ഷികളായിരുന്ന അബൂജഹ്ലും മറ്റും ഞങ്ങൾക്ക് കൺഫ്യൂഷനാകുന്നു എന്ന് പറഞ്ഞിരുന്നതിലെന്താണ് തെറ്റുപറയാനുള്ളത്. (3) (ഞങ്ങൾ വിശദമായി പഠിക്കട്ടെ. എന്നിട്ട് ബോധ്യപ്പെട്ടശേഷം വിഷയങ്ങൾ അംഗീകരിക്കാം.) ഇപ്രകാരം പറയുന്നവരിൽ ശരിയായ സത്യാന്വേഷികളുണ്ടെന്നത് പോലെ കടുത്ത സത്യനിഷേധികളുമുണ്ട്. എത്ര ബോധ്യപ്പെട്ടാലും അവരത് ബോധ്യപ്പെട്ടെന്ന് സമ്മതിക്കുകയില്ല. ഗ്രന്ഥങ്ങൾ എത്ര



തവണ ആവർത്തിച്ചു വായിച്ചാലും വായിച്ചിട്ടുണ്ടെന്ന് തുറന്ന് പറയുകയുമില്ല. ഖുർആനിലെ സത്യം സ്വീകരിക്കാതിരിക്കാനുള്ള കാരണമെന്തെന്ന ചോദ്യത്തിൽ നിന്നൊഴിഞ്ഞുമാറാനുള്ള ഒരടവ് മാത്രമാണ് അവരുടെ ആ മറുപടി. മരണം വരെ അവർ സത്യം അംഗീകരിക്കുകയില്ലെന്ന് താൽപര്യം. (4) (മറ്റു പണ്ഡിതൻമാരാരും പറയാത്തതുകൊണ്ട് ഞങ്ങൾക്കിത് സ്വീകാര്യമല്ല.) ആയിരത്തിലേറെ വർഷങ്ങളായി ഖുർആനികസത്യങ്ങൾ പൂഴ്ത്തിവെച്ചുകൊണ്ട് മതക്കച്ചവടം നടത്തിപോന്ന പുരോഹിത വർഗ്ഗം പറഞ്ഞെങ്കിലേ ഞങ്ങളാസത്യം സ്വീകരിക്കൂ എന്ന് പറയുന്നതിലപ്പുറം വിഡ്ഢിത്തം വേറെ വല്ലതുമുണ്ടോ? ഖുർആൻ നിഷേധികളായിരുന്ന 'അഹ്ലുൽകിതാബുകൾ' പറഞ്ഞെങ്കിലേ ഞങ്ങൾക്ക് ഖുർആൻ സ്വീകരിക്കാനാവുകയുള്ളു എന്ന മക്കാമുശ്രിക്കുകളുടെ മൂഢവാദം പോലെത്തന്നെയല്ലേ ഇത്. ഖുർആനികസത്യം പൂഴ്ത്തിവെച്ച ഏതെങ്കിലുമൊരു പുരോഹിതൻ ആ സത്യം സമ്മതിച്ചുതരുമെന്ന് പ്രതീക്ഷിക്കുന്നത് തികഞ്ഞ ബുദ്ധിശൂന്യതയല്ലേ. ആയത്കൊണ്ട് സത്യനിഷേധികളുടെ മേൽവിവരിച്ചതരം അടവുകളും ശൈലികളും കേട്ട് സത്യാന്വേഷികൾ ആശയക്കുഴപ്പത്തിലാവരുതെന്നാണ് ഖുർആനിന്റെ പേരിൽ ഈയുള്ളവനഭ്യർത്ഥിക്കുവാനുള്ളത്.

**പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ**

# ആമുഖം

## നമസ്കാരം, നോമ്പ്, ഹജ്ജ് എന്നിവക്ക് ഖുർആനിലുള്ള സ്ഥാനമെന്ത്?

ഖുർആൻ സുന്നത്തിനെ അടിസ്ഥാനമാക്കിക്കൊണ്ട് ഈയുള്ളവൻ തയ്യാറാക്കുന്ന 9-ാമത്തേതാണീ ഗ്രന്ഥം. ഖുർആൻ സുന്നത്തും സുന്നത്ത്ജമാഅത്തും തമ്മിലുള്ള അന്തരം എത്രകണ്ട് വലുതും ഗുരുതരവുമാണെന്നതിന്റെ ഏറ്റവും മികച്ച ദൃഷ്ടാന്തവുമാണിത്. കാരണം: സുന്നത്ത് ജമാഅത്ത്കാർക്ക് ഇസ്ലാംകാര്യം ആകെ

5 മാത്രമേയുള്ളൂവെങ്കിൽ ഖുർആൻ സുന്നത്ത്കാരായ നമുക്കത് പത്തുണ്ടെന്നാണല്ലോ ഇതിൽ സമർത്ഥിക്കുന്നത്. മാത്രമല്ല, നമസ്കാരം, നോമ്പ്, ഹജ്ജ് എന്നിവയെ ഇസ്ലാംകാര്യങ്ങളിൽ വെച്ചേറ്റവും പ്രാധാന്യമുള്ളതായിട്ടാണ് സുന്നത്ത് ജമാഅത്ത്കാർ കാണുന്നതെങ്കിൽ, അത് മൂന്നിനേയും ഇസ്ലാംകാര്യങ്ങളിൽ വെച്ചേറ്റവും പ്രാധാന്യം കുറഞ്ഞതായിട്ടാണ് ഖുർആൻ സുന്നത്ത്കാർ കാണുന്നത്. എത്രത്തോളമെന്ന് പറഞ്ഞാൽ: സകാത്ത്, ജിഹാദ്, കരാർ പാലനം പോലുള്ള ഇസ്ലാം കാര്യങ്ങളേക്കാൾ 70 ഡിഗ്രി താഴെയാണ് നമസ്കാരവും നോമ്പും ഹജ്ജുമൊക്കെ എന്ന് ഖുർആൻ സുന്നത്തുകാരായ നമ്മൾ വാദിക്കുമ്പോൾ മേൽപറഞ്ഞവയെക്കാളെല്ലാം 70 ഡിഗ്രി മേലെയാണതൊക്കെ എന്നാണ് സുന്നത്ത് ജമാഅത്ത്കാരുടെ വാദം. നമ്മുടെ പ്രമാണം വി:ഖുർആനാണെങ്കിൽ അവരുടെ പ്രമാണം വാറോലഹദീസുകളാണെന്ന വ്യത്യാസമുണ്ട്. പ്രമാണങ്ങൾ തമ്മിൽ അജഗജാന്തരമുള്ളത് പോലെത്തന്നെ സിദ്ധാന്തങ്ങൾ തമ്മിലും ഭീമമായ അന്തരമുണ്ടെന്നത് വ്യക്തമാണല്ലോ. പരോപകാരമില്ലാത്ത കേവലാരാധനകളെ വളരെ പുണ്യം കുറഞ്ഞതായിട്ടേ ഖുർആൻ കാണുന്നുള്ളൂവെന്നും അതിനാൽ അത്തരം ആചാരാനുഷ്ഠാനങ്ങൾ വർദ്ധിപ്പിക്കാൻ ഖുർആനൊരിക്കലും പ്രോത്സാഹനം നൽകുന്നില്ലെന്നും നമ്മൾ വാദിക്കുന്നു. നേരെമറിച്ച് കേവലാരാധനകളാണ് നമ്മളെ അല്ലാഹുവുമായി അടുപ്പിക്കുന്ന മാർഗ്ഗമെന്നും അതിനാൽ അത്തരം ആരാധനകളെത്രകണ്ട് വർദ്ധിപ്പിക്കുന്നുവോ അത്രയും നല്ലതാണെന്നുമാണ് സുന്നത്ത് ജമാഅത്ത്കാരുടെ വാദം. ആ വാദം തീർത്തും ഖുർആൻ വിരുദ്ധമാണെന്നും ആരാധനകൾ വർദ്ധിക്കുന്തോറും അല്ലാഹുവുമായുള്ള അടുപ്പം വർദ്ധിക്കുമെന്ന സിദ്ധാന്തം തികച്ചും അനിസ്ലാമികവും സൂഫീ ചിന്താഗതിയുമാണെന്നാണ് ഖു: 5:77ഉം 57:27ഉം മറ്റും നമ്മെ പഠിപ്പിക്കുന്നതെന്നുമുള്ള യാഥാർത്ഥ്യത്തെപ്പറ്റി നമ്മുടെ സമുദായത്തെ നാം ശരിക്കും ബോധവാൻമാരാക്കേണ്ടതുണ്ട്.

ചുരുക്കത്തിൽ ആരാധനകളുടേയും ആചാരങ്ങളുടെയും കാര്യത്തിൽ നമ്മളും സുന്നത്ത് ജമാഅത്ത്കാരും തമ്മിൽ ധ്രുവങ്ങളുടെ വ്യത്യാസത്തിലാണ് നിലകൊള്ളുന്നത്. ഇസ്ലാംകാര്യം 10 എന്ന ഈ ഗ്രന്ഥത്തിലൂടെ അത് വേണ്ടത്ര വ്യക്തമാവുകയും ചെയ്യും. നമസ്കാരം ഉപേക്ഷിക്കുന്നവരെ വെട്ടിക്കൊല്ലണമെന്ന് വരെ സുന്നത്ത് ജമാഅത്ത്കാർ സിദ്ധാന്തിക്കുമ്പോൾ നമസ്കാരം ഉപേക്ഷിക്കൽ ഒരു വൻകുറ്റം പോലുമല്ലെന്നാണ് വ്യക്തമായ ഖുർആനികതെളിവുകൾ നിരത്തിവെച്ചുകൊണ്ടീ ഗ്രന്ഥത്തിൽ സമർത്ഥിക്കുന്നത്. നമസ്കാരം, നോമ്പ്, ഹജ്ജ് എന്നിവകൊണ്ട്



മഹാപാപങ്ങളെല്ലാം പൊറുക്കപ്പെടുമെന്നും പരലോകമോക്ഷം ഉറപ്പാക്കാമെന്നും സുന്നത്ത് ജമാഅത്ത്കാർ സിദ്ധാന്തിക്കുമ്പോൾ മേൽപറഞ്ഞ മൂന്നാരാധനകളിലൊന്നുകൊണ്ടും ഒറ്റ മഹാപാപവും പൊറുക്കപ്പെടുകയില്ലെന്നും മോക്ഷം കിട്ടുമെന്നുറപ്പാക്കാൻ പാടില്ലെന്നുമാണ് ഖുർആനിന്റടിസ്ഥാനത്തിലുള്ള നമ്മുടെ സിദ്ധാന്തം. അതായത്: ശഹാദത്തിന്ന് ശേഷം സകാത്ത് ജിഹാദ് പോലുള്ള പുണ്യകർമ്മങ്ങൾ ചെയ്താൽ മോക്ഷം കിട്ടുമെന്നുറപ്പിക്കാമെന്നും നമസ്കാരം, നോമ്പ്, ഹജ്ജ് എന്നിവയെല്ലാം ആ പുണ്യകർമ്മങ്ങളിലേക്കുള്ള മാർഗ്ഗങ്ങൾ മാത്രമാണെന്നും ഖുർആൻ ചൂണ്ടിക്കാണിക്കുന്നു. ഇത്തരം യാഥാർത്ഥ്യങ്ങളൊന്നും ഖുർആനിൽ നിന്ന് പഠിച്ചുമനസ്സിലാക്കാത്ത പുരോഹിതവർഗ്ഗമാണ് നമ്മുടെ സമുദായത്തെ വഴിതെറ്റിച്ചതെന്ന് നാം വ്യക്തമായും മനസ്സിലാക്കേണ്ടതുണ്ട്. അവരുടെ അജ്ഞതയും അശ്രദ്ധയും മൂലമാണ് നമസ്കാരം നോമ്പ് ഹജ്ജ് എന്നിവയുടെ ഭ്രാന്ത് തലക്ക് കയറിയ ഒരു വലിയ സമൂഹത്തെ നമ്മുടെ സമുദായത്തിൽ കാണാനിടവന്നതെന്ന് നാം ഉറച്ചുവിശ്വസിക്കുന്നു. അതിന്നെല്ലാം മേലിലെങ്കിലും ഒരറുതിവരുത്തണമെന്ന ആത്മാർത്ഥമായ ആഗ്രഹം കൊണ്ടാണ് ഖുർആനിൽ നിന്ന് തെളിയുന്ന മേൽവിവരിച്ചതരം സത്യങ്ങളെല്ലാം ഇത്തരത്തിൽ നാം വെട്ടിത്തുറന്ന് പറയുന്നത്. അങ്ങിനെ പറയുമ്പോൾ നമസ്കാരവും നോമ്പും ഹജ്ജുമെല്ലാം കുറയുമെന്ന ഭയം ആർക്കെങ്കിലുമുണ്ടെങ്കിൽ ആ ഭയക്കാരോട് നമുക്ക് പറയാനുള്ളത്: അപ്പറഞ്ഞ ആരാധനകളൊന്നും തന്നെ നിങ്ങളുടെയാരുടേയും തറവാട്ട്കാര്യമല്ലെന്നും ഖുർആനികസത്യങ്ങൾ വെളിപ്പെടുത്തുമ്പോൾ ആരാധനകളൊക്കെ കൂടുകയാണോ കുറയുകയാണോ ചെയ്യുക  എന്നെല്ലാം നോക്കേണ്ടത് അല്ലാഹുവാണെന്നും അല്ലാതെ നിങ്ങളെപ്പോലുള്ള അൽപൻമാർക്കതിലൊന്നും ഇടപെടാൻ അധികാരമില്ലെന്നുമാണ്.  നമസ്കാരവും  നോമ്പുമൊക്കെ കുറയുന്നതിൽ വേദനയുള്ള കപടഭക്തന്മാരോട് നാം വീണ്ടും പറയുന്നു: ഖുർആനിലെപത്ത്ഇസ്ലാംകാര്യങ്ങളിൽ നിന്ന് അഞ്ചെണ്ണം കട്ട് പോയിട്ട് വർഷം 1300 കഴിഞ്ഞുവല്ലോ. എന്നിട്ട്നിങ്ങൾക്കാർക്കും ഇന്നേവരെ അതിൽ യാതൊരു മനോവേദനയും അനുഭവപ്പെടാതിരിക്കാൻ കാരണമെന്ത്? അതേപോലെ നിങ്ങൾ സ്ഥിരപ്പെടുത്തിയ ബാക്കി 5 ഇസ്ലാംകാര്യങ്ങളിൽ അതിപ്രധാനമായ സകാത്ത് മുക്കാലരക്കാലും വെട്ടിച്ചുരുക്കിയിട്ടും 1300 വർഷം കഴിഞ്ഞുപോയില്ലേ? എന്നിട്ടെന്തേ നിങ്ങളിൽ ഒരാൾക്കെങ്കിലും ആ വെട്ടിച്ചുരുക്കിയ സകാത്ത് പുനസ്ഥാപിക്കണമെന്ന നല്ലബുദ്ധി തോന്നാതിരിക്കാൻ കാരണം?  ലോകത്തിലെ സകല മതസമുദായങ്ങളും - ജൂതന്മാർ പോലും - പണത്തിന് 10 ശതമാനം സകാത്ത് നൽകണമെന്ന് പറയു

മ്പോൾ അതൊന്നും വേണ്ടതില്ലെന്നും പ്രത്യുത വെറും രണ്ടര ശതമാനം മാത്രം മതി എന്നും അതിന്ന് തന്നെ ആ സംഖ്യ ഒരു വർഷം വരെ വെറുതെയിരിക്കണമെന്നും അഥവാ സീസൺ കച്ചവടക്കാർക്കും ശമ്പളക്കാർക്കും സകാത്ത് ബാധകമല്ലെന്നും അതേപോലെ അടക്ക, നാളികേരം, ചായ, കാപ്പി, റബ്ബർ മുതലായ വൻകിട ഉൽപ്പന്നങ്ങൾക്കൊന്നും തീരെ സകാത്തില്ലെന്നുമൊക്കെ പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട് - ഖുർആനിലെ 81 ആയത്തുകളെ പറ്റെ നിഷേധിച്ചുകൊണ്ട് - 1300 വർഷം വരെ സകാത്ത് പദ്ധതി അപ്പടി തരിപ്പണമാക്കിക്കൊണ്ട് - നമസ്കാരവും നോമ്പും ഹജ്ജും കണക്കിലേറെ (പത്തിരട്ടി വരെ) വർദ്ധിപ്പിച്ചപ്പോൾ നിങ്ങളെപ്പോലുള്ള ഇബ്‌ലീസിന്റെ വേദമോത്ത്കാർക്കെല്ലാം വളരെ സന്തോഷവും ആനന്ദവുമായിരുന്നുവല്ലോ? എങ്കിൽ ആ പത്തിരട്ടിയിൽ നിന്ന് 90 ശതമാനവും തൂത്തെറിയുകയും പകരം സകാത്തിൽ നിന്ന് തൂത്തെറിഞ്ഞ 90 ശതമാനവും പുനസ്ഥാപിക്കുകയും ചെയ്തെങ്കിലല്ലാതെ ഖുർആൻ സുന്നത്ത്കാരായ ഞങ്ങൾക്ക് യാതൊരു സന്തോഷവും ആനന്ദവുമുണ്ടാവുകയില്ലെന്നാണ് സകല നമസ്കാരഭ്രാന്തന്മാരോടും നോമ്പ് ചൂടന്മാരോടും ഹജ്ജ്ധൂർത്തന്മാരോടും നമുക്ക് പറയാനുള്ളത്.

ആകയാൽ നമസ്കാരം നോമ്പ് ഹജ്ജ് എന്നിവയിലെ ഭ്രാന്ത് വർദ്ധിപ്പിക്കാനായി പുരോഹിതവർഗ്ഗം കെട്ടിപ്പൊക്കിയ സകല കോട്ടകളും ഖുർആൻ കൊണ്ടടിച്ചു തകർക്കണമെന്നത് നമ്മുടെ പ്രവർത്തനത്തിന്റെയും ജിഹാദിന്റെയും ഒരു പ്രധാന ലക്ഷ്യമാണെന്ന് കൂടി എല്ലാ ആദർശബന്ധുക്കളേയും അറിയിച്ചുകൊണ്ട് വളരെയേറെ ഖുർആനിക സത്യങ്ങൾ വെളിക്ക് കൊണ്ടുവന്ന ഈ അമൂല്യഗ്രന്ഥവും സമുദായസമക്ഷം സമർപ്പിക്കുന്നു.

**സകല സ്തുതിയും അല്ലാഹുവിന്ന്**



# വിഷയവിവരം


1. ഖുർആനിൽ ഇസ്ലാംകാര്യം അഞ്ചല്ല; പത്താണ് — 11
2. “ഇസ്ലാംകാര്യങ്ങൾ” എന്നാലെന്ത്? — 11
3. ഖുർആനിൽ ഇസ്ലാംകാര്യം പത്ത് — 12
4. ഖുർആൻ ഫർളാക്കിയ ഒന്നാമത്തെ ഇസ്ലാം കാര്യം അക്ഷരാഭ്യാസം — 13
5. ഖുർആനിലെ ആദ്യകൽപന നബിപോലും സ്വീകരിച്ചില്ല പോൽ! പുരോഹിതവർഗ്ഗത്തിന്റെ കുഫ്റ്വാദം — 17
6. നബിക്കക്ഷരജ്ഞാനമുണ്ടെന്ന് വി:ഖുർആൻ — 18
7. നബിയെ നിരക്ഷരകുക്ഷിയാക്കാൻ വേണ്ടി ഖുർആനിൽ കൃത്രിമത്തിന്ന് ശ്രമം! — 19
8. നബിക്ക് അക്ഷരാഭ്യാസമറിയാമെന്നതിന്ന് സുന്നത്തിലും വ്യക്തമായ തെളിവുണ്ട് — 20
9. നബിയെ നിരക്ഷകുക്ഷിയാക്കിയത് ഖുർആനിന്നടിത്തറയില്ലെന്നാക്കാൻവേണ്ടി — 23
10. നബി ‘ഉമ്മിയ്യാ’ണെന്നതിന്റെ അർത്ഥമെന്ത്? — 24
11. നബിയുടെ അക്ഷരാഭ്യാസം നിഷേധിക്കാൻ ജൂതഏജന്റുമാർ ചെയ്ത പണികളെന്തെല്ലാം? — 27
12. അക്ഷരാഭ്യാസത്തിന്റെ രണ്ടായത്തും ബുഖാരി പൂഴ്ത്തിവെച്ചു! — 28

13. ബുഖാരിയിലെ ആദ്യഹദീസിനെപ്പറ്റി സി.എൻ.മൗലവി എന്തുപറഞ്ഞു? 32

14. വിദ്യാഭ്യാസത്തിലെ പിന്നോക്കാവസ്ഥക്ക് പ്രധാനകാരണം അശാസ്ത്രീയമായ മദ്രസാപഠനം 37

15. ശഹാദത്ത് 37

16. നമസ്കാരം 39

17. സകാത്ത് 40

18. കരാർപാലനം 41

19. ജിഹാദ് 44

20. സമ്പത്ത്കൊണ്ടുള്ള ജിഹാദാണ് പ്രധാനം 46

21. "ഖിസ്വാസ്" (പ്രതികൊലനടത്തൽ) 47

22. വസിയ്യത്ത് 48

23. നോമ്പ് 50

24. ഹജ്ജ് 52

25. പത്ത് ഇസ്ലാംകാര്യങ്ങൾ ഖുർആൻ തുടർച്ചയായി വിവരിച്ചതെവിടെ 52

26. മഹാൽഭുതം തന്നെ 56

27. പത്ത് ഇസ്ലാംകാര്യം നബി പഠിപ്പിച്ചപ്പോൾ നബിക്ക് 20 ഉപ്പാപ്പയുണ്ടെന്ന് പഠിച്ചു. 57

28. പത്ത് ഇസ്ലാംകാര്യത്തിന്ന് പകരം വേറെ ചില പത്തുകളും പഠിച്ചു. 58

29. പത്ത് ഇസ്ലാംകാര്യത്തെപറ്റി ശ്രദ്ധേയമായൊ രഭിമുഖസംഭാഷണം 60

30. സുന്നത്ത് ജമാഅത്ത്കാർ ഖുർആനോടു കാണിച്ച ആഴമേറിയ ധിക്കാരം! 63

31. 10 ഇസ്ലാംകാര്യം പിന്നെ അഞ്ചാക്കിയതെങ്ങിനെ 65

32. അബൂഹുറയ്റ ജിബ്രീലിന്റെ മേൽ കള്ളം പറയുന്നു! 66

33. അബൂഹുറയ്റ തനി ജൂതമുനാഫിഖാണെന്നതിന്റെ ഏറ്റവും മികച്ച രണ്ട് തെളിവുകൾ 67

34. അറബി ഭാഷ പോലും പഠിക്കാത്തവരാണ് 'ഇസ്ലാംകാര്യം അഞ്ചി'ന്റെ ഹദീസുണ്ടാക്കിയത് 68

35. നമസ്കാരം, നോമ്പ്, ഹജ്ജ് എന്നിവ ഉപേക്ഷിക്കൽ മഹാപാപമാണെന്നതിന്ന് ഖുർആനിൽ യാതൊരു തെളിവുമില്ല. 71

36. ഒരു പ്രധാനസംശയം 73

37. നമസ്കാരത്തെപ്പറ്റി ആവർത്തിച്ചു കൽപ്പിച്ചതുകൊണ്ട് മാത്രം അതൊരു മഹാപുണ്യകർമ്മമാവുകയില്ല. 77

38. പ്രധാനപ്പെട്ട 5 ഇസ്ലാംകാര്യം കട്ട അബൂഹുറയ്റ "സുപ്രധാനമായ മറ്റഞ്ച് മതകാര്യം" പകരം വെച്ചു! 80

39. പുരോഹിതൻമാർ കൊഞ്ഞനം കാണിക്കുന്നു! ഇസ്ലാംകാര്യം 5ഉം 10ഉം അല്ലത്രെ! 83

40. ഖുർആനിലെ ഒരമാനുഷികത 86

41. 'ചന്ദ്രിക'ക്കും 'മാധ്യമ'ത്തിന്നും അക്ഷരാഭ്യാസം ഇസ്ലാംകാര്യമല്ല. 87

# ഖുർആനിൽ ഇസ്‌ലാംകാര്യം അഞ്ചല്ല; പത്താണ്.

ഖുർആൻ വിവരിച്ചുതരുന്ന ആദർശസിദ്ധാന്തങ്ങളും കർമ്മപദ്ധതികളും വിധിവില ക്കുകളും അടങ്ങുന്ന നിയമവ്യവസ്ഥിതിക്കാണല്ലോ ഖുർആന്റെ ഭാഷയിൽ ഇസ്ലാം എന്ന് പറയുന്നത്. എന്നാൽ ഖുർആൻ വിവരിക്കുന്നത് മാത്രം പോര! എന്നും അബു ഹുറയ്റയെപ്പോലുള്ളവർ പ്രചരിപ്പിച്ചതും ബുഖാരിമുസ്ലിമിനെപ്പോലുള്ളവർ രേഖ പ്പെടുത്തിവെച്ചതുമായ ഹദീസുകളിൽ വിവരിക്കുന്ന കാര്യങ്ങൾകൂടി ഇസ്ലാമിൽ ഉൾപ്പെടുത്തണമെന്നുമാണ് പുരോഹിതവർഗ്ഗത്തിന്റെ ഏകകണ്ഠമായ വാദം. "പ്രമാ ണയോഗ്യമായ ഹദീസേത് " എന്ന എന്റെ ഗ്രന്ഥത്തിലൂടെ ആ വാദത്തെ ഖുർആൻ കൊണ്ടടിച്ചുതകർക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെന്നതിനാൽ ഖുർആൻ വിശ്വാസികളായ നമ്മളെ സംബന്ധിച്ചിടത്തോളം ഖുർആനിലുള്ള കാര്യങ്ങൾ മാത്രമേ ഇസ്ലാമിന്റേതായി ഗണി ക്കാൻ പാടുള്ളുവെന്നത് സ്ഥിരപ്പെട്ട കാര്യമാണ്. അതനുസരിച്ച് ഇസ്ലാമിലെ അടിസ്ഥാന കാര്യങ്ങളിലും ശാഖാപരമായ പ്രശ്നങ്ങളിലും നമുക്കും മതപുരോഹിതന്മാർക്കുമിടയിൽ ധാരാളം അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുത്തിട്ടുണ്ട്. ഹദീസ് പറ്റെ ഒഴിവാക്കിയാൽ ഇസ്ലാം കാര്യങ്ങളിൽ കുറെയൊക്കെ ഒഴിവാകാൻ സാധ്യതയുണ്ടെന്നാണല്ലോ സ്വാഭാവികമായും നാം ധരിക്കുക. എന്നാൽ ആ ധാരണ തികച്ചും തെറ്റാണ്. കാരണം: പലപ്പോഴും സംഭവി ക്കുന്നത് നേരെ മറിച്ചായതുകൊണ്ടുതന്നെ. അതിന്റെ വ്യക്തമായ ദൃഷ്ടാന്തമാണ് ഖുർ ആനിൽ ഇസ്ലാംകാര്യം അഞ്ചല്ലെന്നതും അത് പത്തുണ്ടെന്നുമുള്ള നമ്മുടെ ഏറ്റവും അടി സ്ഥാനപരമായ വാദം.

## ഇസ്‌ലാംകാര്യങ്ങൾ എന്നാലെന്ത്?

മുസ്ലീംകളെല്ലാം 'ഇസ്‌ലാംകാര്യങ്ങളെ' ന്ന് പറയുന്നത്: ഇസ്ലാമിലെ ഏറ്റവും മുന്തിയ പുണ്യകർമ്മങ്ങളായ - ഇസ്ലാമിന്റെ സ്തംഭങ്ങളെന്ന് പറയാവുന്ന - പ്രധാന കർമ്മപദ്ധതി കളെപ്പറ്റിയാണെന്നതിൽ സംശയമില്ലല്ലോ. അങ്ങിനെയുള്ള ഇസ്ലാംകാര്യങ്ങൾ എത്രയു ണ്ടെന്നും അതേതൊക്കെയാണെന്നുമാണ് ഓരോ മുസ്ലിമും ആദ്യമായി പഠിച്ചറിയേണ്ടത്. എന്നാൽ നമ്മുടെ സമുദായം പരമ്പരാഗതമായി പഠിച്ചുപോന്നത് ഇസ്ലാംകാര്യം അഞ്ചാ ണെന്നാണല്ലോ. അപ്പറയുന്നതിന്ന് ഖുർആനിലോ - ഹദീസിലെങ്കിലുമോ - വല്ല അടി



സ്ഥാനവുമുണ്ടോ എന്നാണീ ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിക്കാൻ പോകുന്നത്. മാത്ര മല്ല, ഇസ്ലാംകാര്യം അഞ്ചാണെന്നവാദം ഖുർആനിന്ന് കടകവിരുദ്ധമാണെന്നും ഖുർആ നിന്റെ വിവരണപ്രകാരം ഇസ്ലാംകാര്യം പത്താണെന്നല്ലാതെ, അത് അഞ്ചേയുള്ളൂവെന്ന് ഒറ്റ മുസ്ലിമിന്നും പറയാൻ പാടില്ലാത്തതാണെന്നുമാണ് ഇതിൽ ശക്തിയായി സ്ഥാപിക്കു ന്നത്. എന്നാൽ പിന്നെ "ഇസ്ലാംകാര്യം അഞ്ച്" എന്ന ഒരു പാഠം സമുദായത്തിൽ എങ്ങിനെ പ്രചരിച്ചു എന്നും ആരാണത് പ്രചരിപ്പിച്ചതെന്നുമൊക്കെ നമുക്കറിയേണ്ടതില്ലേ? അത് ശേഷം വിവരിക്കുന്നുണ്ട്. അതിന്ന് മുമ്പ് ഖുർആനിൽ ഇസ്ലാംകാര്യം പത്താണെന്ന സിദ്ധാ ന്തമാണാദ്യം വിവരിക്കുന്നത്. അത് ശ്രദ്ധാപൂർവ്വം വായിക്കുക.

## ഖുർആനിൽ ഇസ്‌ലാംകാര്യം 10

ആദ്യമായി ഹെഡ്ഡിംഗിൽ പറഞ്ഞതിന്റെ വിവക്ഷ എന്തെന്ന് വ്യക്തമാക്കാം. "ഖുർ ആനിൽ ഇസ്ലാംകാര്യം 10" എന്ന് പറഞ്ഞാൽ അപ്പറഞ്ഞ വാചകം ഖുർആനിലു ണ്ടെന്നല്ല അർത്ഥം, പിന്നെയോ: ഇസ്ലാമിലെ പ്രധാന പുണ്യകർമ്മങ്ങളായും മഹ ത്തായ കർമ്മപദ്ധതികളായും ഖുർആൻ വഴിക്കുവഴി വിവരിച്ചതനുസരിച്ച് ഖുർആ നിൽ പത്ത് ഇസ്ലാംകാര്യങ്ങളുണ്ടെന്നല്ലാതെ, ഖുർആൻ പഠിച്ച ഒറ്റ പണ്ഡിതനും അതഞ്ചേയുള്ളൂവെന്ന് പറയാൻ പാടില്ലെന്നാണിതിന്റെ വിവക്ഷ. അതെന്തുകൊ ണ്ടെന്നാൽ: ഇസ്ലാംകാര്യം അഞ്ച് എന്ന് നമ്മളെല്ലാം പറയാറുള്ളത്: ശഹാദത്ത്, നമ സ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നിവയെപ്പറ്റിയാണല്ലോ. വാസ്തവത്തിൽ മേൽപ്പ റഞ്ഞ അഞ്ചെണ്ണത്തെ സംബന്ധിച്ച് തുടർച്ചയായോ വഴിക്ക് വഴിയായോ ഖുർആ നിൽ ഒറ്റ സ്ഥലത്തും പറഞ്ഞിട്ടില്ല. എന്നാൽ ഖുർആനിൽ പലസ്ഥലത്തായി പുണ്യ കർമ്മങ്ങളെപ്പറ്റി പ്രതിപാദിച്ചതിൽ നിന്ന് മേൽപ്പറഞ്ഞക്രമത്തിൽ അഞ്ചെണ്ണം ഉരു ത്തിരിച്ചെടുക്കാൻ കഴിയുമോ? അതുമില്ല. എന്നുപറഞ്ഞാൽ നമ്മളിന്നുവരെ പഠി ച്ചുപോന്ന "ഇസ്ലാംകാര്യം അഞ്ച് " എന്നപാഠം ശരിയാണെന്ന് സ്ഥാപിക്കാൻ പറ്റിയ എന്തെങ്കിലുമൊരു വിവരണമോ, വ്യാഖ്യാനമോ വിശദീകരണമോ, ഖുർആനിൽ നിന്ന് കണ്ടുപിടിക്കാൻ ലോകത്തൊരു ഖുർആൻ പണ്ഡിതനും സാധ്യമല്ല. കാരണമെ ന്തെന്നല്ലേ: ഖുർആൻ രണ്ടാം അദ്ധ്യായത്തിൽ 10 ഇസ്ലാംകാര്യം വഴിക്ക്വഴിയായി വ്യക്തമാക്കിപ്പറഞ്ഞതുകൊണ്ടും അതഞ്ചേയുള്ളുവെന്നതിന്നൊരു സൂചനപോലും ഖുർആനിലൊരിടത്തും ഇല്ലാത്തതുകൊണ്ടുംതന്നെ.

# ഖുർആൻ ഫർളാക്കിയ ഒന്നാമത്തെ ഇസ്‌ലാംകാര്യം അക്ഷരാഭ്യാസം

ഒന്നാമത്തെ ഇസ്ലാംകാര്യം ശഹാദത്താണെന്നാണല്ലോ ലോകപുരോഹിതന്മാരെല്ലാം മുസ്ലിംസമുദായത്തെ ഇന്നേവരെ പഠിപ്പിച്ചിരിക്കുന്നത്. അത് പുരോഹിതന്മാർ തന്നെ ഏകകണ്ഠമായി സമ്മതിച്ച ഖുർആനിക സത്യത്തിന്ന് കടകവിരുദ്ധമായ ഒരു പാഠമാണെന്നാണ് താഴെ വിവരിക്കുന്നത്. അതെങ്ങിനെ എന്നാൽ: ഖുർആനിൽ ആദ്യമായവതരിച്ചത് 96-ാം അദ്ധ്യായത്തിലെ ആദ്യത്തെ അഞ്ച് സൂക്തങ്ങളാണെന്നാണ് ലോകപുരോഹിതന്മാരുടെയെല്ലാം വാദം. ലോകത്തിലെ ഏറ്റവും കടുത്ത നിരക്ഷരകുക്ഷികളായ ഒരു സമൂഹത്തിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻ അവരോടാദ്യമായി കൽപിക്കേണ്ട ഏകവിഷയം അക്ഷരാഭ്യാസത്തെ പറ്റിയാണെന്നതിനാൽ ആർക്കും തർക്കിക്കാനവകാശവുമില്ല. അക്ഷരജ്ഞാനം ഒട്ടുമില്ലാത്ത സമൂഹത്തോട് ആദർശപ്രസംഗം നടത്തിയത്കൊണ്ട് വലിയ പ്രയോജനമൊന്നുമില്ലല്ലോ. അതിനാൽ മേൽപറഞ്ഞവാദം - അക്ഷരാഭ്യാസത്തെ പറ്റിയാണ് ഖുർആനിലെ ആദ്യത്തെ കൽപന എന്നവാദം - നാം പരിപൂർണ്ണമായും അംഗീകരിക്കുന്നു. അതിനെ അനുകൂലിക്കുന്നതല്ലാതെ, എതിർക്കാൻ പറ്റിയ ഒറ്റ തെളിവും നമുക്ക് ലഭിക്കാത്തതുകൊണ്ടുതന്നെ. അപ്പോൾ 96-ാം അദ്ധ്യായത്തിലെ അഞ്ച് സൂക്തങ്ങളാണ് ഖുർആനിൽനിന്നാദ്യം അവതരിച്ചതെന്ന് സകലരും സമ്മതിച്ചു കഴിഞ്ഞാൽ പിന്നെ, പ്രസ്തുത അഞ്ചായത്തുകളിലൂടെ അല്ലാഹു പഠിപ്പിച്ച വിഷയമേതാണെങ്കിൽ അതാണ് ഒന്നാമത്തെ ഇസ്ലാംകാര്യമെന്നതിൽ സംശയമില്ല. അതിനാൽ പ്രസ്തുത പഞ്ചസൂക്തങ്ങളിലൂടെ ഖുർആൻ കൽപിച്ചതെന്താണെന്ന് നാം പരിശോധിക്കുക. അതിന്നാദ്യമായി ആ സൂക്തങ്ങളും അവയുടെ അർത്ഥവും താഴെ ഉദ്ധരിക്കാം.

"ഇഖ്റഅ് - ബിസ്മി - റബ്ബിക്കല്ലദീ - ഖലക്ക്. ഖലക്കൽ - ഇൻസാന - മിൻഅലക്ക്. ഇഖ്റഅ് - വറബ്ബുക്കൽ അക്റം. അല്ലദീ - അല്ലമ - ബിൽഖലം. അല്ലമൽഇൻസാന - മാലംയഅ്ലം." അർത്ഥം: "നീ വായിക്കുക. സൃഷ്ടാവായ നിന്റെ നാഥന്റെ നാമത്തിൽ. രക്തപിണ്ഡത്തിൽ നിന്നും മനുഷ്യനെ സൃഷ്ടിച്ച നാഥനാണവൻ." (വീണ്ടും അല്ലാഹു ആവർത്തിക്കുന്നു.) "നീ വായിക്കണം. (അഥവാ വായിക്കാൻ പഠിക്കണം) പേനകൊണ്ടെഴുതാൻ പഠിപ്പിച്ച നിന്റെ നാഥൻ അത്യുദാരമതിയാകുന്നു. (കാരണം: പേനാഭ്യാസത്തിലൂടെ) മനുഷ്യനറിയാത്ത പലതും അവൻ പഠിപ്പിച്ചിരിക്കുന്നു." (ഖ: 96: 1 -5)



ശ്രദ്ധിക്കുക! മേൽ സൂക്തങ്ങളിലൂടെ അല്ലാഹു ചെയ്തതെന്താണ്? വായിക്കണം എന്ന കൽപന ആവർത്തിക്കുകയല്ലേ ചെയ്തിരിക്കുന്നത്. മാത്രമോ? ഖുർആനിലെ ഏറ്റവും ആദ്യത്തെ കൽപനയല്ലേ അത്. അപ്പോൾ ഖുർആനിലൂടെ ഇനി കൽപിക്കാൻ പോകുന്ന സകലതിനേക്കാളും പ്രാധാന്യവും മുൻഗണനയും ഈ പ്രഥമകൽപനക്കുണ്ടെന്നല്ലേ അതിൽനിന്ന് തെളിയുക. വായനാഭ്യാസം പരമപ്രധാനമാണെന്ന് ചൂണ്ടിക്കാണിക്കുന്ന മറ്റ് രണ്ട് വസ്തുതകൾ കൂടി മേൽസൂക്തങ്ങളിലടങ്ങിയിട്ടുണ്ട്. അതും ശ്രദ്ധിക്കുക!

1. ഒരേ സന്ദർഭത്തിൽ ഒരേ വിധിവാക്യം ഒരേ സ്വരത്തിൽ രണ്ട് തവണ ആവർത്തിച്ചുകൊണ്ടു നിർബ്ബന്ധമാക്കിയ ഒറ്റ ഇസ്ലാംകാര്യവും ഖുർആനിൽ വേറെയില്ല. നമസ്കാരത്തെപ്പറ്റിപോലും അങ്ങിനെ പറഞ്ഞിട്ടില്ല. പലപ്പോഴായി അതാവർത്തിച്ചിട്ടുണ്ടെന്ന് മാത്രം. എന്നാൽ അക്ഷരാഭ്യാസത്തെപ്പറ്റി ഒരിക്കൽ മാത്രമേ ആവർത്തിച്ചുള്ളൂവെന്നതിനാൽ അതിനെ ഒരിസ്ലാംകാര്യമായി കണക്കാക്കിക്കൂടെന്നും നമസ്കാരത്തെപ്പോലെ അഞ്ചോ പത്തോ തവണ ആവർത്തിച്ചുകൽപിച്ചെങ്കിലേ ഇസ്ലാംകാര്യത്തിൽ എണ്ണാൻ പാടുള്ളൂവെന്നുമാണ് വാദമെങ്കിൽ നോമ്പിനെയും ഹജ്ജിനെയും ഇസ്ലാംകാര്യങ്ങളിൽ പെടുത്താൻ കാരണമെന്തെന്നാണ് നമ്മുടെ ചോദ്യം. എന്ത്കൊണ്ടെന്നാൽ നോമ്പിനെയും ഹജ്ജിനെയും പറ്റിയുള്ള കൽപന ഖുർആനിലാകെ രണ്ട് തവണ വീതമേയുള്ളൂ. അതാണെങ്കിലോ: ഒരേ അവസരത്തിലോ ഒരേ സ്വരത്തിലോ ഉള്ള വിധിവാക്യത്തിലൂടെയല്ലാതാനും. എന്ന് മാത്രമല്ല, സമൂഹത്തിലെ ഭൂരിപക്ഷത്തെയും ഒഴിവാക്കിക്കൊണ്ടാണത് രണ്ടും നിർബ്ബന്ധമാക്കിയിട്ടുള്ളതും. അതിനെല്ലാം പുറമെ, ഇസ്ലാമിന്റെ ആദ്യഘട്ടത്തിലോ മധ്യഘട്ടത്തിലോ ആ കൽപനകളൊന്നും അവതരിച്ചിട്ടുമില്ല. അവസാനഘട്ടത്തിൽ മാത്രമാണത്സംബന്ധമായ ആ രണ്ടു കൽപനകളും അല്ലാഹു അവതരിപ്പിച്ചത്.

ചുരുക്കത്തിൽ നോമ്പിനെക്കാളും ഹജ്ജിനെക്കാളുമൊക്കെ വളരെയേറെ പ്രാധാന്യം അക്ഷരാഭ്യാസത്തിന്നുണ്ടെന്നാണ് മേൽവസ്തുതകളൊക്കെ തെളിയിക്കുന്നത്.

ഇനിയും ശ്രദ്ധിക്കുക! "പേനകൊണ്ടെഴുതാൻ പഠിപ്പിച്ച നാഥൻ അത്യുദാരമതി"യെന്നാണ് ഖുർആൻ പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നു. അപ്പോൾ അക്ഷരാഭ്യാസം ഏറ്റവും മഹത്തായ ഒരനുഗ്രഹമാണെന്നാണതും തെളിയിക്കുന്നത്. കാരണം: നമസ്കാരവും മറ്റും പഠിപ്പിച്ചതും അല്ലാഹുവാണെന്ന് ഖുർആൻ എടുത്തുപറഞ്ഞിട്ടും അവിടെയൊന്നും തന്നെ, 'അൽ-അക്റം' (അത്യുദാരമതി) എന്ന വിശേഷണം ഖുർആൻ പ്രയോഗിച്ചതേയില്ല. അപ്പോൾ അക്ഷരജ്ഞാനത്തേക്കാൾ വലിയ മഹത്വമുള്ള ഒരു കാര്യവും ഖുർആനിന്റെ ദൃഷ്ടിയിലില്ലെന്നല്ലേ അതും തെളിയിക്കുന്നത്.

ഇനിയും കാണുക. എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടങ്ങളായ 30ൽപരം മഹാനുഗ്രഹങ്ങൾ സൂറത്തുർ റഹ്മാനിൽ അല്ലാഹു എണ്ണിപ്പറഞ്ഞപ്പോൾ അവിടെയും ഏറ്റവുമാദ്യത്തെ മഹാനുഗ്രഹമായി അല്ലാഹു എണ്ണിയത് വായനാഭ്യാസത്തെയാണ്. വാസ്തവത്തിൽ വായനാഭ്യാസത്തേക്കാൾ ഏറ്റവുമാദ്യം മനുഷ്യന്ന് അല്ലാഹു നൽകിയ മഹത്തായ അനുഗ്രഹം സംസാരശേഷി നൽകിയതാണെന്നിരിക്കെ, ആ അനുഗ്രഹത്തെ മേൽ അദ്ധ്യായത്തിൽ എടുത്തുപറയുകയും ചെയ്തിരിക്കെ, വായനാഭ്യാസത്തെ അതിനേക്കാളും മറ്റെല്ലാറ്റിനേക്കാളും അല്ലാഹു മുന്തിച്ചു പറഞ്ഞത് അതേറ്റവും മുന്തിയതാണെന്നുണർത്താൻ വേണ്ടിത്തന്നെയാണ്. ഈ വക യാഥാർത്ഥ്യങ്ങളൊന്നും ആരുടെയും ശ്രദ്ധയിൽ പെടരുതെന്ന ദുഷ്ടബുദ്ധികൊണ്ടാണ് 'സൂറാറഹ്മാനി'ൽ പറഞ്ഞത് വായനാഭ്യാസത്തെ പ്പറ്റിപ്പറഞ്ഞതല്ലെന്നും, അത് ഖുർആൻ പഠനത്തെസ്സംബന്ധിച്ചുമാത്രം പറഞ്ഞതാണെന്നും ലോകപുരോഹിതന്മാർ വ്യാഖ്യാനിക്കാൻ കാരണം. അതായത്: ഖുർആൻ പഠനം ഏറ്റവും മുന്തിയ പുണ്യകർമ്മമാണെന്നല്ലാതെ, വായനാഭ്യാസം ശീലിക്കുന്നതൊരു പുണ്യകർമ്മമാണെന്ന് മുസ്ലീംകളെ ഒരു കാലത്തും വിശ്വസിപ്പിച്ചുകൂടെന്നായിരുന്നു പുരോഹിതവർഗ്ഗത്തന്റെ ഏകകണ്ഠമായ ശാഠ്യം. കാരണമെന്തെന്നല്ലേ: വായനപഠിക്കൽ ഒന്നാമത്തെ ഇസ്ലാം കാര്യമാണെന്നും അത് ഏറ്റവും മഹത്തായൊരു പുണ്യകർമ്മമാണെന്നുമൊക്കെ ഖുർആനിലൂടെ വിശ്വസിപ്പിച്ചു കഴിഞ്ഞാൽ പിന്നെ, പുരോഹിതവർഗ്ഗത്തിന്റെ ഖുർആൻ വിരുദ്ധാചാരങ്ങളും ജാഹിലീനിയമങ്ങളും "കഴുതമസാലകളു"മൊന്നും സമുദായത്തിൽ ചിലവാകുകയില്ലെന്നകാര്യം തീർച്ചയാണല്ലോ. നേരെമറിച്ച് ഖുർആൻ പഠിക്കലൊരു പുണ്യകർമ്മമാണെന്ന് പറഞ്ഞത്കൊണ്ട് പുരോഹിതന്മാർക്ക് യാതൊരു വിഷമവുമില്ല. എന്നല്ല, അവരുടെ മഹത്വം അത് മൂലം വർദ്ധിക്കുകയാണ് ചെയ്യുക. അതെങ്ങിനെ എന്നല്ലേ: സാധാരണക്കാർക്ക് ഖുർആൻ പഠിക്കാൻ പാടില്ലെന്നും അവർക്കതൊന്നും പരിഭാഷ ചെയ്തുകൊടുക്കരുതെന്നും പുരോഹിതവർഗ്ഗം നേരത്തെ ഇജ്മാ ആയതാണല്ലോ. 1300 വർഷം വരെ ആ ഇജ്മാഅ് അവർ നിലനിർത്തുകയും ചെയ്തു. അപ്പോൾ ഖുർആൻ പഠനം ഒരു വലിയ പുണ്യകർമ്മമാണെന്ന് പറഞ്ഞാൽ "അറബിക്കിത്താബോതി, ഖുർആൻ തഫ്സീർ വായിച്ചവരെല്ലാം" പുണ്യവാൻമാരാണെന്നും അതൊന്നും വായിക്കാനറിയാത്ത സാധാരണക്കാരെല്ലാം നിഷ്കൃഠരാണെന്നുമാണല്ലോ വന്ന് ചേരുക. അവരുടെ പൗരോഹിത്യം നിലനിർത്താൻ ആ ധാരണകളെല്ലാം വളരെ ആവശ്യവുമാണ്. ഇതുകൊണ്ടൊക്കെയാണ് അക്ഷരാഭ്യാസത്തെപറ്റി ഖുർആൻ പറഞ്ഞതൊന്നും നമ്മുടെ സമുദായത്തെ അവർ പഠിപ്പിക്കാതിരിക്കാൻ കാരണമായത്. ഖു: 55:1 ൽ - സൂറത്തുർറഹ്മാനിൽ - പറഞ്ഞ "അൽകുർആൻ" കൊണ്ടുള്ള വിവക്ഷ: വായനാഭ്യാമെന്നല്ലാതെ, ഖുർആൻ എന്ന ദിവ്യഗ്രന്ഥമെന്നാക്കാനവിടെ പാടില്ലെന്നതിന്ന് ആ അദ്ധ്യായത്തിലെ വിവരണം മുഴുവൻ തെളിവാണ്. അതെങ്ങിനെ എന്നാൽ: ആ അദ്ധ്യായത്തിൽ വിവരിച്ച സകല അനുഗ്രഹ



ങ്ങളും സകല സമുദായങ്ങൾക്കും ബാധകമായവ മാത്രമാണ്. എന്നിരിക്കുമ്പോൾ അവയിലാദ്യമായി വിവരിച്ച ഒരു കാര്യം മറ്റുള്ളവയെപ്പോലെ എല്ലാവർക്കും പൊതുവെ ബാധകമായതായി കണക്കാക്കാൻ തികച്ചും പറ്റിയ സ്ഥിതിക്ക്, അന്നിലയിൽ വ്യാഖ്യാനിക്കാതെ, വെറും ഒരു സമുദായത്തിലെ ഒരു ചെറിയ സമൂഹത്തെ മാത്രം ബാധിക്കുന്ന തരത്തിൽ അതിനെ പരിമിതമാക്കുന്നത് ഖുർആനിന്റെ സാഹിത്യനിയമങ്ങൾക്കൊരിക്കലും നിരക്കാത്ത തെറ്റായ വ്യാഖ്യാനമാണെന്നതിൽ സംശയമില്ല. ഖുർആൻ പഠിക്കൽ വലിയ മഹത്വമുള്ള കാര്യമാണെന്ന് സ്ഥാപിക്കാൻ വേണ്ടി അക്ഷരജ്ഞാനത്തെപ്പറ്റി പറഞ്ഞ ആയത്ത് ദുർവ്യാഖ്യാനം ചെയ്യേണ്ട ആവശ്യമൊന്നുമില്ല. അതല്ലാതെത്തന്നെ ഖുർആൻ പഠനത്തിന്റെ മഹത്വം ചൂണ്ടിക്കാണിച്ച ധാരാളം ആയത്തുകൾ ഖുർആനിലുണ്ട്. എന്നിരിക്കെ, അക്ഷരജ്ഞാനത്തെപ്പറ്റി പറഞ്ഞതുംകൂടി "ഖുർആൻഓത്തി"ലേക്ക് തിരിച്ചുവിടുന്നത് ഖുർആനോടുള്ള ബഹുമാനം കൊണ്ടാണെന്നാരും തെറ്റിദ്ധരിച്ചുപോകരുത്. നേരെമറിച്ച് ഖുർആനിന്റെ ആ മഹത്തായ ആശയം പൂഴ്ത്തിവെക്കാൻ വേണ്ടിയും അക്ഷരജ്ഞാനത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഖുർആൻ ചൂണ്ടിക്കാണിച്ചതൊന്നും മുസ്ലിംകൾ ഒരു കാലത്തും അറിഞ്ഞുപോവരുതെന്ന ദുഷ്ടബുദ്ധികൊണ്ടും മാത്രമാണ്. അതിന്റെ ഫലം നമ്മുടെ സമുദായം ഇക്കാലംവരെ അനുഭവിക്കുകയും ചെയ്തുവല്ലോ.

ഇനിയും അക്ഷരജ്ഞാനത്തെപ്പറ്റി വാനോളം പൊക്കിക്കൊണ്ട് ഖുർആൻ വീണ്ടും പറയുന്നത് കാണുക. "പേനകൊണ്ടു ഞാൻ സത്യം ചെയ്യുന്നു" എന്നാണ് ഖു: 68:1ൽ അല്ലാഹു പറഞ്ഞത്, അതായത്: പ്രപഞ്ചത്തിൽ വമ്പിച്ച പുരോഗതികളും പരിവർത്തനങ്ങളുമുണ്ടാക്കുന്ന സൂര്യചന്ദ്രനക്ഷത്രാദികളെക്കൊണ്ടും പരിവർത്തനങ്ങളുടെ സാക്ഷാൽ ഉൽപത്തിയായ കാലംകൊണ്ടുമൊക്കെ സത്യം ചെയ്യുന്ന കൂട്ടത്തിൽ, അക്കാലത്ത് അരപ്പൈസപോലും വിലയില്ലാത്ത പേന കൊണ്ടും സത്യം ചെയ്യുകയാണല്ലോ അല്ലാഹു ചെയ്തത്. ആയിരക്കണക്കിൽ തൊഴിലുപകരണങ്ങൾ ലോകത്തുണ്ടെന്നിരിക്കെ, അവയിലെത്രയോ വിലപിടിപ്പുള്ള പല വസ്തുക്കളുമുണ്ടായിട്ടും അവയിലൊന്നുകൊണ്ടും അല്ലാഹു സത്യം ചെയ്യുകയുണ്ടായില്ല. അപ്പോൾ മനുഷ്യസമൂഹത്തിന്റെ പുരോഗതിയിലും പരിവർത്തനത്തിലും അക്ഷരാഭ്യാസത്തിനുള്ളത്ര പ്രാധാന്യം മറ്റൊരഭ്യാസത്തിന്നുമില്ലെന്നല്ലേ അതും ചൂണ്ടിക്കാണിക്കുന്നത്. പക്ഷേ അബൂഹുറയ്റാ താവഴിക്കാരായ സുന്നത്ത് ജമാഅത്ത്കാരിലെ ഒറ്റ പുരോഹിതനും ഖുർആൻ ചൂണ്ടിക്കാണിച്ച ആ മഹത്വങ്ങളോ പ്രാധാന്യങ്ങളോ അക്ഷരാഭ്യാസം വേണമെന്ന ഖുർആനിന്റെ ഏറ്റവും ആദ്യത്തെ ആവർത്തിച്ചുള്ള കൽപനയോ യാതൊന്നും സമുദായത്തിന്റെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായില്ല. അക്ഷരാഭ്യാസം ഏറ്റവും പ്രധാനപ്പെട്ട ഇസ്ലാംകാര്യമായി ഖുർആൻ വേണ്ടത്ര ബോധ്യപ്പെടുത്തിത്തന്നിട്ടും ഒറ്റ പുരോഹിതനും അതിനെ ഒരു ചെറിയ ഇസ്ലാം കാര്യമായിട്ടുപോലും എണ്ണിയതുമില്ല. എന്നാൽ അല്ലാഹുവിന്റെ ആവർത്തിച്ചുള്ള ആ

കൽപന ഒരു നിർബ്ബന്ധകാര്യമായി അവരംഗീകരിച്ചോ? അതുമില്ല. പോകട്ടെ! അക്ഷരാഭ്യാസം മുസ്ലിംകൾക്ക് പൊതുവെ സുന്നത്താണെന്നെങ്കിലും പറയാൻ സുന്നത്ത് ജമാഅത്തിലെ ഏതെങ്കിലുമൊരു പുരോഹിതൻ ഇന്നേവരെ തയ്യാറാവുകയുണ്ടായോ? അതും തഥൈവ. എന്ന് മാത്രമല്ല. സമുദായത്തിലെ പകുതിവരുന്ന സ്ത്രീജനങ്ങൾക്ക് അക്ഷരാഭ്യാസം ''കറാഹത്താ''ണെന്ന് വരെ 'ഫത്വ' ഇറക്കുകയല്ലേ കഴിഞ്ഞ കാലങ്ങളിലെ പല പുരോഹിതദജ്ജാലുക്കളും ചെയ്തത്. നബിയുടെ ഭാര്യമാർക്ക് അക്ഷരാഭ്യാസം നൽകാനായി ഒരു 'ട്യൂഷൻ ടീച്ചറെ' (ശഫ്ഫാഅ് എന്ന സ്ത്രീയെ) നബി നിശ്ചയിച്ചിരുന്നുവെന്നും അങ്ങിനെ ഭാര്യമാരത് പഠിച്ചിരുന്നുവെന്നുമൊക്കെ വ്യക്തമാക്കുന്ന ഒരു ഹദീസ്, പുരോഹിതന്മാരുടെ പ്രമാണഗ്രന്ഥമായ സുനനു അബീദാവൂദിൽപോലും രേഖപ്പെടുത്തിവെച്ചിട്ടും സ്ത്രീകൾക്ക് അക്ഷരാഭ്യാസം നൽകൽ ഇസ്ലാമികമല്ലെന്ന് പ്രചരിപ്പിച്ച പുരോഹിതപ്പരിഷകളെപ്പറ്റി ദജ്ജാലുക്കളെന്ന് വിളിച്ചത് ശരിയല്ലെന്ന അഭിപ്രായം ഒരു ശരിയായ മുസ്ലിമിന്നുണ്ടാകുമെന്ന് തോന്നുന്നില്ല.

# ഖുർആനിലെ ആദ്യകൽപന നബിപോലും സ്വീകരിച്ചില്ലപോൽ!! പുരോഹിതവർഗ്ഗത്തിന്റെ കുഫ്റ് വാദം

അക്ഷരാഭ്യാസം പഠിക്കണമെന്ന് നബിയെ നേരിട്ടഭിസംബോധന ചെയ്തുകൊണ്ട് ഖുർആൻ ആദ്യം തന്നെ ആവർത്തിച്ച് കൽപിച്ചെങ്കിലും നബിയുടെ മരണം വരെ അത് പഠിക്കാൻ നബി ശ്രമിക്കുകയുണ്ടായില്ലെന്നാണ് അബൂഹുറയ്റാതാവഴിക്കാരായ സകല പുരോഹിതന്മാരുടെയും വാദം. ആ വാദം തനി കുഫ്ർ വാദമാണെന്നും ഖുർആൻ ശരിക്ക് പഠിക്കുകയും വിശ്വസിക്കുകയും ചെയ്ത ഒറ്റ മുസ്ലിമിന്നും അതംഗീകരിക്കാൻ നിവൃത്തിയില്ലെന്നുമാണ് ഖുർആൻ വിശ്വാസികളായ നമ്മുടെ വാദം. അതെന്ത്കൊണ്ടെന്നാൽ: നോമ്പിനേക്കാളും ഹജ്ജിനെക്കാളുമൊക്കെ ശക്തിയിലും ഗൗരവത്തിലുമാണ് അക്ഷരാഭ്യാസത്തെപ്പറ്റി ഖുർആൻ കൽപിച്ചതെന്ന് നാം കണ്ടുകഴിഞ്ഞല്ലോ. മാത്രമല്ല, നോമ്പിന്റെയും ഹജ്ജിന്റെയും കാര്യത്തിൽ നബിയോട് പ്രത്യേകമായഭിസംബോധന ചെയ്തുകൊണ്ടാണത് നിർബന്ധമാക്കിയത്. പിന്നീടതിനെ ബലപ്പെടുത്തുന്നതല്ലാതെ ദുർബലപ്പെടുത്തുന്ന ഒരു സൂചന പോലും ഖുർആനിലെവിയെടുമില്ലതാനും. എന്ന് മാത്രമല്ല, നബിയോടുള്ള ഏറ്റവുമാദ്യത്തെ ആ കൽപന സ്വീകരിച്ചുകൊണ്ട് അക്ഷരജ്ഞാനം തീരെയില്ലാത്ത നബി പിന്നീട് അക്ഷ



രജ്ഞാനം കരസ്ഥമാക്കി എന്ന് ഖുർആൻ കൊണ്ട് തന്നെ തെളിയുകയും ചെയ്തു. അതിന്നും പുറമെ, നബി അക്ഷരജ്ഞാനിയായിരുന്നുവെന്ന് വ്യക്തമാക്കുന്ന ചരിത്രസംഭവങ്ങൾ ബുഖാരിമുസ്ലിം പോലുള്ള ഹദീസ് പ്രമാണിമാർ പോലും തങ്ങളുടെ പ്രമാണഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിവെക്കാനും നിർബ്ബന്ധിതരായി. (അതെല്ലാം താഴെ വിവരിക്കുന്നുണ്ട്) അപ്പോൾ നബി അക്ഷരജ്ഞാനിയായിരുന്നുവെന്നതിന് വി: ഖുർആനിലും - പുരോഹിതന്മാരുടെ ഹദീസ് പ്രമാണങ്ങളിൽപോലും - വേണ്ടത്ര തെളിവുണ്ടായിട്ടും അത് മുഴുവൻ പൂഴ്ത്തിവെച്ചുകൊണ്ട്, ലോകത്തിലെ ഏറ്റവും വലിയ നിരക്ഷര കുക്ഷിയായിരുന്നു നബിയെന്ന് ലോകം മുഴുവൻ പ്രചരിപ്പിക്കുകയാണ് അബൂഹുറയ്റാ താവഴിക്കാരായ ലോകപുരോഹിതന്മാരെല്ലാം ചെയ്തത്. നബി കേവലം ഒരൊട്ടിടയാനായിരുന്നെന്നും അക്ഷരമെന്തെന്നറിയാത്ത വെറും കാട്ടറബിയായിരുന്നെന്നുമൊക്കെയുള്ള - ഇസ്ലാമിന്നും മുസ്ലിംകൾക്കും അപമാനകരമായ പ്രസ്തുത കള്ളചരിത്രങ്ങളെല്ലാം ലോകത്താദ്യമായി പ്രചരിപ്പിച്ചത് നബിയുടെ ജന്മശത്രുവായിരുന്ന മുആവിയയുടെ കൊട്ടാരപുരോഹിതനായ അബൂഹുറയ്റ എന്ന ജൂതമുനാഫിഖായിരുന്നുവെന്നതിന്ന് തന്റെ അനുയായികളെഴുതിവെച്ച ബുഖാരിമുസ്ലിമിൽതന്നെ വേണ്ടത്ര തെളിവുകളുണ്ട്. പക്ഷേ, അബൂഹുറയ്റയുടെ ''റാൻമൂളികളാ''യ പുരോഹിതന്മാരാരുംതന്നെ ഇക്കാലം വരെ അതൊന്നും ശ്രദ്ധിക്കുകയോ, അബൂഹുറയ്റയുടെ ജൂതത്തരങ്ങൾ മനസ്സിലാക്കുകയോ ചെയ്തില്ലെന്ന് മാത്രം.

# നബി അക്ഷരാഭ്യാസം പഠിച്ചുവെന്ന് ഖുർആൻ വ്യക്തമാക്കുന്നത് കാണുക

ഖു: 25 : 5ൽ അല്ലാഹു പറഞ്ഞു: ''ആ സത്യനിഷേധികൾ പറയുന്നു: (മുഹമ്മദ് പറയുന്ന) ആ വാർത്തകളെല്ലാം പൂർവ്വികരുടെ കെട്ടുകഥകൾ മാത്രമാണ്. (ചില പുരോഹിതൻമാരിൽ നിന്ന്) അവനത് എഴുതി എടുക്കുകയാണ് ചെയ്യുന്നത്. അങ്ങിനെ രാവിലെയും വൈകുന്നേരവുമൊക്കെ അവന്നത് ചൊല്ലിക്കൊടുക്കപ്പെടുന്നു. എന്നാൽ നീ (അവരോട്) പറയുക: ഭൂമിയിലേയും ഉപരിഗോളങ്ങളിലേയും രഹസ്യങ്ങളെല്ലാം അറിയുന്ന സർവ്വജ്ഞനാണ് അത് (ഖുർആൻ) അവതരിപ്പിച്ചുതന്നതെന്ന്.

നോക്കുക! മേൽസൂക്തത്തിൽ 3 വാദങ്ങളാണ് ഖുർആൻ നിഷേധികളുടേ

തായി ഖുർആൻ ചൂണ്ടിക്കാണിച്ചത്.

1. നബിക്ക് അക്ഷരാഭ്യാസമറിയാമെന്ന്.

2. നബി പറയുന്നതെല്ലാം കെട്ടുകഥകളാണെന്ന്.

3. ആരൊക്കെയോ നബിക്കത് ചൊല്ലിപ്പിടിപ്പിച്ചതാണെന്ന്.

ഇങ്ങനെ മൂന്ന് വാദങ്ങൾ അവരുന്നയിച്ചിതിൽ 2-ഉം 3-ഉം മാത്രമാണ് ഖുർആൻ നിഷേധിച്ചത്. അതായത്: നബിക്ക് അക്ഷരാഭ്യാസം അറിയാമെന്ന ആദ്യത്തെ വാദം ഖുർആനൊരിക്കലും നിഷേധിച്ചില്ലെന്നും അഥവാ അത് സമ്മതിച്ചെന്നു സാരം. നേരെമറിച്ച് അത് സമ്മതിക്കുന്നില്ലെങ്കിൽ അതിനെയാണല്ലോ ഖുർആനാദ്യം നിഷേധിക്കുക. കാരണം: അത് നിഷേധിച്ചാൽ പിന്നെ രണ്ടും മൂന്നും നിഷേധിക്കേണ്ട ആവശ്യമേയില്ല. എന്ത്കൊണ്ടെന്നാൽ അക്ഷരാഭ്യാസം തീരെയില്ലാത്ത ഒരാളെപ്പറ്റി, അയാൾ പല കെട്ടുകഥകളും എഴുതി എടുക്കുന്നുണ്ടെന്നും എന്നിട്ടതൊക്കെ അയാൾക്കാരോ ചൊല്ലിപഠിപ്പിക്കുന്നുണ്ടെന്നുമുള്ള അപഹാസ്യമായ കള്ളവാദങ്ങൾക്ക് പിന്നെ മറുപടി പറയേണ്ട ആവശ്യമുണ്ടോ? അപ്പോൾ അക്ഷരാഭ്യാസത്തെ തീരെ നിഷേധിക്കാതെ, മറ്റേത് രണ്ടും നിഷേധിച്ചപ്പോൾ അക്ഷരാഭ്യാസം നിഷേധിക്കാൻ പറ്റില്ലെന്ന് തീർച്ചയായി. ഖുർആനിന്റെ കൽപനയനുസരിച്ച് നബി അത് പഠിച്ചതുകൊണ്ടുതന്നെ.

# നബിയെ നിരക്ഷരകുക്ഷിയാക്കാൻവേണ്ടി ഖുർആനിൽ കൃത്രിമം ചെയ്യാൻ ശ്രമിച്ചത് കാണുക!

മേൽവിവരിച്ച ഖുർആൻ സൂക്തം കൊണ്ട് നബി അക്ഷരാഭ്യാസം പഠിച്ചിട്ടുണ്ടെന്ന് ശരിക്കും തെളിയുമെന്ന് കണ്ടപ്പോൾ ഖുർആൻ വ്യാഖ്യാനിക്കാരിലെ ചില പുരോഹിതപ്പരിഷകൾ ചെയ്ത പണി എന്തെന്നല്ലേ: പ്രസ്തുത ഖുർആൻ സൂക്തത്തിന്റെ വായന മാറ്റിമറിച്ചുകൊണ്ടാശയം അട്ടിമറിക്കുകതന്നെ. അതായത്: ആ സൂക്തത്തിലെ 'ഇക്തതബഹാ' എന്ന വാക്യം വായിക്കുമ്പോൾ 'നബി സ്വയം എഴുതിയിരുന്നു' എന്നർത്ഥം സിദ്ധിക്കുന്നതിന് പകരം 'ഉക്തുതിബഹാ' എന്ന് വായിക്കുക വഴി 'നബിക്ക് വേണ്ടി ആരോ എഴുതിക്കൊടുത്തിരുന്നു' എന്നർത്ഥമാക്കി മാറ്റി. എങ്കിലല്ലേ നബി കേവലം ഒരു നിരക്ഷരകുക്ഷിയായിരുന്നുവെന്ന ജൂതനുണപ്രചരണം നിലനിൽക്കുകയുള്ളൂ. പക്ഷേ, പ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവായ ബൈളാവിയും മറ്റും ഉദ്ധരിച്ച ആ ദുർവ്യാഖ്യാനക്കാർക്ക് ശരിയായ അറബീഗ്രാമർ അറിയാമായിരുന്നില്ലെന്നാണ് തെളിയുന്നത്. കാരണം: 'ഉക്തുതിബഹാ' എന്ന വായന ശുദ്ധ അറബീഭാഷാനിയമപ്രകാരം തികച്ചും തെറ്റാണ്. 'നബിക്ക് വേണ്ടി ആരോ എഴുതി' എന്ന അർത്ഥം ലഭിക്കണമെങ്കിൽ 'ഉക്തുതിബത്ത്ലഹൂ' എന്ന് മാത്രമേ പറയാൻ പാടുള്ളൂ. ഇത് അറബിഭാഷ ശരിക്ക് പഠിച്ചവർക്കറിയാവുന്ന കാര്യമാണ്. എന്നിരിക്കുമ്പോൾ അതൊന്നും മനസ്സിലാക്കാതെ 'ഉക്തുതിബഹാ' എന്ന് വായിക്കുകയും അതിന്നു മേൽപ്രകാരം അർത്ഥം നൽകുകയും ചെയ്തത് അവരുടെ വിവരക്കേട് കൊണ്ടല്ലെങ്കിൽ തനിജൂതത്തരം കൊണ്ടാണെന്നതിൽ സംശയമില്ല. ഏതായാലും ഖുർആനിന്റെ ശരിയായ ആശയങ്ങൾ അട്ടിമറിക്കാൻ വേണ്ടി അതിന്റെ വള്ളിപുള്ളികളിലൊക്കെ ധാരാളം കയ്യേറ്റങ്ങൾ നടത്താൻ പുരോഹിതവർഗ്ഗം നൂറ്റാണ്ടുകളായി ശ്രമിച്ചുപോന്നിട്ടുണ്ടെന്നും എന്നാൽ, വിശുദ്ധ ഖുർആനിന്റെ ഭദ്രവും അലംഘനീയവുമായ നിയമങ്ങൾ മൂലം അതൊന്നും വിജയിച്ചില്ലെന്നും നാം ശരിക്കും മനസ്സിലാക്കേണ്ടിയിരുന്നു. ഖുർആനിന്റെ സംരക്ഷണം അല്ലാഹു സ്വയം ഏറ്റെടുത്ത സ്ഥിതിക്ക് അതിൽ നടത്തപ്പെട്ട സകല കൃത്രിമങ്ങളും ഏതെങ്കിലും കാലത്ത് വെളിക്ക് വരാതിരിക്കില്ലെന്നും നാം പൂർണ്ണമായും വിശ്വസിക്കേണ്ടതുണ്ട്. പക്ഷേ, അതിന്നെന്ത് വേണമെന്നല്ലേ: 'സുന്നത്ത് ജമാഅത്ത് ' എന്ന ഖുർആനേതര മുദ്രാവാക്യം പറ്റെ വലിച്ചെറിഞ്ഞുകൊണ്ട് ഖുർആൻ പഠിക്കാനും അതിൽ ചിന്തിക്കാനും നാം തയ്യാറാവുക തന്നെ വേണം. എങ്കിലേ ഖുർആനിൽ നടത്താൻ ശ്രമിച്ച കൃത്രിമങ്ങൾ കണ്ട് പിടിക്കാനും അതിന്റെ പിന്നിലുണ്ടായിരുന്ന ദുഷ്ടബുദ്ധിയും ജൂതമനസ്ഥിതിയും മനസ്സിലാക്കാനും അത് വഴി വിശുദ്ധ ഖുർആനിന്റെ സുന്ദരാദർശങ്ങളും പാവനനിയമങ്ങളും പുറത്ത് കൊണ്ടുവരാനും കഴിയുകയുള്ളൂ.

# നബിക്ക് അക്ഷരാഭ്യാസമറിയാമെന്നതിന് സുന്നത്തിലും വ്യക്തമായ തെളിവുണ്ട്.

നബിക്കക്ഷരജ്ഞാനമുണ്ടായിരുന്നുവെന്നതിന്ന് ഖുർആനികതെളിവുകൾ തന്നെ ധാരാളം മതിയെങ്കിലും പുരോഹിതവർഗ്ഗത്തിന്റെ ബുഖാരിമുസ്ലിം മുതലായ ഹദീസ് പ്രമാണങ്ങളിലും അതിന്ന് തെളിവുണ്ടെന്ന് സമർത്ഥിക്കുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണല്ലോ. എന്ത് കൊണ്ടെന്നല്ലേ: സുന്നത്ത് ജമാഅത്ത്കാർ നബിയെ

നിരക്ഷരകുക്ഷിയാക്കി പ്രചരണം നടത്തിയത് ഖുർആനിന്ന് മാത്രമല്ല, അവരുടെ പ്രധാന പ്രമാണമായ ഹദീസിന്നുപോലും എതിരാണെന്ന സത്യം പുറത്ത് വരുത്താമെന്നത് കൊണ്ടുതന്നെ. എങ്കിലല്ലേ ഇസ്ലാമിലെ ഒന്നാമത്തെ ഇസ്ലാം കാര്യമായ അക്ഷരാഭ്യാസത്തെ നിഷേധിക്കാൻവേണ്ടി അവർ ചെയ്ത ധിക്കാരവും സത്യനിഷേധവും എത്രകണ്ട് ആഴമേറിയതായിരുന്നുവെന്ന് മനസ്സിലാക്കാനാവുകയുള്ളൂ. അതിനാൽ മേൽപറഞ്ഞ തെളിവെന്തെന്ന് ശ്രദ്ധിക്കുക.

നബിയുടെ ഹുദൈബിയാ സന്ധിയെ സംബന്ധിച്ചുള്ള ചരിത്രമെഴുതിവെച്ച കൂട്ടത്തിൽ ബുഖാരി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. 'അല്ലാഹുവിന്റെ ദൂതനായ മുഹമ്മദ് നടത്തുന്ന കരാറാണിത് ' എന്ന വാചകം കരാർപത്രത്തിന്റെ ആമുഖമായി നബി പറഞ്ഞുകൊടുത്തപ്പോൾ ഖുറൈഷികൾ അതിനെ എതിർത്തു. നീ അല്ലാഹുവിന്റെ ദൂതനാണെന്നകാര്യം ഞങ്ങൾ സമ്മതിക്കുന്നുവെങ്കിൽ ഞങ്ങളൊരിക്കലും നിന്നെ തടയുകയില്ലല്ലോ. അത്കൊണ്ട് 'അല്ലാഹുവിന്റെ ദൂതൻ' (റസൂലുല്ലാഹി) എന്നൊരിക്കലും എഴുതാൻ പാടില്ല. പകരം 'അബ്ദുല്ലയുടെ മകൻ മുഹമ്മദ് ' എന്നേ എഴുതാവൂ, എന്നവർ ശഠിച്ചു. അപ്പോൾ നബി ആ ശാഠ്യം തൽക്കാലം വകവെച്ചുകൊടുക്കുകയും കരാർപത്രം എഴുതിയിരുന്ന ഹസ്രത്ത് അലിയോട് 'റസൂലുല്ലാഹി' എന്ന പേര് മായ്ച്ച്കൊണ്ട് തൽസ്ഥാനത്ത് 'മുഹമ്മദ്ബുനു അബ്ദില്ലാഹി' എന്നെഴുതാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ അലി അത് സമ്മതിച്ചില്ല. അഥവാ 'റസൂലുല്ലാഹി' എന്ന്തന്നെ എഴുതണമെന്നദ്ദേഹം ശാഠ്യം പിടിച്ചു. അതിനെത്തുടർന്ന് നബി ആ കരാർപത്രം കയ്യിൽ വാങ്ങുകയും അതിൽനിന്ന് 'റസൂലുല്ലാഹി' എന്ന പദം മായ്ച്ചുകളയുകയും പകരം 'മുഹമ്മദ്ബുനു അബ്ദില്ലാഹി' എന്ന് നബി അവിടെ എഴുതിച്ചേർക്കുകയും ചെയ്തു. മാത്രമല്ല, സഹാബികൾ ശക്തിയായെതിർത്ത - കരാറിലെ ഒരു പ്രധാനഭാഗവും കൂടി നബി തന്നെയാണെഴുതിയതെന്ന് ബുഖാരിയിലെ ഹദീസിൽ വ്യക്തമാക്കിയിരിക്കുന്നു. അതായത്: 'നബിയുടെ സഖാക്കളിലാരെങ്കിലും മറുപക്ഷത്തേക്ക് ചെന്നാൽ അവരെ തിരിച്ചയക്കണമെന്നില്ലെന്നും അതേ സമയം മറുപക്ഷത്ത് നിന്നാരെങ്കിലും തന്റെ പാർട്ടിയിലേക്ക് വന്നാൽനബി അവരെ തിരിച്ചയക്കാമെന്നും കരാറിൽ നബി എഴുതിക്കൊടുത്തു'. (ബുഖാരി)



നോക്കുക! ഹസ്രത്ത്അലി എഴുതാൻ മടിച്ചു നിന്നഭാഗം നബിതന്നെ എഴുതി എന്ന് വ്യക്തമായ ഭാഷയിൽ ബുഖാരിയും മറ്റും രേഖപ്പെടുത്തിയതാണ് മേലുദ്ധരിച്ചത്. ഇതേപോലെ അക്കാലത്തെ പല നാട്ടുരാജാക്കന്മാർക്കും നബി കത്തെഴുതിയ സംഭവങ്ങളും 'കതബന്നബിയ്യു' (നബി എഴുതി) എന്ന് വ്യക്തമാക്കിക്കൊണ്ട് ബുഖാരിയിലും മുസ്ലിമിലും മറ്റും ധാരാളം രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ നബിക്കെഴുത്തറിയാമെന്ന യാഥാർത്ഥ്യം നിഷേധിക്കാൻ ഒറ്റ സുന്നത്ത്ജമാഅത്ത്കാരനും സാധ്യമല്ല. ഖുർആൻകൊണ്ട് നേരത്തെത്തന്നെ തെളിഞ്ഞ ഒരു സത്യമായതിനാൽ ഖുർആൻ സുന്നത്ത്കാരായ നമുക്കും അതിനെ നിഷേധിക്കാനാവുകയില്ല.

ചുരുക്കത്തിൽ നമ്മുടെ നബിതിരുമേനിക്ക് എഴുത്തും വായനയും അറിയാമായിരുന്നുവെന്നതിന്ന് ഖുർആനിൽതന്നെ കണിശമായ തെളിവുണ്ടെന്നപോലെ പുരോഹിതന്മാരുടെ പ്രധാനപ്രമാണങ്ങളായ ബുഖാരി മുസ്ലിമിലും വ്യക്തമായ തെളിവുകളുണ്ട്. അതുകൊണ്ടാണ് സുന്നത്ത്ജമാഅത്തിലെ പ്രധാന പണ്ഡിതനായ ശൈഖ്ബാജിയും മറ്റും അക്കാര്യം തുറന്നുസമ്മതിക്കാനും ബുഖാരിയുടെ പ്രധാന വ്യാഖ്യാനഗ്രന്ഥമായ ഫത്ഹുൽബാരിയിൽ അതുദ്ധരിക്കാനുമെല്ലാം കാരണമായത്. ഇത്രയൊക്കെ തെളിവും ദൃഷ്ടാന്തവുമുള്ളതാണ് നബിക്കക്ഷരജ്ഞാനമുണ്ടെന്ന കാര്യമെന്നിരിക്കെ, ലോകമുസ്ലിംകളെക്കൊണ്ട് മുഴുവൻ അത് നിഷേധിപ്പിക്കുവാനും ലോകത്തിലെ ഏറ്റവും വലിയ നിരക്ഷരകുക്ഷി: നമ്മുടെ നബിയായിരുന്നുവെന്ന് നമ്മളെക്കൊണ്ട്തന്നെ കൊട്ടഘോഷിപ്പിക്കാനും ജൂതപുരോഹിതന്മാർക്ക് കഴിഞ്ഞുവെന്നത് അവരുടെ അഗാധമായ കഴിവിന്റെയും അളവറ്റ സാമർത്ഥ്യത്തിന്റെയും ദൃഷ്ടാന്തമായി നാം കണക്കാക്കുകതന്നെ വേണം. ഇസ്ലാമിലെ ഒന്നാമത്തെ ഇസ്ലാംകാര്യമായി അല്ലാഹു ഫർളാക്കിയ - സമുദായത്തിന്റെ ഉയിർത്തെഴുന്നേൽപ്പിന്നുള്ള ഏറ്റവും വലിയ അടിത്തറയായ - അക്ഷരാഭ്യാസത്തെ മരണംവരെ നിഷേധിക്കുകയാണ് മുസ്ലികളുടെ നബിയായ മുഹമ്മദ്നബി ചെയ്തതെന്ന് വരുത്തിത്തീർക്കാൻ വേണ്ടി ജൂതപുരോഹിതന്മാർ ചെയ്തപണി എന്തൊക്കെയായിരുന്നെന്നറിയലും വളരെ അത്യാവശ്യമുള്ള കാര്യമാണല്ലോ. അതിനാൽ അതിൽ ചിലതൊക്കെ താഴെ വിവരിക്കാം. അതിന്ന് മുമ്പ്, നബിക്കക്ഷരജ്ഞാനമില്ലെന്ന് സങ്കൽപ്പിക്കുന്നപക്ഷം അതിനാൽ വന്ന്ചേരുന്ന അപകടത്തെക്കുറിച്ചും അൽപം വിവരിക്കേണ്ടതുണ്ട്. അത് ശ്രദ്ധിക്കുക.

# നബിയെ ‘നിരക്ഷരകുക്ഷി’യാക്കിയത് ഖുർആനിന്നടിത്തറയില്ലെന്നാക്കാൻ വേണ്ടി

ഇന്ന് ലോകത്തുള്ള സകല മതഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തമായി ഖുർആനിന്നൊരു പ്രത്യേകതയുണ്ടെന്നാണല്ലോ മുസ്ലിംകളാകുന്ന നമ്മുടെ ഏകകണ്ഠമായ വാദം. അതായത്: ഖുർആൻ ഒരമാനുഷികഗ്രന്ഥമാണെന്നും അതിൽ യാതൊരു മായവും ചേർക്കാൻ ആർക്കും കഴിഞ്ഞിട്ടില്ലെന്നും നബിതിരുമേനിയുടെ മേൽനോട്ടത്തിൽ അവിടത്തെ വീട്ടിന്നുള്ളിലും മറ്റുമായി എഴുതി സൂക്ഷിക്കപ്പെട്ടിരുന്നതും അതേ സൂക്ഷ്മതയോടെ പിന്നീട് ക്രോഡീകരിക്കപ്പെട്ടതുമായ ഒരു പരിശുദ്ധ ഗ്രന്ഥമാണതെന്നുമൊക്കെ മുസ്ലിംകളാകുന്ന നമ്മളെല്ലാവരും ഉറച്ചുവിശ്വസിക്കുന്നുണ്ടല്ലോ. ആ വിശ്വാസം ശരിയാവണമെങ്കിൽ നബിക്കക്ഷരജ്ഞാനമുണ്ടായിരുന്നുവെന്ന സത്യം നാം അംഗീകരിക്കാതെ പറ്റുകയില്ല. കാരണം: നബിക്കൊരക്ഷരവും വായിക്കാനറിയില്ലെന്ന ജൂതനുണയിൽ നാം വിശ്വസിക്കുന്നപക്ഷം ഖുർആനിൽ മായം കലർന്നിട്ടില്ലെന്ന് നമുക്കെങ്ങനെയാണ് വിശ്വസിക്കാനാവുക? അതൊരിക്കലും സാധ്യമല്ല. എന്ത്കൊണ്ടെന്നാൽ: നബിക്ക് ലഭിച്ചിരുന്ന ഖുർആനികസൂക്തങ്ങൾ രേഖപ്പെടുത്തിവെക്കാൻ ചില സ്വഹിബിമാരെയാണ് നബി ഏൽപ്പിച്ചിരുന്നതെന്നും നബിക്കക്ഷരജ്ഞാനമില്ലാത്തതിനാൽ ആ എഴുതിവെച്ചതിൽ വല്ലതെറ്റും സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ നബിക്കറിയാമായിരുന്നില്ലെന്നും സങ്കൽപ്പിച്ചാൽ പിന്നെ നമുക്ക് ലഭിച്ച ആ ഖുർആനിൽ ഒരു തെറ്റും പറ്റിയിട്ടില്ലെന്ന് നാമെങ്ങിനെയാണ് വാദിക്കുക. നബിയുടെ എഴുത്തുകാരാരും തന്നെ ‘മഅ്സൂമു’കളല്ലല്ലോ. മാത്രമല്ല, ‘ഇഖ്ദുൽ ഫരീദ്’ പോലുള്ള സുന്നികളുടെ പല പ്രാമാണിക ഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിവെച്ചിരിക്കുന്നത്: നബിയുടെ ഖുർആൻ എഴുത്തുകാരിൽ പ്രധാനപ്പെട്ട ഒരാൾ മുആവിയ ആയിരുന്നുവെന്നാണ്. അതേ സമയം നബിയുടെ വിശ്വസ്ത വഹ്യെഴുത്തുകാരനും പ്രഗൽഭ ഖുർആൻ പണ്ഡിതനുമായിരുന്ന ഹസ്രത്ത് അലിയെ അക്കൂട്ടത്തിൽ അവസാനമായിട്ടെങ്കിലും ആ പുരോഹിതപ്പരിഷകൾ എണ്ണിയോ? അതൊട്ടില്ലതാനും. അപ്പോൾ ഖുർആനിലെ കുറെ ഭാഗം എഴുതിവെച്ച വ്യക്തി, ഖുർആൻ പഠിക്കാത്ത - മുനാഫിഖായ - മുആവിയ ആയിരുന്നെന്നും അതിലെന്തെങ്കിലും കൃത്രിമം നടത്തുകയോ വല്ല അബദ്ധവും പറ്റുകയോ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ പോലും മരണം വരെ നബിക്ക് കഴിഞ്ഞിട്ടില്ലെന്നും വന്നാൽ പിന്നെ,



അങ്ങിനെയുള്ള ഖുർആനിൽ വിശ്വസിക്കാൻ ബുദ്ധിയുള്ള ആരെങ്കിലും തയ്യാറാകുമോ? അതൊരിക്കലുമില്ലല്ലോ. അതിന്ന് വേണ്ടിതന്നെയാണ് ഒരക്ഷരം വായിക്കാനറിയാത്ത “പടുജാഹിലായിരുന്നു മുഹമ്മദെ”ന്ന് ജൂതപുരോഹിതന്മാർ ലോകം മുഴുവൻ പ്രചരിപ്പിച്ചിരുന്നതും.

ആകയാൽ: നബിക്ക് തീരെ വായിക്കാനറിയില്ലെന്ന് വാദിക്കുന്നപക്ഷം “ഖുർആനിന്റെ സംരക്ഷണം അല്ലാഹു ഏറ്റെടുത്തിരിക്കുന്നു” എന്ന് പറയുന്ന ആയത്ത് പോലും നബി പറഞ്ഞ് കൊടുത്ത് എഴുതിവെച്ചതാണെന്ന് തെളിയിക്കാനാർക്കും സാധ്യമല്ല. കാരണം: മുആവിയയെപ്പോലുള്ള മുനാഫിഖുകൾ എഴുതിവെച്ച കള്ള ആയത്തുകൾ ചിലവാകാൻ വേണ്ടി മുആവിയ തന്നെയോ മറ്റു വല്ലവരുമോ തന്ത്രപൂർവ്വം എഴുതിപിടിപ്പിച്ചതായിരിക്കാം അതെന്നും അതൊക്കെ കണ്ട് പിടിക്കാനോ പരിശോധിക്കാനോ നബിക്കൊരിക്കലും അറിയാമായിരുന്നില്ലെന്നും ആരെങ്കിലും വാദിച്ചാലെന്ത് ചെയ്യും. ഒന്നും ചെയ്യാനില്ല. നബി മരണം വരെ നിരക്ഷരകുക്ഷിയായിരുന്നുവെന്ന് വാദിക്കുന്നവരൊക്കെ ആ വാദവും സമ്മതിക്കേണ്ടിവരും തീർച്ച. അതല്ലെങ്കിൽ നബിയുടെ എഴുത്തുകാരെല്ലാം ‘മഅ്സൂമുകളാ’യിരുന്നെന്ന് അവർ തട്ടിവിടേണ്ടതായും വരും. പക്ഷേ, അതൊന്നും ബുദ്ധിയുള്ളവരോട് പറയാൻ പറ്റിയ വാദമല്ലല്ലോ. അപ്പോൾ ഖുർആനിലുള്ള സകല വാക്യങ്ങളും അക്ഷരങ്ങളും സത്യമാണെന്ന് നമുക്ക് വിശ്വസിക്കാനാവണമെങ്കിൽ അതെല്ലാം നബി തന്നെ സ്വയം പരിശോധിച്ച് സ്ഥിരപ്പെടുത്തിയതാണെന്ന ഉറപ്പ് നമുക്ക് ലഭിക്കുകതന്നെ വേണം. എന്നാൽ നബിക്കതൊന്നും പരിശോധിക്കാനറിയില്ലെന്ന് നാം വാദിക്കുന്ന കാലത്തോളം ആ ഉറപ്പ് നമുക്ക് ലഭിക്കില്ലെന്ന കാര്യം തീർച്ചയുമാണ്. അതോടെ ഖുർആനിലുള്ള ഒറ്റ ആയത്തും വിശ്വസിക്കാനാവാത്ത അവസ്ഥ വന്ന് ചേരുകയും ചെയ്യും. നമ്മുടെ നബിക്കൊരക്ഷരവും വായിക്കാനറിയില്ലെന്ന ശുദ്ധ നുണ ജൂതപുരോഹിതന്മാർ പ്രചരിപ്പിച്ചതിന്റെ പിന്നിലുണ്ടായിരുന്ന പ്രധാന ജൂതലക്ഷ്യം അതായിരുന്നുവെന്ന് ബുദ്ധിയുള്ള മുസ്ലിംകളെല്ലാം മേലിലെങ്കിലും മനസ്സിലാക്കുന്നത് നല്ലതാണ്.

# നബി ‘ഉമ്മിയ്യാ’ണെന്നതിന്റെ അർത്ഥമെന്ത്?

‘ബഖറത്തി’ന്ന് പശു എന്നും ‘ഇജ്‌ലി’ന്ന് പശുക്കുട്ടി എന്നുമൊക്കെ

അർത്ഥം പറഞ്ഞ കേരളത്തിലെ സകല പണ്ഡിതൻമാരും 'ഉമ്മിയ്യി' ന്ന് 'എഴുത്തും വായനയും അറിയാത്ത ആൾ' എന്നും അർത്ഥം പറഞ്ഞുപോന്നിരുന്നു. എന്നാൽ ആദ്യത്തേത് രണ്ടും ആ പണ്ഡിതന്മാർക്ക് പറ്റിയ വഷളായ രണ്ട് തെറ്റുകളാണെന്നും ബഖറത്തിന്ന് മാട് എന്നും ഇജ്ലിന്ന് മൂരിക്കുട്ടി എന്നുമല്ലാതെ അർത്ഥം പറയാൻ പാടില്ലെന്നും "സി.എൻ.മൗലവിക്ക് ചുട്ട മറുപടി 1-ാം ഭാഗം" എന്ന എന്റെ മുൻഗ്രന്ഥത്തിൽ (84-ാം പേജിൽ) ശക്തിയായി സ്ഥാപിച്ചുപോയതാണ്. കേരളത്തിലെ ഒറ്റ മതപണ്ഡിതനും ഇന്നേവരെ അതിന്നൊരു മറുപടിയും എഴുതിയിട്ടുമില്ല. സംഗതി അബദ്ധം തന്നെയാണെന്നും ഈയുള്ളവൻ പറഞ്ഞപ്രകാരം മാത്രമേ ഭാഷാനിഘണ്ടുക്കളിലുള്ളൂവെന്നും ഇപ്പോഴവർക്ക് ബോധ്യപ്പെട്ടതിനാലായിരിക്കാം അവരാരും മറുപടി പറയാതിരിക്കുന്നത്. നല്ലത് തന്നെ. അതേപോലെ ഉമ്മിയ്യിന്റെ അർത്ഥത്തിലും അവർക്കെല്ലാം ഭീമമായ അബദ്ധം പറ്റിയിട്ടുണ്ടെന്നാണ് ഇവിടെ സമർത്ഥിക്കാൻ പോകുന്നത്. അതെങ്ങിനെ എന്ന് ശ്രദ്ധിക്കുക.

"ഉമ്മിയ്യ് " എന്ന പദത്തിന് എഴുത്തും വായനയും അറിയാത്തവൻ എന്നർത്ഥം ഭാഷയിൽ ഉണ്ടെന്നത് ശരിതന്നെ. പക്ഷേ, ആ അർത്ഥത്തിൽ മാത്രമേ അതിനെ പ്രയോഗിക്കൂ എന്ന് ധരിച്ചത് പരമാബദ്ധമാണ്. കാരണം: ഖുർആൻ അവതരിച്ച കാലത്ത് 'ഉമ്മിയ്യ് ' എന്ന് സാധാരണ പറഞ്ഞിരുന്നത് ജൂത-ക്രൂസ്ത്യാനികൾ (അഹ്ലുകിതാബ്) അല്ലാത്ത അറബികളെപറ്റിയായിരുന്നു. അതായത്: അക്ഷരാഭ്യാസമുണ്ടെങ്കിലും ഇസ്മാഈൽ സന്തതികളായ അറബികൾക്ക് "ഉമ്മിയ്യൂൻ" എന്നും അക്ഷരാഭ്യാസവും കിതാബുമൊന്നും അറിയില്ലെങ്കിലും ഇസ്രാഈൽ സന്തതികളായ ജൂത-ക്രൂസ്ത്യാനികൾക്ക് 'അഹ്ലുൽ കിതാബ് ' എന്നുമാണ് പറഞ്ഞിരുന്നത്. ഏതുപോലെ എന്നാൽ: കാശ്മീർ ബ്രാഹ്മണർക്ക് പണ്ഡിറ്റുകളെന്നും കേരളത്തിലെ ഒരു സമുദായത്തിന്ന് എഴുത്തച്ഛൻമാരെന്നും പറയാറില്ലേ? അതിന്റെ ഉദ്ദേശം പണ്ഡിറ്റ് സമുദായത്തിൽപെട്ടവരൊക്കെ പണ്ഡിതന്മാരാണെന്നോ, എഴുത്തച്ഛൻ സമുദായത്തിലുള്ളവരെല്ലാം എഴുത്തറിയുന്നവരാണെന്നോ ആണോ? അതൊരിക്കലുമല്ലല്ലോ. അതേപോലെതന്നെയാണ്: അറേബ്യയിലെ അഹ്ലുകിതാബിൽപെട്ടവർക്കെല്ലാം കിതാബറിയാമെന്നോ അവിടുത്തെ ഉമ്മിയ്യുകളിൽപെട്ടവരൊക്കെ എഴുത്തറിയാത്തവരാണെന്നോ ധരിക്കുന്നതും തികച്ചും തെറ്റാണ്. രണ്ട് വർഗ്ഗത്തിന്റെയും പൊതുവെയുള്ള സ്വഭാവം പരിഗണിച്ചുകൊണ്ട് ഓരോ വിഭാഗത്തിന്നും ആ പേരുകൾ നൽകി എന്ന്മാത്രമേയുള്ളൂ. മേൽതത്വപ്രകാരം തന്നെയാണ് 'ഉമ്മിയ്യ് ' എന്ന പദത്തെ ഖുർ



ആൻ പ്രയോഗിച്ചിരിക്കുന്നതും. അതിന്റെ തെളിവുകാണുക. 62:2ൽ ഖുർആൻ പറയുന്നു: "ഹുവല്ലദീ - ബഅസ - ഫിൽ ഉമ്മിയ്യീന - റസൂലൻ - മിൻഹും" ഉമ്മിയ്യുകളിലേക്ക് അല്ലാഹു ഒരു സത്യദൂതനെ നിയോഗിച്ചിരിക്കുന്നു എന്നാണതിൽ പറഞ്ഞിരിക്കുന്നത്. അതിന്റെ ഉദ്ദേശം അറബികളിൽ അക്ഷരാഭ്യാസമില്ലാത്തവരിലേക്ക് മാത്രമേ നബിയെ ദൂതനായി നിയോഗിച്ചിട്ടുള്ളൂവെന്നോ, അല്ലെങ്കിൽ അറബികളിലെ അക്ഷരാഭ്യാസമുള്ളവർക്കാർക്കും നബിയുടെ ദൗത്യം ബാധകമല്ലെന്നോ അല്ല. അങ്ങിനെയാണെന്ന് ബുദ്ധിയുള്ളവരാരും പറയുകയുമില്ല. "ഉമ്മിയ്യൂൻ" എന്ന പദത്തെ വെറും വർഗ്ഗപ്പേരായിട്ടാണവിടെയും പ്രയോഗിച്ചിരിക്കുന്നതെന്ന് താൽപര്യം. ഇനിയും കാണുക. ഖു:3:75ൽ അല്ലാഹു പറയുന്നു: "ഉമ്മിയ്യുകളുടെ കാര്യത്തിൽ (നാം എന്ത് തെറ്റ് ചെയ്തിരുന്നാലും) അതിന്റെ പേരിൽ നമുക്കെതിരിൽ യാതൊരു നടപടിയും ഉണ്ടാവുകയില്ല" എന്ന് ജൂതന്മാർ പറയുന്നുണ്ടെന്ന്.

ജൂതപുരോഹിതന്മാരുടെ പൂർവ്വവാദത്തെ പറ്റിയാണ് ഖുർആനിവിടെ ചൂണ്ടിക്കാണിക്കുന്നത്. എന്തായിരുന്നു വാദമെന്നോ: ഇസ്മാഈൽ സന്തതികളായ അറബികളിലേക്ക് ഒറ്റ പ്രവാചകനും ഒരു വേദഗ്രന്ഥവും ഇതേവരെ അവതരിപ്പിച്ചിട്ടില്ലാത്തതിനാൽ അവരെ അല്ലാഹു ബഹുമാനിച്ചിട്ടില്ലെന്നും അപ്പോൾ പ്രവാചകന്മാരെക്കൊണ്ടും വേദഗ്രന്ഥങ്ങൾകൊണ്ടും ബഹുമാനിക്കപ്പെട്ട നമുക്ക് അറബികളെ ചൂഷണം ചെയ്യുന്നതിൽ കുറ്റമില്ലെന്നുമായിരുന്നു മുഹമ്മദ്നബി വരുന്നതിന്ന് മുമ്പ് ജൂതൻമാരുടെ വാദം. അപ്പോൾ 'ഉമ്മിയ്യുകളിൽ തങ്ങൾക്ക് കുറ്റമില്ലെന്ന്' അവർ പറഞ്ഞിരുന്നതിന്റെ ഉദ്ദേശ്യം: അറബികളിലെ അക്ഷരാഭ്യാസമില്ലാത്തവരിൽ കുറ്റമില്ലെന്നും അക്ഷരാഭ്യാസമുള്ളവരിൽ കുറ്റമുണ്ടെന്നുമല്ല. നേരെമറിച്ച് അക്ഷരാഭ്യാസമുണ്ടായാലും ഇല്ലെങ്കിലും ഇസ്മാഈൽ സന്തതികളായ അറബികളുടെ കാര്യത്തിൽ അവർക്ക് യാതൊരു കുറ്റവുമില്ലെന്ന് മാത്രമാണ്. ഇത് സകല ഖുർആൻ വ്യാഖ്യാതാക്കളും സമ്മതിച്ചതുമാണ്. മറിച്ചർത്ഥം കൽപിക്കാനവിടെ പറ്റാത്തതുകൊണ്ട്തന്നെ.

ആകയാൽ ഖുർആനിന്റെ ഭാഷയിൽ സഹാബികളിലെ പ്രസിദ്ധ എഴുത്തുകാരായിരുന്ന ഉമർ, ഉസ്മാൻ, അലി മുതലായവർക്ക്പോലും ഉമ്മിയ്യുകളെന്നു പറയാമെന്നത് ഒരു നഗ്നയാഥാർത്ഥ്യമാണ് എന്നിരിക്കെ, അക്ഷരാഭ്യാസമറിയാമെന്ന കാരണത്താൽ നബിക്ക് മാത്രം ഉമ്മിയ്യ് എന്ന് പറയാൻ പാടില്ലെന്നും അഥവാ ഉമ്മിയ്യെന്ന് രണ്ടിടത്ത് ഖുർആൻ നബിയെ വിശേഷിപ്പിച്ചതിനാൽ നബിക്കക്ഷരജ്ഞാനമില്ലെന്നു

റപ്പാക്കൽ നിർബന്ധമാണെന്നും പറഞ്ഞാൽ ബഖറത്തിന്ന് പശു എന്നും ഇജ്ലിന്ന് പശുക്കുട്ടി എന്നുമൊക്കെ അർത്ഥം പറയുന്നവരല്ലാതെ, ഖുർആനും അറബീസാഹിത്യവും ശരിക്ക് പഠിച്ചവരാരും അത് സമ്മതിക്കുകയില്ല. ഖുർആനിന്റെ പ്രയോഗം നോക്കുമ്പോൾ ആ വാദം തെറ്റാണെന്ന് തെളിഞ്ഞത്കൊണ്ട്തന്നെ. അപ്പോൾ നബിക്കക്ഷരാഭ്യാസമറിയാമെന്ന് ഖുർആൻ കൊണ്ട് കണിശമായി തെളിഞ്ഞിരിക്കെ, അതേ ഖുർആനിലൂടെ നബിക്കക്ഷരാഭ്യാസമറിയില്ലെന്ന് തെളിയിക്കാൻ മെനക്കെടുന്നത് വെറും വ്യാമോഹമാണ്. അതൊന്നും ഇനിയുള്ള കാലം നടക്കുകയില്ല. അതല്ല, അതൊക്കെ തെളിയിക്കാമെന്ന ധൈര്യം ആർക്കെങ്കിലുമുണ്ടെങ്കിൽ നമസ്കാരവിഷയത്തിൽ സി. എന്നും ജമാഅത്ത്കാരും രംഗത്ത് വന്നത് പോലെ അവരെല്ലാം സംഘടിതമായി രംഗത്ത് വരേണ്ട സമയമാണിത്. നബിയോടക്ഷരാഭ്യാസം പഠിക്കാൻ അല്ലാഹു ആവർത്തിച്ചു കൽപിച്ചിരിക്കെ മരണംവരെ നബി അത് പഠിച്ചില്ലെന്ന് ജൂതമുനാഫിഖുകൾ പറഞ്ഞുപരത്തിയ ശുദ്ധ അസംബന്ധം ഈ ഇരുപതാംനൂറ്റാണ്ടിലെങ്കിലും തകർക്കാൻ കഴിയില്ലേ എന്ന് നമുക്കൊന്നു പരിശോധിക്കാമല്ലോ. പരിശോധിക്കാനൊന്നുമില്ല. ഇതേവരെ നാം കണ്ടത് പോലെ ഖുർആനികദൃഷ്ടാന്തങ്ങൾക്ക് മുന്നിൽ വായ മൂടിക്കെട്ടിയിരിക്കാനല്ലാതെ ഒറ്റ പുരോഹിതന്നും ഒരു തെളിവുകൊണ്ടുവരാൻ സാധ്യമല്ല. 1300 വർഷം വരെ അവർ കൊണ്ടുവന്ന തെളിവുകളൊക്കെ നാം കണ്ട്കഴിഞ്ഞു. അതിലപ്പുറമൊന്നും ഇനിയവർക്ക് കഴിയുമെന്നാരും സ്വപ്നം കാണേണ്ടതില്ല. കഴിയുമെങ്കിൽ അവരാരും അടങ്ങിയിരിക്കുന്നതുമല്ല.

## നബിയുടെ അക്ഷരാഭ്യാസം നിഷേധിക്കാൻ ജൂത ഏജന്റുമാർ ചെയ്ത പണികളെന്തെല്ലാം?

ഖുർആനിലും ഹദീസിലും ചരിത്രത്തിലുമൊക്കെ നബിക്കക്ഷരാഭ്യാസമറിയുമെന്നതിന്ന് വേണ്ടത്ര തെളിവുകളുണ്ടായിട്ടും അതെല്ലാം നിഷ്ഫലമാക്കാനും പകരം നബി ഒരക്ഷരം പഠിക്കുകയോ പഠിക്കാൻ ശ്രമിക്കുകയോ ചെയ്തിട്ടില്ലെന്ന് ലോകത്തൊട്ടാകെ പ്രചരിപ്പിക്കാനും ജൂതന്മാർക്കെങ്ങനെ കഴിഞ്ഞു? എന്നതിനെപ്പറ്റിയാണിനി വിവരിക്കാനുള്ളത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ യാതൊരു പ്രയാസവും കൂടാതെ അതും നമുക്ക് വിവരിക്കാവുന്നതാണ്. അതാണ് താഴെ വിവരിക്കുന്നതും.



## അക്ഷരാഭ്യാസത്തിന്റെ രണ്ടായത്തും ബുഖാരി പൂഴ്ത്തിവെച്ചു!

ആരും അൽഭുതപ്പെടുകയോ അമ്പരക്കുകയോ വേണ്ട! ഒരു കടുത്ത സത്യം മാത്രമാണ് പറയുന്നത്. അത് കണിശമായി തെളിയിച്ചുതരികയും ചെയ്യാം.

ബുഖാരിയിലെ ആദ്യഹദീസ് തന്നെ തനി ജൂതനിർമ്മിതമാണെന്നതിന്ന് വ്യക്തമായ നാല് തെളിവുകളാണിവിടെ നിരത്തിവെക്കുന്നത്. അത് ശ്രദ്ധിക്കുക.

(1) ബുഖാരി തന്റെ ഹദിസ്ഗ്രന്ഥത്തിന്ന് ''അൽ - ജാമിഉ - സ്സഹീഹുൽ - മുസ്നദു - ഇലാറസുലില്ലാഹി'' എന്നാണ് പേര് നൽകിയിരിക്കുന്നത്. ''നബിയിലേക്ക് നേരിട്ട് മുട്ടുന്ന പരമ്പര മുഖേന ന്യൂനതയില്ലാതെ തെളിഞ്ഞ ഹദീസുകളുടെ സമാഹാര ഗ്രന്ഥം'' എന്നാണ് പ്രസ്തുത അറബിപേരിന്റെ ശരിയായ അർത്ഥം. ഇത് എല്ലാ വിഭാഗത്തിലുംപെട്ട മതപണ്ഡിതന്മാർ സമ്മതിക്കുന്ന അർത്ഥവുമാണ്. എന്നാൽ ബുഖാരിയുടെ ആദ്യപേജിലെ ''ദൗത്യസന്ദേശത്തിന്റെ ആരംഭം എങ്ങിനെയായിരുന്നു'' എന്ന അദ്ധ്യായത്തിലെ ആദ്യത്തെ ഹദീസ് തന്നെ നബി പറഞ്ഞതോ നബി പറഞ്ഞതാണെന്ന് ഒരു സാക്ഷിയെങ്കിലും പറഞ്ഞതോ ആയ ഹദീസല്ല. മറിച്ച് നബിയിൽ നിന്ന് കേട്ടതാണെന്ന് തീരെ സൂചിപ്പിക്കുകപോലും ചെയ്യാതെ ആ സംഭവം നടക്കുന്ന കാലത്ത് ജനിച്ചിട്ടുപോലുമില്ലാത്ത ഹസ്രത്ത് ആയിശ:യുടെ പേരിൽ ജൂതന്മാർ കെട്ടിച്ചമച്ച ഒരു കള്ളക്കഥ മാത്രമാണത്. ബുഖാരിയുടെ നിബന്ധനയനുസരിച്ച് അതൊരിക്കലും എഴുതാൻ പാടില്ലാത്തതുമാണ്. കാരണം: നബിയിലേക്ക് മുട്ടിയ പരമ്പരസഹിതം സ്ഥിരപ്പെട്ട ഹദീസുകളുടെ സമാഹരണമെന്നാണല്ലോ ബുഖാരി തന്റെ ഗ്രന്ഥത്തെപ്പറ്റി പ്രഖ്യാപിച്ചിരിക്കുന്നത്. അപ്പോൾ ഒരു സാക്ഷിപോലുമില്ലാത്ത തനി വാറോലയെങ്ങിനെ അതിലെഴുതാൻ പറ്റും? ആയിശ അന്ന് ജനിച്ചിട്ടുപോലുമില്ലെന്നത് അഹ്ലുൽ ഹദീസുകാർ ഏകകണ്ഠമായി സമ്മതിക്കുന്ന കാര്യമാണ്. കാരണം: നബിക്ക് ഹിറാഗുഹയിൽ വെച്ചാദ്യം വഹ്യ് ലഭിച്ച സംഭവമാണ് പ്രസ്തുത ഹദീസിൽ ആയിശയുടെ പേരിൽ വിവരിക്കുന്നത്. വഹ്യാരംഭം നബിയുടെ നാൽപതാം വയസ്സിലാണല്ലോ. അന്ന് ആയിശ ജനിച്ചിട്ടുണ്ടായിരുന്നെങ്കിൽ ഹിജ്റ:2 - ാം വർഷം നബി ആയിശയുമായി വീട് കൂടിയപ്പോൾ ആയിശാക്ക് 16 വയസ്സ് പ്രായമായിരുന്നുവെന്ന് അഹ്ലുൽ ഹദീസുകാർ സമ്മതിക്കേണ്ടിവരും. അത് ഇന്നുവരെ

അവർ സമ്മതിച്ചിട്ടുമില്ല. ഇനി സമ്മതിച്ചാൽതന്നെ പ്രസവിച്ചുവീണപാട് ആയിശ ഹീറാഗുഹയിലെത്തുകയുമില്ലല്ലോ. അപ്പോൾ നബി ആയിശയോട് പറഞ്ഞുകൊടുത്ത ഹദീസാണതെന്ന് പ്രത്യേകം പറഞ്ഞെങ്കിലല്ലാതെ അത് ഹദീസാവുകയില്ലെന്ന് വ്യക്തം. എന്നാൽ ആ കുറവ് നികത്താൻവേണ്ടി ഒരു ''കാലറസൂലുല്ലാഹി'' കൂടി പറഞ്ഞുകൊടുക്കാൻ ജൂതൻ മറന്നുപോയതെന്തുകൊണ്ടാണെന്നതാണ് പ്രശ്നം. അത് മറ്റൊന്നുമായിരിക്കയില്ല. ആയിശയുടെ ജനനകാലത്തെക്കുറിച്ച് ആ ജൂതന്ത്ര അറിവില്ലായിരിക്കാം. അതുകൊണ്ടാണ് ആയിശയെ ഒരു ദൃക്സാക്ഷി എന്ന നിലക്ക് താൻ അവതരിപ്പിക്കാൻ കാരണം. ശരിയായ ചരിത്രം തനിക്കന്ന് ലഭിക്കായ്കയാൽ ബുഖാരിപോലും ആദ്യമങ്ങിനെ ധരിച്ചെന്നാണ് തോന്നുന്നത്. അതില്ലെങ്കിൽ ആദ്യത്തെ ഹദീസിൽ തന്നെ ഇത്രയും ഗുരുതരമായ നിയമലംഘനം നടത്താൻ ബുഖാരി മുതിരുമായിരുന്നോ?

2. രണ്ടാമത്തെ തെളിവ്; ഹദീസ് തുടങ്ങുന്നതുതന്നെ ഒരു ഖുർആൻ വിരുദ്ധാശയത്തോടുകൂടിയാണെന്നതാണ്. അതായത്: വഹ്‌യുമായി ജിബ്‌രീലിന്റെ വരവ് നബിയുടെ ഹൃദയത്തിലേക്കാണെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. മാത്രമല്ല, ഒറ്റ മലക്കിന്നും പ്രത്യക്ഷരൂപത്തിൽ നബിക്ക് മതം പഠിപ്പിക്കാനായി വരാൻ പറ്റുകയില്ലെന്നും കാര്യകാരണസഹിതം: ഖുർആൻ വിവരിച്ചിട്ടുണ്ട്. എന്നിരിക്കെ മേൽഹദീസിൽ പറയുന്നത്: ജിബ്‌രിൽ ആദ്യത്തെ സന്ദേശവുമായി വന്നത് തന്നെ പ്രത്യക്ഷത്തിലായിരുന്നുവെന്നും പിന്നീട് നബിയെ ആകെ മൂടിപ്പിടിച്ചു ഞെക്കി എന്നുമൊക്കെയാണ്. ഖുർആനിൽ വിശ്വസിക്കുന്ന ഒറ്റ മുസ്ലിമിന്നും നബി അങ്ങിനെ പറഞ്ഞതായി വിശ്വസിക്കാൻ നിവൃത്തിയില്ല. ജിബ്‌രീലിന്റെ ആദ്യത്തെ വരവിന്ന് തന്നെ വിരുദ്ധമായാണ് തദ്വിഷയകമായി പിന്നീട് ഖുർആനിൽ പറഞ്ഞതൊക്കെ എന്ന് വരുത്തിത്തീർക്കലായിരിക്കാം ജൂതന്റെ ലക്ഷ്യം. ബുഖാരി പഠിക്കാൻ തുടങ്ങുന്ന ആദ്യഘട്ടത്തിൽ തന്നെ ഇത്തരം ഖുർആൻ വിരുദ്ധ ഹദീസുകൾകൊണ്ട് ഖുർആനിന്റെ ഓരോ വ്യക്തമായ പ്രസ്താവനയിലുമുള്ള വിശ്വാസത്തിന്നെതിരായ മാനസിക സംഘർഷം ഉടലെടുക്കുകയായി. ഖുർആനും ബുഖാരിയും രണ്ടും സത്യമാണെന്ന് വിശ്വസിക്കുന്ന ഏതൊരു വിദ്യാർത്ഥിക്കും പ്രസ്തുത മാനസിക സംഘർഷത്തിൽ നിന്ന് രക്ഷപ്പെടാൻ സാധ്യമല്ല. അവസാനം ബുഖാരിയുടെ ഹദീസുകളിൽ വിശ്വാസം ഊന്നുകയും ഖുർആനിന്റെ പ്രസ്താവനകളെല്ലാം അതിന്നനുസരിച്ച് ദുർവ്യഖ്യാനം ചെയ്തൊപ്പിക്കുകയും ചെയ്തുകൊണ്ടാണ് അഹ്‌ലുൽ ഹദീസുകാരായ ഗുരുനാഥൻമാർ



വിദ്യാർത്ഥികളെ സമാശ്വസിപ്പിക്കാറുള്ളത്. അത്രക്കും ബുഖാരിയിലെ ഹദീസുകളിലെ മായങ്ങൾ കണ്ടുപിടിക്കാൻ അവർക്ക് ധൈര്യം വരാറില്ല. തന്നിമിത്തം അത്തരക്കാരുടെ ശിക്ഷണത്തിൽ പഠിച്ചുവളർന്ന ഒറ്റമതപണ്ഡിതന്നും ഇത്തരം ജൂതമായങ്ങൾ കണ്ട് പിടിക്കാൻ സാധ്യമാവാറുമില്ല. ഇതൊക്കെയാണ് ഇത്രയും വ്യക്തമായ തെറ്റുകൾ ബുഖാരിയുടെ ആദ്യപേജിൽതന്നെ തെളിഞ്ഞുകിടന്നിട്ടും അഹ്‌ലുൽ ഹദീസിൽപെട്ട ഒറ്റ മതപണ്ഡിതന്റെയും ശ്രദ്ധയിൽ ഇന്നുവരെ അതൊന്നും പെടാതെപോവാൻ കാരണമായത്. എങ്കിലും ഇനിയുള്ളകാലം അവരിലെ ബുദ്ധിമാൻമാർ ബുഖാരിയെ ശരിയായ നിരൂപണത്തിന്ന് വിധേയമാക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. കാലചക്രം ഇപ്പോൾ കറങ്ങുന്നത് മുന്നോട്ടാണ് പിന്നോട്ടല്ല.

3. മൂന്നാമത്തെതെളിവ്: ഖുർആനിന്റെ ആദ്യകൽപന ജീബ്രിൽ ആവർത്തിച്ചു കൽപിച്ചിട്ടും നബി ആദ്യംതന്നെ അതിനെ പറ്റെ നിരാകരിക്കുകയാണുണ്ടായതെന്നാണ് ആ കള്ളഹദീസിൽ പറയുന്നത്. അതായത്: 'ഇഖ്റഅ് ' :- (നീ വായിക്കണം) എന്ന് ആദ്യമായി ജിബ്‌രീൽ കൽപിച്ചപ്പോൾ, ഞാൻ വായിക്കാൻ പഠിക്കാമെന്നോ, വായിക്കാൻ ശ്രമിക്കാമെന്നോ ഒരിക്കലെങ്കിലും ഉത്തരം പറയാതെ, മൂന്നു പ്രാവശ്യം ജിബ്രീൽ ആവർത്തിച്ചുപറഞ്ഞിട്ടും 'ഞാൻ വായനക്കാരനല്ല' എന്ന നിഷേധാത്മകമായ മറുപടി മാത്രമാണ് ആ മൂന്നു പ്രാവശ്യവും നബി പറഞ്ഞതെന്നാണ് ബുഖാരിയും മുസ്ലിമും രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ആദ്യം പരിഭ്രമം കൊണ്ടായിരിക്കും അങ്ങിനെയൊന്നും പറയാൻ തോന്നാതിരുന്നതെന്ന് ന്യായീകരിക്കുകയാണെങ്കിൽ പരിഭ്രമമെല്ലാം മാറിയശേഷം ജീവിതത്തിലെപ്പോഴെങ്കിലും ഖുർആനിലെ അതിപ്രധാനമായ ആദ്യത്തെ കൽപന നബി സ്വീകരിച്ചതായോ, സ്വീകരിച്ചെന്ന് നബി പറഞ്ഞതായോ ബുഖാരിയിലോ മുസ്ലിമിലോ അഹ്‌ലുൽ ഹദീസുകാരുടെ മറ്റേതെങ്കിലും സമാഹാരത്തിലോ രേഖപ്പെടുത്തിവെച്ചിട്ടുണ്ടോ? ഇല്ലെന്നത് തീർച്ചയല്ലേ? അപ്പോൾ ഖുർആനിലെ ആദ്യകൽപന (വായിക്കാൻ പഠിക്കണമെന്ന കൽപന) ആദ്യത്തെ ദിവസം തന്നെ നബി തള്ളിക്കളഞ്ഞിരിക്കയാണെന്നും നബിയുടെ അന്ത്യം വരെ ആ കൽപന നടപ്പിലാക്കാൻ നബി ശ്രമിച്ചിട്ടില്ലെന്നും മുസ്ലിംസമുദായത്തെ പഠിപ്പിക്കലും അത് വഴി അക്ഷരാഭ്യസത്തിലേക്ക് മുസ്ലിം സമുദായത്തിന്റെ ശ്രദ്ധ ഒരുകാലത്തും തിരിയാതിരിക്കലുമാണ് ബുഖാരിയിലെ ആദ്യത്തെ ഹദീസുണ്ടാക്കിക്കൊടുത്ത ജൂതന്റെ ലക്ഷ്യമെന്നത് വ്യക്തമാണ്.

ഒരാളോട് നമസ്കരിക്കണമെന്ന് പറയുമ്പോൾ ''ഞാൻ നമസ്കരിക്കുന്ന ആളല്ല'' എന്നോ പഠിക്കാൻ പറയുമ്പോൾ ''ഞാൻ പഠിക്കുന്ന ആളല്ല'' എന്നോ പറയുന്നത് തനിധിക്കാരമാണെന്ന് മനസ്സിലാക്കാൻ വലിയ ബുദ്ധിയൊന്നും ആവശ്യമില്ല. പക്ഷേ, 'ബുഖാരി ഓതുന്ന' വർക്ക് മാത്രം അത് തലയിൽ കയറുന്നില്ലെന്ന് വന്നാൽ എന്ത് ചെയ്യും! അത്തരക്കാരോട് നമുക്ക് പറയാനുള്ളത് 'ബുഖാരി ഓതിയാൽ' പോര! അത് പഠിക്കണമെന്നും പഠിച്ചാലും പോരാ! അതിൽ നിരൂപണം നടത്തണമെന്നുമാണ്. എങ്കിലെ അതിലുള്ള മായങ്ങളും കള്ളങ്ങളുമൊക്കെ ഗ്രഹിക്കാനാവുകയുള്ളൂ.

## ജൂതൻ രണ്ടായത്തു കട്ടു!

ബുഖാരിയിലെ ആദ്യഹദീസ് ജൂതനിർമ്മിതമാണെന്നതിന്റെ ഏറ്റവും വ്യക്തമായ തെളിവാണിനി പറയുന്ന നാലാമത്തേത്. അതായത് ജൂതന്മാരുടെ അസ്സൽ സ്വഭാവമാണിവിടെ കാണിച്ചിരിക്കുന്നത്. അതെന്തെന്ന് ശ്രദ്ധിക്കുക!

96-ാം അദ്ധ്യായത്തിലെ 'ഇഖ്റഅ് ' മുതൽക്ക് അഞ്ചായത്തുകളാണ് അല്ലാഹു ആദ്യം അവതരിപ്പിച്ചതെന്ന് 'കിതാബുത്തഅ്ബീർ' എന്ന അദ്ധ്യായത്തിൽ ബുഖാരി തന്നെ വ്യക്തമാക്കിയിരിക്കുന്നു. പ്രസ്തുത അഞ്ചായത്തുകളും അവതരിപ്പിച്ചത് അക്ഷരാഭ്യാസം ഒന്നാമത്തെ ഇസ്ലാംകാര്യമായി ഫർസാക്കാൻ വേണ്ടി മാത്രമാണെന്ന് ഈ ഗ്രന്ഥത്തിൽ മുമ്പ് വേണ്ടത്ര വിശദീകരിച്ചതുമാണല്ലോ. പ്രസ്തുത അഞ്ചായത്തുകളിൽ 4-ാമത്തേതിലാണ് അക്ഷരാഭ്യാസമാണുദ്ദേശമെന്നതിന്റെ കാര്യമായ തെളിവുള്ളത് അതായത്: 'പേനകൊണ്ടെഴുതാൻ പഠിപ്പിച്ച നിന്റെ നാഥനാണ്' വായിക്കാൻ പഠിക്കാൻവേണ്ടി ആവർത്തിച്ചു കൽപിക്കുന്നതെന്ന് 4-ാമത്തെ ആയത്ത് മുഖേന അല്ലാഹു ശരിക്കും വ്യക്തമാക്കിയിരിക്കുന്നു. അതോടെ പേനാഭ്യാസം കൂടാതെയുള്ള വായനയാണുദ്ദേശമെന്ന മതപുരോഹിതന്മാരുടെ ഖുർആൻ വിരുദ്ധ ദുർവ്യാഖ്യാനം അപ്പടി തകരുകയും ചെയ്തിരിക്കുന്നു. അങ്ങിനെവന്നപ്പോൾ ബുഖാരി എന്തു ചെയ്തുവെന്നല്ലേ? ഹദീസിൽനിന്ന് ആ പ്രധാനപ്പെട്ട 4-ാമത്തെയും 5-ാമത്തെയും ആയത്തുകൾ രണ്ടുംകെട്ടു! നബിക്കാദ്യം ഒന്നിച്ചവതരിപ്പിച്ചുകൊടുത്ത 5 ആയത്തുകളിൽ മൂന്നെണ്ണം മാത്രമേ ഇപ്പോൾ ബുഖാരിയിലുള്ളൂ. പേനയുടെ കാര്യം പ്രത്യേകം എടുത്തുപറഞ്ഞ ബാക്കി രണ്ടായത്തുകളും ബുഖാരിയുടെ പ്രചാരത്തിലുള്ള ഒറ്റ ക്കോപ്പിയിലുമില്ല. 5 സൂക്തങ്ങളും ഒന്നിച്ചവതരിച്ചതാണെന്ന് ബുഖാരിയടക്കമുള്ള



അഹ്ലുൽ ഹദീസുകാരെല്ലാം സമ്മതിക്കുന്നുണ്ട്. അപ്പോൾ പിന്നെ മറ്റെല്ലാ ചപ്പുചവറുകളും വിശദമായി വിവരിച്ച ദീർഘമായ ആ ഹദീസിൽ വളരെ പ്രധാനപ്പെട്ട പ്രസ്തുത രണ്ടായത്ത് മാത്രം എന്തിന് കട്ടു? ആരാണ് കട്ടത്? പ്രസ്തുത രണ്ട് ചോദ്യവും വളരെ ഗൗരവമുള്ള ചോദ്യമാണ്. അതിന്ന് 'ഞഞ്ഞമിഞ്ഞ' മല്ലാത്ത മറുപടി നമുക്ക് ലഭിക്കുകയും വേണം. നമസ്കാരം നോമ്പ് മുതലായ സകല ആരാധനകളും - ഈമാൻകാര്യങ്ങൾപോലും - പഠിക്കാൻ പറയുന്നതിന്നുമുമ്പായി ഇസ്ലാമിൽ ഏറ്റവും ആദ്യമായി അക്ഷരാഭ്യാസം പഠിക്കണമെന്ന് അല്ലാഹു കൽപിച്ച ആ കൽപന മുസ്ലിംസമുദായത്തിന്റെ ഹൃദയത്തിൽ അതേപടി ഒരുകാലത്തും ഇറങ്ങിച്ചെല്ലാതിരിക്കാൻവേണ്ടി ജൂതഏജന്റായ ബുഖാരി നടത്തിയ അതിഭയങ്കരമായ ഒരു കളവും അട്ടിമറിയുമാണിത്. അല്ലെന്ന് പറയാൻ ലോകത്തൊരാൾക്കും സാധ്യമല്ല. അത്രക്കും വ്യക്തമായ കാര്യമാണെന്ന് സാരം. പക്ഷേ, ഇത്രയേറെ അപകടങ്ങളൊക്കെ മേൽഹദീസിലുണ്ടായിട്ടും അതിൽ പ്രധാനപ്പെട്ട രണ്ടായത്ത് കട്ടതെങ്കിലും കണ്ട്പിടിക്കാൻ നമ്മുടെ മതപണ്ഡിതന്മാർക്കിന്നേവരെ കഴിഞ്ഞിട്ടില്ലെന്നത് ഒരു മഹാൽഭുതം തന്നെയാണ്. മേൽഹദീസിലടങ്ങിയ ജൂതത്തരങ്ങൾ ഇനിയും വിവരിക്കാനുണ്ട്. ഗ്രന്ഥദൈർഘ്യം മൂലം തൽക്കാലം നിർത്തിവെക്കുകയാണ്. ഖുർആനിനെ തുരങ്കം വെക്കാനും, മുസ്ലിംസമുദായത്തിന്റെ ഉന്നമനത്തിന്നും പുരോഗതിക്കുമായി ഖുർആൻ അവതരിപ്പിച്ച സുപ്രധാനപദ്ധതികൾ തകിടം മറിക്കാനും വേണ്ടി കെട്ടിച്ചമക്കപ്പെട്ട ബുഖാരി മുതൽക്കുള്ള സകല ഹദീസ് ഗ്രന്ഥങ്ങളും ചുട്ട് ഭസ്മമാക്കിയെങ്കിലല്ലാതെ അത്തരം ഗ്രന്ഥങ്ങൾ കാരണമായി നമ്മുടെ സമുദായം അടിതെറ്റി വീണ 'പിന്നോക്കാവസ്ഥ എന്ന പാതാള' ത്തിൽ നിന്നൊരിക്കലും കരകയറാൻ സാധ്യമല്ലെന്നത് തീർച്ചയാണ്. കഴിഞ്ഞുപോയ ആയിരം വർഷത്തെ മുസ്ലിം സമുദായത്തിന്റെ ചരിത്രപാരമ്പര്യത്തിൽ നിന്ന് ഗൗരവപൂർവ്വം നാം പഠിച്ചിരിക്കേണ്ട പാഠമാണത്.

## ബുഖാരിയിലെ ആദ്യ ഹദീസിനെപ്പറ്റി സി.എൻ. മൗലവി എന്ത് പറഞ്ഞു?

സി.എൻ.അഹ്മദ് മൗലവി ബുഖാരി പരിഭാഷപ്പെടുത്തിയപ്പോൾ അതിലെ ആദ്യത്തെ ഹദീസിനെപ്പറ്റിപോലും മൂപ്പര് ചിന്തിച്ചിട്ടില്ല. മാത്രമല്ല; തനിക്കവിടെ ഒരമളി പിണയുകയും ചെയ്തിരിക്കുന്നു. അതെന്തെന്ന് ശ്രദ്ധിക്കുക! ബുഖാരിയിലെ പ്രസ്തുത ഹദീസ് പരിഭാഷയിലുദ്ധരിച്ചപ്പോൾ ബുഖാരി കട്ട രണ്ടായത്തിൽ ഒന്ന്

(നാലാമത്തേത്) സി.എൻ. എഴുതിയിരിക്കുന്നു. 5-ാമത്തേത് എഴുതിയിട്ടുമില്ല. അപ്പോൾ ആദ്യം അവതരിപ്പിച്ച ആയത്തുകൾ മുസ്ഹഫിൽ 5; ബുഖാരിയിൽ 3; സി.എന്നിന്റെ പരിഭാഷയിൽ 4; ഇങ്ങിനെയെല്ലാം കൂടിയായി. ഇത് കണ്ട ശേഷം സി.എൻ.മൗലവിയെ തന്റെ ഷോപ്പിൽ വെച്ച് കണ്ടുമുട്ടിയപ്പോൾ ഞാൻ ചോദിച്ചു: നിങ്ങൾ ഏത് ബുഖാരിയിൽ നിന്നാണ് ആദ്യത്തെ ഹദീസ് പകർത്തിയതെന്ന്. അപ്പോൾ സംഗതി എന്തെന്നദ്ദേഹം തിരക്കി. ഞാൻ പറഞ്ഞു: ബുഖാരിക്ക് ആ ഹദീസ് പറഞ്ഞുകൊടുത്തത് ഏതോ ഒരു ജൂതനാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. കാരണം: ആ ദീർഘിച്ച ഹദീസിൽ നിന്ന് പേനയുടെ കാര്യം എടുത്തുപറഞ്ഞ രണ്ടായത്ത് മാത്രം വിട്ടുകളഞ്ഞിരിക്കുന്നു. അക്ഷരാഭ്യാസത്തിലേക്ക് മുസ്ലീം സമുദായത്തിന്റെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കാൻ മാത്രമായവതരിപ്പിച്ച ആദ്യത്തെ ആ മഹൽവാക്യം ഒരു മുസ്ലിമിന്റെ ശ്രദ്ധയിൽ നിന്ന് വിട്ടുപോകുന്നതല്ല. അപ്പോൾ ബുഖാരിയിലെ ആദ്യ ഹദീസ് തന്നെ ഖുർആനിലെ ആദ്യകൽപന നിഷേധിക്കാനും അവഗണിക്കാനും വേണ്ടി ഒരു ജൂതനുണ്ടാക്കിയ കള്ളഹദീസാണെന്നല്ലാതെ മനസ്സിലാക്കാൻ കഴിയുന്നില്ല. ഈ വിശദീകരണം ഞാൻ നൽകിയപ്പോൾ സി.എൻ.മൗലവിക്ക് വിഷമമുണ്ടെന്നെനിക്ക് തോന്നി. അദ്ദേഹം ചോദ്യം തുടർന്നു: ഏത് ബുഖാരിയിലതില്ലെന്നാണ് നിങ്ങൾ പറയുന്നത്: ഞാൻ പറഞ്ഞു: ഡൽഹി, സഹാറമ്പൂർ, സിന്ധ്, ഇസ്താംബൂൽ, ഈജിപ്ത്, ബൈറൂത്ത് മുതലായ കേന്ദ്രങ്ങളിൽ നിന്നാണല്ലോ ബുഖാരിയുടെ പതിനായിരക്കണക്കിലുള്ള കോപ്പികൾ പുറത്തിറങ്ങിയിട്ടുള്ളത്. അവയിൽ പൊതുവെ പ്രസ്തുത ആയത്തുകൾ രണ്ടും കട്ടതായിട്ടാണ് കാണപ്പെടുന്നത്. ഇനി പ്രചാരത്തിലില്ലാത്ത വല്ല പതിപ്പിലോ ആരുടെയെങ്കിലും 'മുഖ്തസറുൽ ബുഖാരി'യിലോ (ആവർത്തനം ഒഴിവാക്കി ക്രോഡീകരിച്ച ബുഖാരി) ശ്രദ്ധിക്കാതെ അങ്ങിനെ പെട്ടിട്ടുണ്ടെങ്കിൽ തന്നെ ബുഖാരിയിൽ പൊതുവെ പ്രസ്തുത രണ്ടായത്തു കട്ടതിന്റെ ഗൗരവം കുറച്ചു കാണാൻ പറ്റുകയില്ല. അതിരിക്കട്ടെ, താങ്കൾ ഈ നാലാമത്തെ ആയത്ത് വരെ മാത്രം എവിടെനിന്നാണ് പകർത്തിയത്. ബുഖാരിയിൽ നിന്നാണെങ്കിൽ അതിൽ മൂന്നേ ഉള്ളൂ. അവതരിച്ച ക്രമമനുസരിച്ചാണെങ്കിൽ 5-ഉം എഴുതേണ്ടതാണ്. കൂടാതെ ബുഖാരിയിൽ അതാരോ വിട്ടുകളഞ്ഞതാണെന്നുണർത്തേണ്ടതുമാണ്. ഇതൊന്നും ചെയ്യാതെപോയതുകൊണ്ട് താങ്കളാ ഹദീസിനെപ്പറ്റി രണ്ടാം പതിപ്പിറക്കിയപ്പോഴും തീരെ ചിന്തിച്ചില്ലെന്നാണ് തോന്നുന്നത്. ഏതായാലും ഇത്തരം പ്രശ്നങ്ങൾ മുന്നിൽ വെച്ചുകൊണ്ട് ബുഖാരി പരിശോധിക്കൽ വളരെ നിർബന്ധമായിരിക്കുന്നു. മേൽവിവരിച്ചതുപോലുള്ള നിരൂപണങ്ങളിലൂടെയാണ് ബുഖാരിയേയും



മുസ്ലിമിനെയും മറ്റും വിലയിരുത്തേണ്ടതെന്നാണ് എന്റെ ഉറച്ച നിലപാട്. അത് ഞാൻ ചെയ്യുന്നുമുണ്ട്. ഇത്രയും പറഞ്ഞു ഞാൻ സംസാരം നിർത്തി. മേൽപ്രകാരം ഞാൻ ഉന്നയിച്ച ഒറ്റ ആരോപണത്തെയും ഖണ്ഡിക്കാൻ സി.എൻ.മൗലവിക്കന്ന് (1984 നവമ്പറിൽ) കഴിഞ്ഞില്ല. 84 ഡിസംബറിലെ എന്റെ അൽബുർഹാൻ മാസികയിൽ മേൽവിവരിച്ചതെല്ലാം - സി.എൻ.മറുപടി പറയാത്തതടക്കം - ഞാൻ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. പക്ഷേ, വർഷം ആറ് കഴിഞ്ഞിട്ടും സി.എൻ ഒരക്ഷരം മിണ്ടുന്നില്ല. ബുഖാരിയിൽ ധാരാളം കള്ള ഹദീസുകൾ കടന്നുകൂടിയിട്ടുണ്ടെന്ന് ബുഖാരി പരിഭാഷയുടെ മുഖവുരയിൽ വെറുതെയങ്ങ് തട്ടിവിട്ടിട്ടുണ്ടെന്നുമാത്രം. അത്തരം ബഡായികളെല്ലാം എഴുതിവിടാൻ വലിയ പാണ്ഡിത്യമൊന്നും ആവശ്യമില്ല. ബുഖാരി ശ്രദ്ധ ചെയ്ത് വായിക്കുന്ന ഏതൊരു ബുദ്ധിജീവിക്കും സ്വയം തോന്നുന്ന അഭിപ്രായങ്ങളാണതൊക്കെ. അത്കൊണ്ടൊന്നും ബുഖാരിയിലെ ഏതെല്ലാം ഹദീസുകളാണ് കള്ളങ്ങളെന്നോ എന്തിനാണാകള്ളങ്ങളൊക്കെ രേഖപ്പെടുത്തിയതെന്നോ എന്തെല്ലാം ദുരുദ്ദേശങ്ങളായിരുന്നു അതിന്റെ പിന്നിലുണ്ടായിരുന്നതെന്നോ കണ്ട് പിടിക്കാനോ അവ വിശദീകരിക്കാനോ അപ്പറയുന്ന എല്ലാവർക്കും കഴിയണമെന്നില്ല. അത് വേണമെങ്കിൽ ഖുർആനികാശയങ്ങളും ആദർശങ്ങളും പഠിക്കുകയും ബുഖാരിയുടെ ജൂതത്തരങ്ങളും കപടത്തരങ്ങളും മനസ്സിലാക്കുകയും വേണം. എങ്കിലേ ബുഖാരി തന്റെ ഗ്രന്ഥത്തിലടക്കം ചെയ്ത ഓരോ കള്ളഹദീസിന്റെയും ചുരുളഴിക്കാനും അതിലുള്ള ഖർആൻ വിരോധവും ധിക്കാരവും തൊലിയുരിച്ചുകാണിക്കുവാനും സാധ്യമാവുകയുള്ളൂ. ബുഖാരിയുടെ ആദ്യത്തെ ഹദീസിൽതന്നെ ബുഖാരി ചെയ്ത ജൂതത്തരങ്ങളെപറ്റിയോ അതിപ്രധാനമായ രണ്ടായത്ത് കട്ടതിനെക്കുറിച്ചോ സി.എൻ. ഇക്കാലം വരെ ചിന്തിച്ചിട്ടുപോലുമില്ലെന്ന് നമുക്കിപ്പോൾ ബോധ്യമായി. അല്ലാഹുവിന്റെ കിതാബ് കഴിച്ചാൽ പിന്നെ ലോകത്തിലെ ഏറ്റവും പ്രാമാണികഗ്രന്ഥമെന്ന് കൊട്ടിഘോഷിക്കപ്പെടുന്ന ബുഖാരിയിലെ ആദ്യത്തെ ഹദീസ് പോലും ജൂതനിർമ്മിത കള്ളഹദീസാണെന്ന് ആയത്ത് കട്ടതടക്കമുള്ള തെളിവുകൾ നിരത്തിവെച്ചുകൊണ്ട് സമർത്ഥിക്കുന്നത് അവഗണിക്കാൻ പറ്റിയ ചില്ലറ പ്രശ്നമൊന്നുമല്ല. അതിനാൽ സത്യാവസ്ഥ ശരിക്കും പഠിക്കൽ മുസ്ലിംകൾക്ക് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എനിക്കിതിലൊന്നും എന്തെങ്കിലും അഭിമാനപ്രശ്നമോ, മർക്കടമുഷ്ടിയോ, ദുരുദ്ദേശമോ യാതൊന്നുമില്ല. സത്യമെന്താണെങ്കിൽ അത് സമുദായം അറിയണമെന്ന നിർബന്ധം മാത്രമേയുള്ളൂ. ഖുർആനിന്നെതിരിൽ നടത്തപ്പെട്ട ഗൂഡാലോചനയുടെ ഫലങ്ങളാണിതെല്ലാമെന്ന് ബോധ്യപ്പെട്ടപ്പോൾ വിശേഷിച്ചും. ഇത്തരം ഗുരുതരമായ പ്രശ്നങ്ങൾ ഇനിയും

മൂടിവെക്കാനോ അവഗണിക്കാനോ ആരെയും അനുവദിച്ചുകൂടാത്തതാണ്. ഇതാരുടെയും വീട്ടുകാര്യമോ നാട്ടുകാര്യമോ അല്ല. മുസ്ലിം സമുദായത്തിന്റെ വളരെ പ്രധാനപ്പെട്ട പൊതുകാര്യമാണ്. ഇത്തരം പ്രശ്നങ്ങൾക്ക് വേണ്ടി രംഗത്ത് വരൽ സി.എൻ.മൗലവിക്കോ എനിക്കോ മാത്രം ബാധകമായതുമല്ല. മുസ്ലിംകളിലെ ഏതുവിഭാഗത്തിൽപ്പെട്ട പണ്ഡിതനേതാക്കൾക്കും ഇവ്വിഷയകമായി അറിവുള്ളതുപറയൽ നിർബന്ധമായ ഘട്ടമാണിത്. അതെല്ലാം കേൾക്കാൻ കേരളമുസ്ലിംകളിലെ ബുദ്ധിജീവികളായ സത്യാന്വേഷികൾ ആകാംക്ഷയോടെ കാത്തിരിക്കുന്നുമുണ്ട്. അതിനാൽ സി.എൻ.മൗലവിയോ, മറ്റുവല്ല പണ്ഡിതനോ എന്തെങ്കിലും മറുപടിയോ വിശദീകരണമോ നൽകുന്നുണ്ടെങ്കിൽ അടുത്ത ഗ്രന്ഥത്തിൽ തന്നെ എന്റെ നിരൂപണസഹിതം അതെല്ലാം പ്രസിദ്ധീകരിക്കുന്നതാണെന്ന് മാന്യവായനക്കാരെ പ്രത്യേകം ഉണർത്തുന്നു.

## ഖുർആനിലെ ഒന്നാമത്തെ ഇസ്ലാംകാര്യം നിഷേധിച്ചതിനാൽ മുസ്ലിം സമുദായത്തിന് നേരിട്ട ആഴമേറിയ അധഃപതനം

വായന പഠിക്കാൻ ഖുർആൻ ആവർത്തിച്ചു കൽപിച്ചിട്ടുണ്ടെങ്കിലും നബിപോലും വായിക്കാൻ പഠിച്ചിട്ടില്ലെന്നും അതിനാൽ അക്ഷരാഭ്യാസം നബിചര്യക്കെതിരാണെന്നും മറ്റും ശക്തിയായി പ്രചരിപ്പിച്ചത് മൂലം ഇന്നേവരെയുള്ള മുസ്ലിംകളാരും തന്നെ അക്ഷരാഭ്യാസം മതത്തിലെ ഒരു നിർബന്ധകാര്യമായി കണക്കിലെടുത്തതേയില്ല. അബൂഹുറയ്റാതാവഴിക്കാരായ സുന്നത്ത് ജമാഅത്ത്കാരുടെ ഒറ്റ ഗ്രന്ഥത്തിലും മുസ്ലിംകൾക്ക് അക്ഷരാഭ്യാസം നിർബന്ധമാണെന്നെഴുതിവെച്ചിട്ടുമില്ല. മറ്റെല്ലാ സമുദായങ്ങളേക്കാളും മതവിധികൾക്ക് പ്രാധാന്യം കൽപിക്കുന്ന മുസ്ലിംകൾ അക്ഷരാഭ്യാസത്തിൽ ഇത്രയേറെ പിന്നോക്കം പോരാനുണ്ടായ കാരണമതാണ്. അക്ഷരാഭ്യാസം ഖുർആനിലെ ഒന്നാമത്തെ ഇസ്ലാംകാര്യമാണെന്ന അമൂല്യ സത്യം മതപുരോഹിതന്മാർ മുമ്പ് മുതൽക്കേ പഠിപ്പിച്ചിരുന്നെങ്കിൽ ലോകത്തിലെ ഏറ്റവും മുന്തിയ വിദ്യാസമ്പന്നരും ഏറ്റവും മികച്ച വിജ്ഞാനികളും മുസ്ലിംകളാകുമായിരുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബുഖാരിയും മുസ്ലിമുമൊക്കെ ഉടലെടുക്കുന്നതിന്നു മുമ്പ് മുസ്ലിംകളുടെ ചരിത്രം അതായിരുന്നുതാനും. ഖുർആൻ വിരുദ്ധമായ ആ



രണ്ട് ജൂതഗ്രന്ഥവും മുസ്ലിംകൾ പ്രമാണമാക്കാൻ തുടങ്ങിയതോടെയാണ് മുസ്ലിംകളുടെ അധഃപതനം ആരംഭിച്ചത്. അടുത്തകാലത്തായി നമ്മുടെ സമുദായത്തിൽ വിദ്യാഭ്യാസപ്രവർത്തനവും പ്രചരണവുമൊക്കെ ശക്തിപ്പെട്ടിട്ടുണ്ടെങ്കിലും ആ വിഷയത്തിൽ സഹോദരസമുദായങ്ങളോടൊപ്പമെത്താൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ലെന്നത് ഒരു നഗ്നയാഥാർത്ഥ്യമാണല്ലോ. ഒരേ വിദ്യാലയങ്ങളിൽ തന്നെയാണ് നമ്മുടെയും അവരുടെയും കുട്ടികൾ പഠിക്കുന്നതെങ്കിലും പഠനത്തിൽ മറ്റു കുട്ടികളുടെ വളരെ പിന്നിലായിട്ടേ നമ്മുടെ കുട്ടികൾ സ്ഥാനം പിടിക്കുന്നുള്ളൂ. ഉദാഹരണമായി ഈ വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷാഫലം തന്നെയെടുക്കാം. ഫസ്റ്റ് റാങ്ക് മുതൽ 15 വരെയുള്ള റാങ്കുകളിൽ ഒറ്റയൊന്നും നമ്മുടെ കുട്ടികളിൽ ഒരാൾക്കും ലഭിച്ചതേയില്ല. അതേ സമയം സഹോദരസമുദായങ്ങളിലെ 115 കുട്ടികൾ അതെല്ലാം സ്വന്തമാക്കുകയും ചെയ്തു. അതേപോലെത്തന്നെ കേരള ചരിത്രത്തിൽ ഇന്നേവരെയായി ലക്ഷക്കണക്കിൽ മുസ്ലിംകുട്ടികൾ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയിട്ടുണ്ടെങ്കിലും അവരിൽ ഒരൊറ്റ കുട്ടിക്കും ഫസ്റ്റ് റാങ്ക് നേടാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത നമ്മിൽ ആരെയാണ് വേദനിപ്പിക്കാതിരിക്കുക. അര നൂറ്റാണ്ടോളമായി വിദ്യാഭ്യാസവിഷയത്തിൽ നമ്മുടെ സമുദായത്തെ ഉൽബുദ്ധരാക്കാൻ വേണ്ടി നാം ശക്തിയായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇപ്പോഴും ആവശ്യമായ ഉൽബുദ്ധത കൈവന്നിട്ടില്ലെന്നല്ലേ ഈ ദൃശ്യചിത്രങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നത്. മുസ്ലിം ഭൂരിപക്ഷപ്രദേശമായ നമ്മുടെ മലപ്പുറം ജില്ലയിൽ 100 ശതമാനം കുട്ടികളും പാസ്സായ മൂന്ന് ഹൈസ്ക്കൂളുകളുണ്ടായെങ്കിലും ആ മൂന്നിൽ ഒന്ന് പോലും നമ്മുടേതായില്ലെന്നതും നമ്മുടെ ആഴമേറിയ അധോഗതിക്ക് തെളിവാകുകയല്ലേ ചെയ്തത്. അക്ഷരാഭ്യാസത്തെപ്പറ്റി ഖുർആൻ കൽപിച്ചതും പറഞ്ഞതുമൊന്നും തലയിൽ കയറ്റാതെ, ലോകത്തിലെ ഏറ്റവും വലിയ നിരക്ഷരകുക്ഷിയായിരുന്നു നമ്മുടെ നബിയെന്ന ശുദ്ധ അസംബന്ധം നമ്മുടെ കുട്ടികളെ "അഭിമാനപൂർവ്വം" ചൊല്ലിപ്പഠിപ്പിക്കുന്ന കാലത്തോളം വിദ്യാഭ്യാസവിഷയത്തിൽ ആ കുട്ടികളാരും മുൻപന്തിയിലാവുകയില്ലെന്ന കാര്യം തീർച്ചയാണ്. വർഷം ആയിരത്തിലേറെ കഴിഞ്ഞുപോയിട്ടും ബുഖാരിയുടെയും മറ്റും ആ നുണപ്രചരണമല്ലാതെ. ഖുർആനിലെ സത്യപ്രചരണം ഏറ്റെടുക്കാൻ ഒറ്റ പുരോഹിതനും തയ്യാറല്ല. അഥവാ നബിക്കക്ഷരജ്ഞാനമുണ്ടായിരുന്നെന്നും ഖുർആനിലെ ആദ്യത്തെ ഇസ്ലാംകാര്യമാണ് അക്ഷരാഭ്യാസമെന്നുമുള്ള ഖുർആനിക സത്യങ്ങൾ പ്രഖ്യാപിക്കാൻ പുരോഹിതവർഗ്ഗം ഇന്നേവരെ രംഗത്ത് വന്നില്ലെന്ന് താൽപര്യം. അതിനാൽ മുസ്ലിംകളുടെ പുരോഗതിയുടെ അടിത്തറയായി ഖുർആൻ പഠിപ്പിച്ച

അടിസ്ഥാനകാര്യങ്ങൾ പോലും ഇപ്പോഴും തുറന്നുപറയാൻ തയ്യാറില്ലാത്ത പുരോഹിത വർഗ്ഗത്തെ കൈവെടിയാത്ത കാലത്തോളം നമ്മുടെ സമുദായത്തിന്റെ അധോഗതിക്കറുതിവരുത്താൻ സാധ്യമല്ലെന്ന സത്യം നാം മനസ്സിലാക്കുന്നത് നന്ന്.

## വിദ്യാഭ്യാസത്തിലെ പിന്നോക്കാവസ്ഥക്ക് പ്രധാനകാരണം അശാസ്ത്രീയമായ മദ്രസാപഠനം

അക്ഷരാഭ്യാസം നിർബന്ധമാണെന്ന ഖുർആനിന്റെ കൽപന മനസ്സിലാക്കാത്തതിന്ന് പുറമെ, അബൂഹുറയ്റാ ശരീഅത്തിലെ ഖുർആൻ വിരുദ്ധപുരോഹിത നിയമങ്ങളും “കഴുതമസാലകളും” പഠിപ്പിക്കാനായി പഠനസമയത്തിലെ നല്ലൊരു ഭാഗം മദ്രസകളിൽവെച്ച് പാഴാക്കപ്പെടുന്നുവെന്നതും സ്ക്കൂൾ വിദ്യാഭ്യാസത്തിൽ നമ്മുടെ കുട്ടികൾക്ക് നേരിടുന്ന പരാജയത്തിന്റെ ഒരു പ്രധാന കാരണമായി നാം കണക്കാക്കേണ്ടതുണ്ട്. അത്തരം പ്രശ്നങ്ങളെപ്പറ്റിയും അതിന്റെ പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും വിശദമായി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥം തന്നെ വായനക്കാർക്ക് പ്രതീക്ഷിക്കാം. അക്ഷരാഭ്യാസം ഒന്നാമത്തെ ഇസ്ലാം കാര്യമാണെന്നതായിരുന്നല്ലോ നമ്മുടെ വിഷയം. ഇനി രണ്ടാമത്തെ ഇസ്ലാംകാര്യമായ ശഹാദത്തിനെപ്പറ്റി പറയാം.

## 2. ശഹാദത്ത്

കുട്ടികളുടെ ശൈശവദശയിൽ ആദ്യമായവരെ പഠിപ്പിക്കാൻ തുടങ്ങേണ്ടത് ആദർശവും പ്രസ്ഥാനവുമൊന്നുമല്ലെന്നും മറിച്ച് അക്ഷരാഭ്യാസത്തിന്റെ പ്രാഥമിക പാഠങ്ങളാണെന്നും അത് കൊണ്ടാണ് അക്ഷരാഭ്യാസം പഠിക്കണമെന്ന് ഖുർആനാദ്യം തന്നെ കൽപിക്കാൻ കാരണമെന്നുമൊക്കെ മുമ്പുണർത്തിയല്ലോ. എന്നാൽ അക്ഷരങ്ങളിൽ നിന്ന് ആശയങ്ങൾ പഠിക്കാറായാൽ പിന്നെ കുട്ടികളെ ആദ്യമായി പഠിപ്പിക്കേണ്ടത് ‘ശഹാദത്തും’ അതിലടങ്ങിയ ആദർശവുമാണ്. അതായത്: ബുദ്ധിയും തന്റേടവും ഉറക്കുന്നതിന്ന് മുമ്പ് മുതൽ അക്ഷരങ്ങൾ അഭ്യസിപ്പിക്കാനും ബുദ്ധിയും തന്റേടവുമുറച്ചാൽ പിന്നെ ആദർശങ്ങൾ പഠിപ്പിക്കാനുമാണ് ഖുർആൻ നിർദ്ദേശിക്കുന്നതെന്ന് താൽപര്യം. പ്രസ്തുത ആദർശങ്ങളിൽ ഏറ്റവും ആദ്യത്തേത് തൗഹീ



ദുൾക്കൊള്ളുന്ന ശഹാദത്താണെന്ന് പറയേണ്ടതില്ലല്ലോ. അപ്പോൾ ശഹാദത്ത് കലിമ ചൊല്ലി പ്രഖ്യാപിക്കലും അതിന്റെ ആശയം മനസ്സിലുറപ്പിക്കലുമാണ് ഓരോ മുസ്ലിമും ആദ്യമായി ചെയ്യേണ്ടത്. എന്നാൽ അങ്ങിനെയൊരു ശഹാദത്തിന്റെ പ്രശ്നമേ ഖുർആനിലില്ലെന്നും ശഹാദത്തിനെ പറ്റി ഹദീസിൽ മാത്രമേ പറഞ്ഞിട്ടുള്ളൂവെന്നുമാണ് അബൂഹുറയ്റ താവഴിക്കാരായ പുരോഹിതന്മാരുടെ വാദം. ഖുർആൻ സുന്നത്ത്കാരായ നമ്മുടെ വാദം: ഖുർആൻ തന്നെ ശഹാദത്തിന്റെ കാര്യവും ഊന്നിപ്പറഞ്ഞിട്ടുണ്ടെന്നും അതിന്ന് വേണ്ടി അബൂഹുറയ്റയുടെയും മറ്റും കള്ള ഹദീസുകളെ ആശ്രയിക്കേണ്ട ആവശ്യമില്ലെന്നുമാണ്. അതിനാൽ ശഹാദത്തിന്റെ കാര്യം ഖുർആൻ ചൂണ്ടിക്കാട്ടിയതെവിടെ എന്ന് ശ്രദ്ധിക്കുക.

ഖു: 70:34ൽ നമസ്കാരത്തെപ്പറ്റി പറയുന്നതിന്റെ തൊട്ടുമുമ്പ് (70:33ൽ) “വല്ലദീനഹും - അലാ - ശഹാദത്തിഹിം - ഖാഇമൂൻ” എന്ന് അല്ലാഹു പ്രത്യേകം പറഞ്ഞിരിക്കുന്നു. അതിന്റെ അർത്ഥം: “അവർ തങ്ങളുടെ ശഹാദത്തിൽ ഉറച്ചു നിൽക്കുന്നവരാണ് ” എന്നാണല്ലോ. അപ്പോൾ മുസ്ലിംകൾക്കെല്ലാം ഒരു ശഹാദത്തുണ്ടെന്നും അതിലവർ ഉറച്ചുനിൽക്കേണ്ടതുണ്ടെന്നും മേൽ ഖുർആൻ സൂക്തം വ്യക്തമാക്കുന്നു. എന്നിരിക്കെ ശഹാദത്തിന്റെ കാര്യം ഖുർആനിലെവിടെയുമില്ലെന്ന് ജൽപിക്കുന്നത് കേവലം വിവരക്കേടല്ലാതെ മറ്റെന്താണ്? വീണ്ടും കാണുക! “വമൻ - അള്ലമു - മിമ്മൻകതമ - ശഹാദത്തൻ - ഇൻദഹൂ - മിനില്ലാഹി”. അർത്ഥം: അല്ലാഹുവിങ്കൽ നിന്ന് ലഭിച്ച ‘ശഹാദത്ത് ’ (സത്യസാക്ഷ്യം) മൂടിവെച്ചവനേക്കാൾ വലിയ അക്രമി മറ്റാരാണ്? (ഖു: 2:140)

നോക്കുക! അല്ലാഹുവിങ്കൽ നിന്ന് നമുക്ക് ലഭിച്ച ഏറ്റവും വലിയ ശഹാദത്ത് അല്ലാഹു ഏകനാണെന്നും മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനാണെന്നുമുള്ള ശഹാദത്താണെന്നതിൽ സംശയമില്ലല്ലോ. അപ്പോൾ ആ ശഹാദത്ത് ഓരോ മുസ്ലിമും പ്രഖ്യാപിക്കേണ്ടതുണ്ടെന്നാണ് മേൽ ആയത്തും പഠിപ്പിക്കുന്നത്. എന്നിരിക്കുമ്പോൾ ശഹാദത്ത് പ്രഖ്യാപിക്കേണ്ടതിനെപ്പറ്റി ഖുർആനൊന്നും പറഞ്ഞിട്ടില്ലെന്ന് പറയുന്നത് ഖുർആൻ ശരിക്ക് പഠിക്കുകയും പരിശോധിക്കുകയും ചെയ്യാത്തതു മൂലം പറയുന്ന വിഡ്ഢിത്തം മാത്രമാണ്.

ചുരുക്കത്തിൽ ശഹാദത്തിന്റെ കാര്യം ഖുർആനിലില്ലെന്നും അക്കാര്യം

സ്ഥാപിക്കണമെങ്കിൽ അബൂഹുറയ്റാകമ്പനിക്കാരുടെ ഹദീസുകളെ ആശ്രയിക്കു കയല്ലാതെ വേറെ മാർഗ്ഗമില്ലെന്നും പറയുന്നത് ഇസ്ലാംകാര്യങ്ങൾ പോലും ഖുർആൻ ചൂണ്ടിക്കാണിച്ചിട്ടില്ലെന്ന കുഫ്റ് വാദം പ്രചരിപ്പിക്കാൻ വേണ്ടിയല്ലാതെ മറ്റൊന്നുമ ല്ല. സകല വിഷയത്തിലും ഖുർആനിന്റെ വിവരണം അപൂർണ്ണമാണെന്ന് വരുത്തി ത്തീർക്കാൻ വേണ്ടി ഒരുമ്പെട്ട് നടക്കുന്നവർക്ക് അത്തരം കുഫറ്വാദങ്ങൾ ഉന്നയി ക്കാതിരിക്കാൻ പറ്റുകയുമില്ലല്ലോ.

# 3. നമസ്ക്കാരം

ഖുർആൻ വിവരിക്കുന്ന ഇസ്ലാം കാര്യങ്ങളിൽ മൂന്നാമത്തേത് നമസ്കാരമാ ണ്. കാരണം: ആദ്യമായി അക്ഷരാഭ്യാസവും രണ്ടാമതായി ശഹാദത്തും പറഞ്ഞശേഷം പിന്നീട് ഖുർആൻ വിവരിക്കുന്ന കർമ്മപദ്ധതികളിൽ ആദ്യത്തേത് നമസ്കാരമാ യത് കൊണ്ട്തന്നെ. ഓരോ മനുഷ്യനും നിത്യവും ആവർത്തിച്ചുകൊണ്ടിരിക്കേണ്ട ഒരനുഷ്ഠാന കർമ്മമെന്നനിലക്ക് ഖുർആനത് ആവർത്തിച്ചു കൽപിക്കുകയും ചെയ്തി ട്ടുണ്ട്. അതായത്: “സ്വലാത്ത് ”(നമസ്കാരം) എന്ന പദം പ്രയോഗിച്ചുകൊണ്ട് ഖുർ ആനിൽ 19 സ്ഥലത്ത് മുസ്ലിംകളോട് പൊതുവിലും നാല് സ്ഥലത്ത് നബിയോട് പ്രത്യേകമായിട്ടുമാണ് കൽപിച്ചിരിക്കുന്നത്. അപ്പോൾ നമസ്കാരത്തെപ്പറ്റിയുള്ള കൽപന ഖുർആനിൽ ദശക്കണക്കിലുണ്ടെന്ന് മതപുരോഹിതൻമാർ സാധാരണ പറ യാറുള്ളത് വെറും കള്ളമാണെന്ന് ഇവിടെ വെച്ച് നാം മനസ്സിലാക്കേണ്ടതുണ്ട്. മേൽ പറഞ്ഞ പ്രകാരം 19 സ്ഥലത്തല്ലാതെ “സ്വലാത്ത് ”(നമസ്കാരം) നിർവ്വഹിക്കണ മെന്ന കൽപന ഖുർആനിൽ വേറെയില്ല. കൽപന കൂടാതെയുള്ള പരാമർശങ്ങൾ ദശക്കണക്കിലുണ്ടെന്നു മാത്രം. ഏതായാലും ഒന്നാമത്തെ ഇസ്ലാം കാര്യമായി ഖുർ ആൻ പഠിപ്പിച്ച അക്ഷരാഭ്യാസത്തിന്റത്ര മഹത്വമോ രണ്ടാമത്തേതായി പഠിപ്പിച്ച ശഹാ ദത്തിന്റത്ര ഗൗരവമോ നമസ്ക്കാരത്തെ പറ്റിയുള്ള ഖുർആനിന്റെ വിവരണത്തിലെ വിടെയുമില്ല. ദിനംപ്രതി പലതവണ ആവർത്തിക്കേണ്ട ഒരു കർമ്മമായതിനാലും അറബികൾക്ക് ഒട്ടും വശമില്ലാത്ത ഒരാരാധനയായതുകൊണ്ടും ഖുർആനത് ആ വർത്തിച്ചു കൽപിച്ചു എന്നുമാത്രം. അതേസമയം ശിക്ഷയുടെയും ഗൗരവത്തി ന്റെയും കാര്യത്തിൽ സകാത്തിനേക്കാൾ $70^0$ താഴെയായിട്ടാണ് ഖുർആൻ നമസ്ക്കാ രത്തെ കണക്കാക്കിയിരിക്കുന്നത്. “ഖുർആനിൽ നമസ്കാരത്തിനുള്ള സ്ഥാനം ”എന്ന എന്റെ മുൻഗ്രന്ഥത്തിൽ 20 ഖുർആനിക തെളിവുകളിലൂടെ അത് സ്ഥാപി ച്ചുപോയതുമാണ്. എങ്കിൽ പിന്നെ നമസ്ക്കാരത്തെ സകാത്തിനേക്കാൾ എപ്പോഴും മുന്തിച്ചു, പറയാനെന്താണ് കാരണമെന്നായിരിക്കും ചോദ്യം. അത് മറ്റൊന്നുമല്ല:



ഏതൊരു മുസ്ലിമിനേയും ആദ്യമായഭിമുഖീകരിക്കുന്നതും ദിനംപ്രതി എല്ലാവരും പൊതുവെ നിർവ്വഹിക്കേണ്ടതും അറബികളെ സംബന്ധിച്ചിടത്തോളം തീരെ പരിച യമില്ലാത്തതുമായ ഇസ്ലാമിലെ ഏക ആരാധനയാണ് നമസ്ക്കാരം. അതിനാൽ പുണ്യവും മഹത്വവുമൊക്കെ സകാത്തിന്നാണ് കൂടുതലെങ്കിലും ദിനംപ്രതി ആദ്യം ചെയ്യേണ്ട് നമസ്ക്കാരമായതിനാൽ നമസ്ക്കാരത്തെയാണ് ഖുർആൻ ആദ്യം പറയാറ് പതിവ്. പക്ഷേ, പുണ്യവും മഹത്വവും വിവരിച്ച സ്ഥലത്ത് (2 : 177ൽ) സകാത്തി നെത്തന്നെ ഖുർആൻ മുന്തിച്ചു പറയുകയും ചെയ്തിരിക്കുന്നു. സക്കാത്തിന്നർഹ രായ പ്രധാന വകുപ്പുകാരെ വിവരിച്ചുകൊണ്ടാണത് പറഞ്ഞിരിക്കുന്നത്. നമസ്ക്കാ രത്തേക്കാൾ 70 ഇരട്ടി പുണ്യമുള്ളത് സകാത്ത്പോലുള്ള പരോപകാരപ്രദമായ പുണ്യ കർമ്മങ്ങൾക്കാണെന്ന് ഖു: 2 : 261ലൂടെയും 6 : 161ലൂടെയും കണിശമായി തെളി ഞ്ഞതാണ്. അതിനാൽ സകാത്തിനേക്കാൾ 70 ഡിഗ്രി താഴയാണ് നമസ്ക്കാരമെന്ന് പറഞ്ഞതിനെപ്പറ്റി ആരും അമ്പരക്കുകയോ അമർഷം കരുതുകയോ വേണ്ടതില്ല. ഖുർആൻ വ്യക്തമാക്കിയ ഒരു സത്യം പരസ്യമാക്കി എന്നേയുള്ളൂ.

നമസ്ക്കാരം എങ്ങിനെ; എപ്പോൾ ; എത്ര? എന്നിവയെപറ്റി എല്ലാം വിശദ മായി പ്രതിപാദിച്ചുകൊണ്ട് ‘നമസ്ക്കാര’മെന്ന പേരിൽ 300 ഓളം പേജ് വരുന്ന ഒരു ഗ്രന്ഥം മുമ്പ് പ്രസിദ്ധീകരിച്ചു കഴിഞ്ഞതിനാൽ ഇവിടെ നമസ്ക്കാരത്തെപറ്റി കൂടുതലൊന്നും വിവരിക്കുന്നില്ല.

# 4. സകാത്ത്

എണ്ണത്തിൽ നാലാമത്തേതാണ് സകാത്തെങ്കിലും ഇസ്ലാമിലെ കർമ്മപദ്ധ തികളിൽ വെച്ചേറ്റവും മുന്തിയവയിൽപെട്ടതാണ് ഖുർആനിന്റെ വീക്ഷണത്തിൽ സകാത്തെന്ന് നാം പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്. അതിന്റെ തെളിവുകളൊക്കെ “ഖുർആനിൽ നമസ്ക്കാരത്തിനുള്ള സ്ഥാനം ”എന്ന എന്റെ മുൻഗ്രന്ഥത്തിൽ വേണ്ടത്ര വിവരിച്ചിട്ടുമുണ്ട്. ഖുർആൻ സമഗ്രമായി പരിശോധിച്ചതിന്റെ അടിസ്ഥാ നത്തിൽ മേൽഗ്രന്ഥത്തിന്റെ പുറം ചട്ടയിൽതന്നെ വിളംബരം ചെയ്തതും ഇന്നേ വരെ ഒറ്റ പണ്ഡിതനും ഖണ്ഡിച്ചിട്ടില്ലാത്തതുമായ ഒരു പ്രസ്താവന താഴെ ഉദ്ധരി ക്കാം. അതിപ്രകാരമാണ് :-

"കേവല നമസ്ക്കാരക്കാരൻ സ്വലിഹാണെന്നോ, മുത്തഖിയാണെന്നോ, പുണ്യവാനാണെന്നോ, പരിശുദ്ധനാണെന്നോ, പാപം പൊറുക്കപ്പെട്ടവനാണെന്നോ, വിജയിച്ചവാണെന്നോ ഖുർആനിലെവിടെയുമില്ല. എന്നാൽ സകാത്ത് കൊടുക്കുന്നവൻ സ്വാലിഹാണെന്നും മുത്തഖിയാണെന്നും പുണ്യവാനാണെന്നും പരിശുദ്ധനാണെന്നും പാപം പൊറുക്കപ്പെട്ടവനാണെന്നും വിജയിച്ചവാണെന്നുമൊക്കെ ഖുർആനിൽ ധാരാളമുണ്ട്താനും. കേവല നമസ്ക്കാരം ഒരു സൽക്കർമ്മമോ പുണ്യകർമ്മമോ അല്ലെന്ന് വി : ഖു : 48 : 29 "

ഇതാണാ പ്രസ്താവന. അതിന്റെ തെളിവുകളെല്ലാം പ്രസ്തുത ഗ്രന്ഥത്തിൽ വിശദമായി വിവരിച്ചിട്ടുണ്ട്. മേൽ പ്രസ്താവനയിലടങ്ങിയതാണ് നമസ്ക്കാരത്തിന്റെയും സകാത്തിന്റെയും ശരിയായ നിലപാടെങ്കിൽ പിന്നെ നമസ്ക്കാരത്തേക്കാൾ എത്രയോ ഡിഗ്രി മേലെയാണ് സകാത്തെന്ന ഖുർആനിക സിദ്ധാന്തം മനസ്സിലാക്കാൻ ബുദ്ധിയുള്ള ആർക്കും ഒരു പ്രയാസവും നേരിടുകയില്ല. അതിനാൽ മേൽപ്രസ്താവന ശരിയോ തെറ്റോ എന്നതിനെപറ്റി ഖുർആൻ ശരിക്ക് പഠിച്ചവരോടൊന്ന് ചോദിച്ചു നോക്കുക. തൽക്കാലം ഓർമ്മയില്ലെങ്കിൽ പിന്നീടവരത് പരിശോധിച്ചശേഷം മറുപടി പറഞ്ഞുതരും. ഇനി എന്റെ ആ പ്രസ്താവന തെറ്റാണെന്നാണ് ആരെങ്കിലും പറയുന്നതെങ്കിൽ തെളിവ് സഹിതം ആ തെറ്റ് ചൂണ്ടിക്കാണിക്കാനും ഇതേപോലെ അത് അച്ചടിച്ച് പ്രസിദ്ധീകരിക്കാനും ആ പണ്ഡിതൻമാരോടാവശ്യപ്പെടുക. അതിന്നവർ തയ്യാറില്ലെങ്കിൽ അവരുടെ വാദം തനി കള്ളമാണെന്ന് പറഞ്ഞ്കൊണ്ട് അവരെ തള്ളിക്കളയുകയും ചെയ്യുക! എന്നാൽ നമസ്ക്കാരത്തേക്കാൾ 70 ഡിഗി മേലെയാണ് സകാത്തെന്ന എന്റെ ഖുർആനിക സിദ്ധാന്തത്തെ എതിർക്കാൻ ഒറ്റ പണ്ഡിതനും സാധ്യമല്ലെന്ന വാദം ആവർത്തിക്കാൻ ഈയുള്ളവന്ന് യാതൊരു ധൈര്യക്ഷയവുമില്ല. അത്രത്തോളം അത് സത്യമാണെന്ന് ഖുർആൻ പരിശോധിച്ചുറപ്പായതുകൊണ്ട്തന്നെ.

# 5. കരാർ പാലനം

നമസ്ക്കാരം, നോമ്പ്, ഹജ്ജ് എന്നിവയേക്കാൾ വളരെയേറെ ഗൗരവമുള്ളതും ചിലപ്പോൾ നമസ്ക്കാരത്തേക്കാൾ മുന്തിച്ചുകൊണ്ട് തന്നെ ഖുർആൻ പറയാറുള്ളതും (ഖു : 70 : 32ലും മറ്റും) അത് ലംഘിക്കൽ തനി വഞ്ചനയായതിനാൽ ആ ലംഘനം



ഒരു വൻകുറ്റമാണെന്ന് ഖുർആൻകൊണ്ട് കണിശമായി തെളിയുന്നതും അത്കൊണ്ട് തന്നെ പരലോകത്ത് വെച്ച് അതിനെപറ്റി ചോദ്യം ചെയ്യപ്പെടുമെന്ന് ഖുർ : 17 : 34ൽ പ്രത്യേകം മുന്നറിയിപ്പ് നൽകിയതുമായ വളരെ പ്രധാനപ്പെട്ട ഒരു ഇസ്ലാം കാര്യമാണ് കരാർപാലനമെന്നത്. നമസ്ക്കാരം, നോമ്പ്, ഹജ്ജ് എന്നീ മൂന്ന്ഇസ്ലാം കാര്യങ്ങളിൽ ഒന്നിനെ പറ്റിയും മേൽ പ്രസ്താവിച്ച മുന്നറിയിപ്പോ, അത് നിർവ്വഹിക്കാതിരിക്കൽ ഒരു വൻകുറ്റമാണെന്ന സൂചനയെങ്കിലുമോ, പരലോകത്ത് വെച്ച് അവയെപറ്റി ചോദ്യം ചെയ്യപ്പെടുമെന്ന ഒരു പ്രത്യേക താക്കീതോ ഖുർആനിലെവിടെയുമില്ല. അതിനാൽ കരാർ പാലനത്തേക്കാൾ ഗൗരവമുള്ളതാണ് നമസ്ക്കാരമെന്നോ നോമ്പെന്നോ, ഹജ്ജെന്നോ ഒരു ഖുർആൻ വിശ്വാസിക്ക് പറയാൻ പാടുള്ളതുമല്ല. എന്ന് പറഞ്ഞാൽ : നിയമാനുസൃതം നടന്ന ഒരു കരാർ പാലിക്കണമെങ്കിൽ നോമ്പൊഴിവാക്കി യാത്ര ചെയ്യേണ്ടി വരുമെന്ന് കണ്ടാൽ തീർച്ചയായും അതൊഴിവാക്കിക്കൊണ്ട് യാത്രചെയ്യലും അങ്ങിനെ കരാർ പ്രകാരം കാര്യം നടത്തിക്കൊടുക്കലും നിർബ്ബന്ധമുള്ള കാര്യമാണ്. അതേപോലെ ഒരു കരാർ പ്രകാരം ഏതെങ്കിലുമൊരു സ്ഥലത്തെത്തിച്ചേരേണ്ടിവരികയും അവിടെ എത്താതിരുന്നാൽ തനിക്കോ അപരന്നോ എന്തെങ്കിലും നാശനഷ്ടമുണ്ടാകുമെന്ന് ഭയപ്പെടുകയും ചെയ്താൽ അത്തരം സന്ദർഭങ്ങളിൽ നമസ്ക്കാരം കൃത്യമായി നിർവ്വഹിക്കാൻ മെനക്കെടാതെ, നടന്നും കൊണ്ടോ വാഹനത്തിലിരുന്നും കൊണ്ടോമാത്രമേ നമസ്ക്കരിക്കേണ്ടൂ എന്നാണ് ഖു: 2 : 239 ലൂടെ അല്ലാഹു നിർദ്ദേശിച്ചിരിക്കുന്നത്. അപ്പോൾ
ശരിയായ കരാർ പാലിക്കാൻവേണ്ടി നോമ്പിലും നമസ്ക്കാരത്തിലുമുള്ള നിഷ്ഠ ഒഴിവാക്കാം - അല്ല. ഒഴിവാക്കണം - എന്ന് വന്നാൽ പിന്നെ, ഹജ്ജിന്റെ കാര്യത്തിൽ ആ നിഷ്ഠ ഒഴിവാക്കണമെന്ന് പറയേണ്ടതില്ലല്ലോ. സൗകര്യപ്പെട്ടവർക്ക് മാത്രമേ ഹജ്ജ് നിർബ്ബന്ധമുള്ളൂവെന്ന് ഖുർആൻ ആദ്യമേ വ്യക്തമാക്കിയിരിക്കെ വിശേഷിച്ചും. അതായത് : കാര്യമായ എന്തെങ്കിലും, കരാറോ, കടബാധ്യതയോ, കുടുംബബാധ്യതയോ മറ്റോ തടസ്സം നിൽക്കുന്ന വ്യക്തികൾക്കൊന്നും ഹജ്ജിന്ന് പോവാൻ സൗകര്യമുണ്ടെന്ന് ഖുർആൻപ്രകാരം പറഞ്ഞുകൂടാത്തതാണെന്ന് താൽപര്യം.

ചുരുക്കത്തിൽ നമസ്ക്കാരത്തോടൊപ്പം ഒരിക്കലും കൽപിക്കപ്പെട്ടിട്ടില്ലാത്ത നോമ്പിനേയും ഹജ്ജിനേയും ഇസ്ലാം കാര്യങ്ങളിൽ എണ്ണിയ പുരോഹിതവർഗ്ഗം നമസ്ക്കാരത്തോടൊപ്പവും ചിലപ്പോൾ നമസ്ക്കാരത്തേക്കാൾ മുന്തിച്ചും പറഞ്ഞ കരാർ പാലനത്തെ ഇസ്ലാം കാര്യങ്ങളിലെണ്ണാതിരുന്നത് അവരുടെ ഖുർആൻ നിഷേധം

കൊണ്ടും ജൂതമനസ്ഥിതി കൊണ്ടും മാത്രമാണെന്നേ ഏതൊരു ഖുർആൻ വിശ്വാസിക്കും പറയാനാവുകയുള്ളൂ. മുസ്ലിംകളാകുന്ന ഉത്തമസമുദായത്തിന്റെ മുഖമുദ്രയായി ഖുർആൻ വർണ്ണിച്ച കരാർ പാലനത്തെ മുസ്ലിംകളിൽ നിന്ന് നഷ്ടപ്പെടുത്താനും അത് വഴി മുസ്ലീംകളെ വിശ്വസിക്കാൻ കൊള്ളാത്ത ഒരു സമുദായമായി തരം താഴ്ത്താനും വേണ്ടിയാണ് അബൂഹുറയ്റയും കൂട്ടുകാരും കരാർ പാലനത്തെ ഇസ്ലാം കാര്യങ്ങളിൽ നിന്ന് പുറംതള്ളിയതെന്ന് നാം ഗൗരവപൂർവ്വം മനസ്സിലാക്കേണ്ടതുണ്ട്. അതിന്റെ ഫലം നമ്മുടെ സമുദായത്തിൽ വേണ്ടത്ര അനുഭവപ്പെടുകയും ചെയ്തുവല്ലോ. അതെങ്ങിനെ എന്നാൽ നമ്മുടെ സമുദായത്തിലെ പല ഉന്നതവ്യക്തികളേയും അവർ പഠിച്ച 5 ഇസ്ലാം കാര്യങ്ങളിൽ വളരെ നിഷ്ഠയുള്ളവരായി കാണാമെങ്കിലും കരാർ പാലിക്കുന്ന വിഷയത്തിൽ യാതൊരു നിഷ്ഠയും അവരിൽ കാണപ്പെടാറില്ല. എന്ന് പറഞ്ഞാൽ : അവരോടൊരു കാര്യത്തിൽ വളരെ ഗൗരവമായി ഒരു കരാർ ചെയ്തെന്നിരിക്കട്ടെ, അത് അതേപോലെ അവർ നിറവേറ്റുമെന്ന വിശ്വാസത്തിൽ നാം ഉറപ്പിച്ചിരുന്നാൽ പലപ്പോഴും കടുത്ത വഞ്ചനയായിരിക്കും അവർ നമ്മോട് ചെയ്യുക. അതായത് : മുൻകൂട്ടി പറഞ്ഞുറപ്പിച്ച ആ കരാറൊന്നും അവർ അണുവോളം വിലവെക്കുകയോ ചിലപ്പോൾ ഓർമ്മിക്കുകപോലുമോ ചെയ്യാറില്ല. ആ വിഷയത്തിൽ ഏറ്റവും മോശമായവർ ചില ബുദ്ധിജീവികളും അഭ്യസ്തവിദ്യരുമാണെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. എന്നാൽ അത്രയൊന്നും ബുദ്ധിയും വിദ്യാഭ്യാസവുമില്ലാത്ത ശുദ്ധഗതിക്കാരായ ചില സാധാരണക്കാരാണ് കരാർ പാലിക്കുന്നതിൽ ഏറെക്കുറെ ശ്രദ്ധയുള്ളവരെന്നും പ്രത്യേകം എടുത്ത് പറയേണ്ടിയിരിക്കുന്നു. നിത്യാനുഭവത്തിലൂടെ ധാരാളം പരിചയമുള്ള കാര്യമാണിതെല്ലാം. നമ്മുടെ ഈ ഖുർആൻ പ്രസ്ഥാന പ്രവർത്തകനെന്ന നിലയിൽ എന്നോട് പലകാര്യത്തിലും നേരിട്ട് കരാർ ചെയ്യുകയും പിന്നീട് ആ കരാറുകളൊക്കെ തുടർച്ചയായി ലംഘിക്കുകയും ചെയ്ത നൂറ് നൂറ് അനുഭവങ്ങൾ ഈയുള്ളവന്നുണ്ട്. ചിലരുടെ ഓർക്കാപ്പുറത്തുള്ള വഞ്ചനമൂലം പലപ്പോഴും ഞാൻ വളരെയേറെ വിഷമിക്കേണ്ടി വന്നിട്ടുമുണ്ട്. എങ്കിലും നമ്മുടെ സമുദായത്തിലെ മാന്യമൻമാരും ഉത്തമൻമാരുമായ ചില ബുദ്ധിജീവികളുടേയും അഭ്യസ്തവിദ്യരുടേയും വിലപ്പെട്ട സഹകരണംമൂലം - അവരുടെ കരാർപാലനം മൂലം - ആണ് ഈ ഖുർആനിക പ്രസ്ഥാനം ഈ നിലവാരത്തിലേക്കെത്തിക്കാൻ കഴിഞ്ഞതെന്ന വസ്തുതയും ഈയുള്ളവൻ നന്ദിപൂർവ്വം സ്മരിക്കുന്നു. ഇനിയങ്ങോട്ട് മേൽപറഞ്ഞ മഹൽ വ്യക്തികളുടേയും അവരെപ്പോലുള്ള മാന്യൻമാരുടെയും സഹകരണത്തോടെ ഈ പ്രസ്ഥാനമിവിടെ വളർന്നു വികസി



ക്കാൻ പോവുകയാണെന്ന സന്തോഷവാർത്ത നമ്മുടെ ആദർശബന്ധുക്കളെ അറിയിക്കാൻ ഞാനാഗ്രഹിക്കുകയും ചെയ്യുന്നു. ഓരോ വ്യക്തിയുടെയും സമൂഹത്തിന്റെയും ഏറ്റവും മുന്തിയ സ്വഭാവവും ഏറ്റവും നല്ല സംസ്ക്കാരവും വാക്ക് പറഞ്ഞാൽ അത് പാലിക്കലും കരാർ ചെയ്താൽ അത് നിറവേറ്റലുമാണെന്നും നമസ്ക്കാരം നോമ്പ്, ഹജ്ജ് എന്നിവയേക്കാൾ വളരെ ഗൗരവമുള്ള ഇസ്ലാംകാര്യമായിട്ടാണ് ഖുർആനതിനെ കണക്കാക്കിയിട്ടുള്ളതെന്നും നമ്മുടെ ഭാവി തലമുറയെ എങ്കിലും പഠിപ്പിക്കാൻ നമുക്ക് കഴിഞ്ഞെങ്കിൽ അവരെങ്കിലും ഖുർആൻ വിഭാവനം ചെയ്ത ഉത്തമ സമുദായത്തിൽ ഉൾപ്പെടുമെന്ന് നമുക്ക് പ്രതീക്ഷിക്കാവുന്നതാണ്. അതോടൊപ്പം നമ്മുടെ ശേഷിച്ച ജീവിതത്തിൽ നമുക്കും ആ ഉത്തമ സമുദായത്തിൽപെടാൻ ശ്രമിക്കുകയും ചെയ്യാം. ആയതിന്ന് ഇസ്ലാംകാര്യം അഞ്ച് എന്ന ജൂതപാഠം തള്ളിക്കളയുകയും ഇസ്ലാംകാര്യം പത്താണെന്ന ഖുർആനിക പാഠം തലയിൽ കയറ്റുകയും വേണമെന്ന് മാത്രം. കരാർ പാലനം ഇസ്ലാം കാര്യങ്ങളിൽ പെട്ടതാണെന്ന് വരുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ ധാരാളം വിശദാംശങ്ങളെ പറ്റി പ്രതിപാദിക്കേണ്ടതുണ്ട്. മേൽസൂചിപ്പിച്ചത്പോലെ മറ്റിസ്ലാംകാര്യങ്ങളുമായി കരാർപാലനത്തെ യോജിപ്പിച്ചുകൊണ്ട് പോകുമ്പോൾ ഏതിനൊക്കെ; എത്രയൊക്കെ മുൻഗണന നൽകേണ്ടതുണ്ടെന്നും ഖുർആനിന്റെ അടിസ്ഥാനത്തിൽതന്നെ വിശദമായി ചർച്ച ചെയ്യേണ്ടതുമുണ്ട്. അതിനെല്ലാം കൂടി വേറെ ഒരു ഗ്രന്ഥം തന്നെ തയ്യാറാക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ഖുർആൻ വിവരിച്ച വഴിക്കുവഴിയനുസരിച്ച് സംക്ഷിപ്തവിവരണത്തോടെ വിഷയങ്ങൾ എണ്ണിത്തിട്ടപ്പെടുത്തൽ മാത്രമേ ഉദ്ദേശമുള്ളൂ. അതനുസരിച്ചിനി 6 മുതൽക്കുള്ള ഇസ്ലാംകാര്യങ്ങളേതൊക്കെ എന്ന് വിവരിക്കാം.

# 6. ജിഹാദ്

നോമ്പും ഹജ്ജും എണ്ണാറായില്ലേ എന്ന് ചോദിക്കേണ്ട! ഇനിയും രണ്ടെണ്ണം കഴിഞ്ഞിട്ടേ അത് രണ്ടും എണ്ണാൻ പാടുള്ളുവെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. അത് ശേഷം വിവരിക്കുന്നുമുണ്ട്. അതിനാൽ 6-മത്തെ ഇസ്ലാംകാര്യം ജിഹാദാണെന്ന കാര്യത്തിൽ ആരും സംശയിക്കേണ്ടതില്ല.

“ജിഹാദ് ”എന്ന ഖുർആനികപദം വളരെയേറെ ദുർവ്യാഖ്യാനങ്ങൾക്കും തെറ്റിദ്ധാരണകൾക്കും വിധേയമായ ഒരു പദമാണെന്ന് പ്രത്യേകം എടുത്ത് പറയേ

ണ്ടിയിരിക്കുന്നു. കാരണം : ജീഹാദ് എന്നാൽ ആയുധമെടുത്ത് യുദ്ധം ചെയ്യുക എന്നാണുദ്ദേശമെന്നും അതിനാൽ സഖ്യകക്ഷികളല്ലാത്ത അയൽരാഷ്ട്രങ്ങളിലെ അമുസ്ലിംകളോട് വർഷത്തിലൊരിക്കലെങ്കിലും യുദ്ധംചെയ്യൽ നിർബ്ബന്ധമാണെന്നു മാണ് സുന്നിഫുഖഹാക്കൾ അവരുടെ "ഇസ്ലാം മതനിയമസംഹിതകളിൽ "- "ഫത്ഹുൽ മുഈനി "ൽ വരെ - എഴുതിവെച്ചിരിക്കുന്നത്. ഇത്രയും കടുത്ത കിരാതത്തം നിറഞ്ഞ ഒരു ദുഷ്ടമതനിയമം ഇസ്ലാമിന്റെ പേരിൽ എഴുതിവെച്ചതി നെപ്പറ്റി കാര്യമായ എതിർപ്പൊന്നും നമ്മുടെ മതപണ്ഡിതൻമാരിൽ നിന്നിന്നേവരെ ഉണ്ടായിട്ടില്ലെന്നറിയുമ്പോഴാണ് അവരുടെ ഖുർആൻ പാണ്ഡിത്യത്തിന്റെയും നീതി ബോധത്തിന്റെയും ആഴംനമുക്ക്മനസ്സിലാക്കാൻ കഴിയുക. ഇസ്ലാമിലെ നാലാം ഖലീ ഫയായി നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട ഹസ്രത്ത് അലിക്കെതിരിൽ ഘോര യുദ്ധങ്ങൾ നടത്തി ഇസ്ലാമിക ഭരണം തട്ടിപ്പറിച്ചെടുത്ത കപടനും അക്രമിയും ദുഷ്ട നുമായിരുന്ന മുആവിയക്ക് വേണ്ടി "റളിയല്ലാഹു "തട്ടിമൂളിക്കുകയും അയാളുടെ ആ നെറികെട്ട നടപടികളെല്ലാം ശരിയായിരുന്നെന്നും അതിനാൽ മുആവിയാനെ ആർക്കും കുറ്റം പറയാൻ പാടില്ലെന്നും ഏകകണ്ഠമായി വാദിക്കുകയും ചെയ്തു പോന്ന സുന്നിഫുഖുഹാക്കൾ മേൽ പ്രസ്ഥാവിച്ചതരം നിയമങ്ങളെഴുതിവെച്ചെങ്കിൽ അതിലെന്താണൽഭുതപ്പെടാനുള്ളത്. അമുസ്ലിംകൾ ആക്രമണത്തിന്നൊരുങ്ങിയാൽ അവരുമായി ശണ്ഠക്കു നിൽക്കാതെ കഴിയുന്നതും പിൻമാറി നിൽക്കാൻ ശ്രമിക്ക ണമെന്ന് 70ൽപരം തവണ ഉദ്ബോധിപ്പിക്കുകയും മക്കായിലെ പുണ്യദേവാലയ ത്തിലേക്കുള്ള പ്രവേശനം അമുസ്ലീംകൾ ഒരുവേള തടഞ്ഞെന്നിരുന്നാൽപോലും അവ രോടക്രമമായി യാതൊന്നും പ്രവർത്തിക്കാൻ പാടില്ലെന്ന് വരെ 5 : 2ൽ വിലക്കു കയും ചെയ്ത ഖുർആനിന്റെ അനുയായികളെയാണ് യാതൊരക്രമത്തിന്നും വരാതെ- വെറുതെയിരിക്കുന്ന അമുസ്ലിംസുഹൃത്തുക്കളോട് വർഷത്തിലൊരിക്കലെങ്കിലും യുദ്ധംചെയ്ത് കവർച്ച നടത്തിപ്പോരൽ നിർബ്ബന്ധമാണെന്ന് പഠിപ്പിച്ചുപോന്നത്. അപ്പോഴവർ ഖുർആനിനെ വലിച്ചെറിഞ്ഞുകൊണ്ട് "സുന്നത്ത് ജമാഅത്തു" ണ്ടാക്കി യതും 1300 വർഷംവരെ ഖുർആൻ പരിഭാഷപ്പെടുത്താൻ ആരെയും അനുവദി ക്കാതെ അത് മൂടിവെച്ചതുമൊക്കെ വെറുതെയാണോ? അതൊരിക്കലുമല്ല. മേൽപ റഞ്ഞതരം ദുഷ്ടമതനിയമങ്ങളൊക്കെ ഇസ്ലാമിന്റെ പേരിൽ പ്രചരിപ്പിക്കാനും തദ്വാരാ പരിശുദ്ധഇസ്ലാമിനെ താറടിച്ചുകാണിക്കാനുംവേണ്ടി അബൂഹുറയ്റ മുതൽക്കുള്ള ഇസ്ലാം വിരോധികളായ സിയോണിസ്റ്റുകളുടെ ആസൂത്രിത പ്രവർത്തനങ്ങളാണി തെല്ലാം. അതിനാൽ പുരോഹിതവർഗ്ഗത്തിന്റെ നിർവ്വചനവും നിയമങ്ങളും വലി



ച്ചെറിഞ്ഞുകൊണ്ട് ഖുർആൻ കൽപിച്ച ജിഹാദിന്റെ ഉദ്ദേശം എന്താണെന്നു ഖുർആ നിലൂടെത്തന്നെ പഠിക്കാൻ നാം തയ്യാറാവുക. അതാണ് ഏറ്റവും നല്ലമാർഗ്ഗം. അത്കൊണ്ട് ജിഹാദിനെപറ്റി ഖുർആനെന്തു പറയുന്നുവെന്ന് നോക്കുക.

"വലാ - തുത്വിഇൽ - കാഫിരീന - വജാഹിദ്ഹും - ബിഹീ - ജിഹാദൻ - കബീറാ." അർത്ഥം: - "കാഫിറുകൾക്ക് നീ വഴങ്ങിക്കൊടുക്കരുത് (പിന്നെ യോ) ഖുർആൻകൊണ്ടവരോട് നീ ഉഗ്രസമരം നടത്തണം !"

നോക്കുക! കാഫിറുകളോട് ഉഗ്രസമരം നടത്തണമെന്നല്ലേ ഖുർആൻ കൽപിച്ചത്. എന്നാലത് ആയുധമേന്തിയുള്ളസമരമല്ലെന്നും മറിച്ച് ഖുർആൻകൊണ്ട് - ഖുർആനികതെളിവുകളും പ്രമാണങ്ങളും ഉദ്ധരിച്ചുകൊണ്ടുള്ള സമരമാണെന്നും, ഖുർആൻതന്നെ വ്യക്തമാക്കിത്തന്നു. ജിഹാദ്കൊണ്ട് ഖുർആൻ സാധാരണ വിവ ക്ഷിക്കാറുള്ളത് മേൽവിവരിച്ച തരത്തിലുള്ള പ്രവർത്തനമാണെന്ന് താൽപര്യം. എങ്കിലും ശത്രുക്കൾ ഇങ്ങോട്ട് യുദ്ധംചെയ്താൽ അങ്ങോട്ടും യുദ്ധം ചെയ്യാൻ ഖുർ ആൻ അനുവദിച്ചിട്ടുണ്ട്. എന്നല്ല അക്രമപരമായ യുദ്ധമാണ് അവർ ചെയ്യുന്നതെ ങ്കിൽ അവർക്ക് ശക്തിയായ തിരിച്ചടി നൽകണമെന്നും ഖുർആൻ കൽപിച്ചിരിക്കു ന്നു. അതിലൊന്നും യാതൊരു അനീതിയും ആരോപിക്കാൻ ആർക്കും സാധ്യവുമ ല്ലല്ലോ.

# സമ്പത്ത്കൊണ്ടുള്ള ജിഹാദാണ് പ്രധാനം

ജിഹാദിനെപറ്റി ഖുർആൻ വിവരിച്ചതിൽ മറ്റൊരു പ്രത്യേകതകൂടി കാണു ന്നുണ്ട്. അതായത്: ഖുർആനികശരീഅത്തായ സാക്ഷാൽ ദീൻ ഇവിടെ പ്രചരിപ്പി ക്കാനും വിജയിപ്പിക്കാനും വേണ്ടി ജിഹാദ് ചെയ്യണമെന്ന് ഖുർആൻ കൽപിച്ച സകല സ്ഥലത്തും സമ്പത്ത്കൊണ്ടുള്ള ജിഹാദാണാദ്യം പറഞ്ഞിരിക്കുന്നത്. രണ്ടാമതായി ശരീരംകൊണ്ടും പറഞ്ഞിരിക്കുന്നു. അതായത്: ശരീരംകൊണ്ടുള്ള ജിഹാദും പ്രധാ നമാണെങ്കിലും അതിപ്രധാനമായത് സമ്പത്ത്കൊണ്ടുള്ള ജിഹാദാണെന്ന് താൽപ ര്യം.

കരാർ പാലനത്തെപറ്റി പറഞ്ഞത്പോലെത്തന്നെ, നമസ്ക്കാരം, നോമ്പാ, ഹജ്ജ് മുതലായവയെക്കാൾ വളരെയേറെ ഗൗരവമുള്ളതായിട്ടാണ് ജിഹാദിനെയും ഖുർആൻ കണക്കാക്കിയിരിക്കുന്നത്. അതെങ്ങിനെ എന്നാൽ: നമസ്ക്കാരം, നോമ്പ്, ഹജ്ജ് എന്നിവയെപ്പറ്റി ഖുർആനൊരിക്കലും നൽകിയിട്ടില്ലാത്ത താക്കീതാണ് ജിഹാദിനെഷ്പറ്റി 9 : 24ലും 9 : 39ലും ഖുർആൻ നൽകിയിരിക്കുന്നത്. കൂടാതെ നോമ്പിന്റെയും ഹജ്ജിന്റെയും കാര്യത്തിൽ രണ്ട് തവണവീതം മാത്രം ഖുർആനിൽ കൽപന വന്നപ്പോൾ ജിഹാദിന്റെ കാര്യത്തിൽ അതിന്റെ രണ്ടിരട്ടി (6 തവണ) വന്നിരിക്കുന്നു. വേറെ 15 തവണ ജിഹാദിനെപ്പറ്റി ഖുർആൻ വാഴ്ത്തുകയും ചെയ്തിരിക്കുന്നു. നോമ്പിനെപറ്റി ഓരേയൊരു സ്ഥലത്ത് (33 : 35ൽ) മാത്രമേ ഖ്ർആൻ അല്പം വാഴ്ത്തിയിട്ടുള്ളൂ. ഹജ്ജിനെപറ്റി അത്പോലുമില്ലാതാനും. ആദ്യം രണ്ട് തവണവീതം അത് രണ്ടും നിർബ്ബന്ധമാണെന്നറിയിച്ചപ്പോൾ അവിടെ അതിന്റെ ഗുണഫലങ്ങളും അൽപം സൂചിപ്പിച്ചെന്ന് മാത്രം.

കരാർപാലനത്തെപറ്റി പറഞ്ഞത് പോലെത്തന്നെ ജിഹാദിന്റെ വിശദാംശങ്ങളെപറ്റിയും ഖുർആനിനെ അടിസ്ഥാനമാക്കി ധാരാളം കാര്യങ്ങൾ വിവരിക്കേണ്ടതുണ്ട്. അതിനാൽ ആ വിഷയത്തിലും ഒരു ഗ്രന്ഥം വായനക്കാർക്ക് പ്രതീക്ഷിക്കാം.

## 7. 'ഖിസ്വാസ് ' (പ്രതികൊല നടത്തൽ)

ഇവടെ ഖിസ്വാസ്കൊണ്ടുദ്ദേശം പ്രതികൊല നടത്തുക എന്നതാണ്. അതും നോമ്പിനെക്കാളും ഹജ്ജിനെക്കാളുമൊക്കെ ഗൗരവമുള്ള ഇസ്ലാംകാര്യമായിട്ടാണ് ഖുർആൻ എണ്ണിയിരിക്കുന്നത്. അതെങ്ങിനെ എന്നാൽ ; ജനങ്ങൾ കൊലപാതകത്തിൽനിന്നൊഴിഞ്ഞുനിൽക്കാൻ അത് കാരണമായിത്തീരുമെന്നും അത് വഴി മനുഷ്യസമൂഹത്തിന്റെ ജീവൻ രക്ഷിക്കാൻ കഴിയുമെന്നും ഖുർആൻ എടുത്തുപറഞ്ഞിരിക്കുന്നു. ആ ലക്ഷ്യം നേടാൻ നോമ്പിന്നോ ഹജ്ജിന്നോ മറ്റോ സാധ്യമല്ലെന്നത് വ്യക്തമാണല്ലോ. അത് സാധ്യമാണെന്ന് ഖുർആനൊട്ട് സൂചിപ്പിച്ചിട്ടുമില്ല. ഖുർആൻ രണ്ടാം അദ്ധ്യായത്തിലെ വഴിക്കുവഴിയായുള്ള വിവരണത്തിൽ നോമ്പിനേക്കാളും ഹജ്ജിനേക്കാളുമൊക്കെ മുമ്പായി ഖിസ്വാസിനെ മുന്തിച്ചുപറയാൻ കാരണമതാണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ഖിസ്വാസ് ഒരിസ്ലാംകാര്യമാണെന്ന് പറയുന്നതിന്റെ ഉദ്ദേശവും ഔചിത്യവും പലർക്കും മനസ്സിലായില്ലെന്ന് വരാം. അത്കൊണ്ട് അതിനെപ്പറ്റി അൽപവും കൂടി വിവരിക്കുന്നത് നല്ലതാണല്ലോ.

ഖിസ്വാസ് ഒരിസ്ലാംകാര്യമാണെന്ന് പറയുന്നതിന്റെ ഉദ്ദേശം: എവിടെവെച്ചൊരു കൊലനടന്നിരുന്നാലും ആ കൊലപ്പുള്ളിയെ പിടികൂടാനും അയാൾക്കെതിരിൽ സാക്ഷിപറയാനും അവസാനം അയാളെ ശിക്ഷിക്കാനാവശ്യമായ എല്ലാ നടപടികളും പൂർത്തിയാക്കാനും ബന്ധപ്പെട്ടവരെല്ലാം തയ്യാറാവുകയും സഹകരിക്കുകയും വേണമെന്നതാണ്. ഖിസ്വാസ് പൂർണ്ണമായും നടപ്പാക്കപ്പെടുന്ന ഏതൊരു സമൂഹത്തിലും കൊലപാതകങ്ങൾ വലിയൊരളവോളം തടയപ്പെടാതിരിക്കുകയില്ല തീർച്ച. കൊലക്ക് കൊല ശരിക്കും നടത്തപ്പെടുന്ന രാജ്യങ്ങളിലും അതില്ലാത്ത രാജ്യങ്ങളിലുമുള്ള നിത്യാനുഭവങ്ങൾ ഇഷറഞ്ഞതിന്നു വ്യക്തമായ ദൃഷ്ടാന്തമാണ്.

ഒരു സമൂഹത്തിൽ ആരും കൊലപാതകം നടത്തുന്നില്ലെങ്കിൽ ഈ 7-ാമത്തെ ഇസ്ലാംകാര്യം എങ്ങിനെ നിർവ്വഹിക്കാൻ കഴിയും എന്നൊന്നും ചോദിക്കുന്നതിലർത്ഥമില്ല. ഒരു രാജ്യത്ത് തീരെ സാധുക്കളില്ലെങ്കിൽ അവിടങ്ങളിലെ സകാത്തെങ്ങിനെ വിതരണം ചെയ്യാൻ കഴിയുമെന്ന് ചോദിക്കുന്നപോലെയാണത്. സകാത്ത് നൽകാൻവേണ്ടി അവശരെ സൃഷ്ടിക്കണമെന്നോ ഖിസ്വാസ് നടത്താൻവേണ്ടി കൊലപാതകങ്ങൾ ചെയ്യിക്കണമെന്നോ അല്ല അത് രണ്ടും ഇസ്ലാംകാര്യമാണെന്ന് പറയുന്നതിന്റെ വിവക്ഷ. പിന്നെയോ? എപ്പോളാണ് ഒരു കൊലപാതകിയെ കണ്ടെത്തുന്നതെങ്കിൽ അവന്നെതിരിൽ നടപടി എടുക്കാൻ മുസ്ലിംകളെല്ലാം സഹകരിക്കണമെന്നും എവിടെയാണോ അഗതികളുള്ളതെങ്കിൽ അവർക്കൊക്കെ സകാത്ത് നൽകണമെന്നും മാത്രമാണ്.

ആത്മരക്ഷാർത്ഥമോ, സമ്പത്തോ, അഭിമാനമോ സംരക്ഷിക്കാൻ വേണ്ടിയോ ഉള്ള കൊലപാതകങ്ങളൊന്നും മേൽപറഞ്ഞതിൽപെടുകയില്ലെന്ന് പ്രത്യേകം അറിഞ്ഞിരിക്കണം.

## 8. വസിയ്യത്ത്

ഹജ്ജിന്നും നോമ്പിന്നും മുമ്പായി ഖുർആൻ എണ്ണിയ എട്ടാമത്തെ ഇസ്ലാംകാര്യം വസിയ്യത്താണ്. ഓരോ മുസ്ലിമിന്റെയും ജീവിതാന്ത്യത്തിൽ ചെയ്യാനായി അല്ലാഹു ഫർസാക്കിയ ഒരു പ്രധാന കാര്യമാണത്. അത് ഇസ്ലാംകാര്യങ്ങളിൽ നിന്ന് വിട്ട്കളയുന്നതിൽ അബൂഹുറയ്റക്ക് മാത്രമല്ല, സഹാബികളല്ലാത്ത സകല അറബികൾക്കും അവരെപ്പോലുള്ളവർക്കും പൊതുവെ അതിൽ താൽപര്യമുണ്ടായിരു

ന്നു. കാരണം: അനാഥകളെ പ്രത്യേകം എടുത്തുപറഞ്ഞുകൊണ്ട് അനന്തരസ്വത്തിൽ അവരോട് നീതി കാണിക്കണമെന്നും നീതിക്കുപരമെ എന്തെങ്കിലും കൂടുതൽ നൽകേണ്ടതാണെന്നും ഇതേവരെ നിങ്ങളവർക്കൊന്നും കൊടുക്കാറില്ലെന്നുമൊക്കെ പിന്തുടർച്ചാനിയമം ഖുർആനിൽ വിവരിക്കുന്നതിന്നിടയിൽ (4-ാം അദ്ധ്യായത്തിൽ) അല്ലാഹു പറഞ്ഞ കാര്യങ്ങളാണ്. അതേപോലെ രക്തബന്ധുക്കളിലെ സ്ത്രീവിഭാഗത്തിന്നും അറബികൾ തീരെ അവകാശം കൊടുക്കാറില്ലെന്നും മേലിൽ അവർക്കെല്ലാം ക്രമപ്രകാരം അവകാശം കൊടുക്കണമെന്നും അല്ലാഹു ഊന്നിപ്പറഞ്ഞിരിക്കുന്നു. അങ്ങിനെ രക്തബന്ധുക്കളിലെ സ്ത്രീകൾക്കും പുരുഷൻമാർക്കുമുള്ള അവകാശങ്ങളുടെ ക്രമമെങ്ങിനെയാണെന്നും ഖുർആൻതന്നെ വ്യക്തമായി വരച്ചുകാണിച്ചു. ഓരോപരമ്പരയിലും അടുത്തടുത്ത് വരുന്ന രക്തബന്ധുക്കൾക്കും മാതാപിതാക്കൾക്കുമാണവകാശങ്ങളെന്ന് പലതവണ ആവർത്തിച്ചുപറയുകയും ചെയ്തു. രക്തബന്ധുക്കൾക്കിടയിൽ സ്വത്ത് വീതിക്കുന്ന കാര്യത്തിൽ ഏറ്റവുമധികം നീതിപാലിക്കാൻ കഴിയുന്ന വ്യക്തി അവർക്കുവേണ്ടി ആ സ്വത്തുക്കളൊക്കെ അദ്ധ്വാനിച്ചുണ്ടാക്കുകയും അത് അവർക്കെല്ലാം അനുഭവിക്കാനായി ബാക്കിയാക്കുകയും ചെയ്യുന്ന അവയുടെ യഥാർത്ഥ ഉടമതന്നെയാണെന്ന് അല്ലാഹുവിന്നറിയാവുന്നതുകൊണ്ടാണ് തന്റെ മരണത്തിന്നുമുമ്പ് ആ ദാതാവ് തന്നെ സ്വത്തിന്റെ വിഭജനക്രമവും മറ്റും മുൻകൂട്ടി എഴുതി തയ്യാറാക്കി സാക്ഷിപ്പെടുത്തിവെക്കണമെന്ന് അല്ലാഹു ഫർസാക്കാൻ കാരണമായത്. അതൊന്നും ചെയ്തില്ലെങ്കിൽതന്നെ അവകാശം ലഭിക്കുമല്ലോ. പിന്നെന്തിന്ന് വസിയ്യത്ത് ചെയ്യണമെന്ന് ചോദിക്കുന്നവരുണ്ടാകും. അനാഥകളായ പൗത്രൻമാരെയും മറ്റും പുറംതള്ളുന്നത്പോലുള്ള നീതിവിരുദ്ധ വിതരണക്രമം തടയാൻ വേണ്ടിയായിരുന്നു അല്ലാഹു വസിയ്യത്ത് ഫർസാക്കിയിരുന്നത്. ആ നീതിവിരുദ്ധവിതരണക്രമം (അബൂജഹൽ ശരീഅത്ത്) നടപ്പിലാക്കാൻ വേണ്ടിയായിരുന്നു തന്റെ താവഴിക്കാരെല്ലാം വസിയ്യത്തിന്റെ ആയത്ത് മൻസൂഖാക്കിയതും. നോമ്പും മറ്റും ഫർസാക്കാനുപയോഗിച്ച "കുതിബ" എന്ന അതേ പദമുപയോഗിച്ചുകൊണ്ടുതന്നെയാണ് നോമ്പിനേക്കാൾ മുമ്പായി അല്ലാഹു വസിയ്യത്ത് ഫർസാക്കിയതെന്ന് പ്രത്യേകം ഓർക്കേണ്ടതുണ്ട്. മാത്രമല്ല, നോമ്പിന്റെയും ഹജ്ജിന്റെയും കാര്യത്തിൽ പറഞ്ഞിട്ടില്ലാത്ത ഗൗരവവും താക്കീതും വസിയ്യത്തിന്റെ കാര്യത്തിൽ അല്ലാഹു പറയുകയും ചെയ്തിരിക്കുന്നു. പക്ഷേ, എന്തുഫലം? ഖുർആനില്ലാത്ത അഹ്ലുൽ ഹദീസുകാർക്കോ സുന്നത്ത്ജമാഅത്ത് കാർക്കോ ഉണ്ടോ ഖുർആൻ ഗൗരവമാക്കിപ്പറഞ്ഞകാര്യം തള്ളിക്കളയുന്നതിലോ ധിക്കരിക്കുന്നതിലോ വല്ല മനപ്രയാസവും അനുഭവപ്പെടുക. അതിന്റെ മകുടോദാഹരണമല്ലേ അല്ലാഹു വഴിക്ക് വഴി എണ്ണിപ്പറഞ്ഞ 10 കാര്യങ്ങളിലെ 8-ാമത്തെ ഇസ്ലാംകാര്യമായ ഈ വസിയ്യത്തിനെ സുന്നത്തിന്റെയും ജമാഅത്തിന്റെയും (ഇജ്മാഇന്റെയും) പേരിൽ ഇസ്ലാമിക ശരീഅത്തിൽനിന്നും അവർ തെരഞ്ഞെടുത്ത് തട്ടിഎന്നത്. അനന്തരാവകാശികൾക്ക് വേണ്ടി നീതിപൂർവ്വം വസിയ്യത്തെഴുതിവെക്കണമെന്ന് ഫർസാക്കിയ ഖുർആനിന്റെ അനുയായികളായ നമ്മൾ മാത്രമാണ് ആ വസിയ്യത്തിനെ പറ്റെ നിഷേധിച്ച ലോകത്തിലെ ഏകസമുദായമെന്നോർക്കുക.



# 9. നോമ്പ്

ഇസ്ലാം കാര്യങ്ങളിൽ വ്യതാനുഷ്ഠാനത്തിന്ന് 9-ാമത്തെ സ്ഥാനം കൊടുക്കാനേ അല്ലാഹു തയ്യാറായുള്ളു. മാത്രമല്ല, മുമ്പുള്ള എട്ടെണ്ണത്തിലൊന്നിന്റെയും ഗൗരവം നോമ്പിന്ന് അല്ലാഹു കൽപ്പിക്കുന്നുമില്ല. യാത്രക്കാർക്കും രോഗികൾക്കുമെല്ലാം നോമ്പ് ഒഴിവാക്കാമെന്നും പിന്നീടതിന്ന് പ്രായശ്ചിത്തം നൽകിയാലും മതിയെന്നുമൊക്കെ ഖുർആൻ വെട്ടിത്തുറന്ന് പറഞ്ഞിരിക്കയാണ്. തൊട്ടുമുമ്പ് പറഞ്ഞ വസിയ്യത്ത്പോലും യാത്രയിലായാലും ഒഴിവാക്കാൻ പാടില്ലെന്നാണ് ഖുർആൻ 5 : 106ൽ കൽപിച്ചിരിക്കുന്നത്.

അബൂഹുറയ്റ : പഠിപ്പിച്ചതിന്നെതിരായി നോമ്പിന്ന് ഇസ്ലാമിൽ 9-ാം സ്ഥാനമേയുള്ളുവെന്നും നോമ്പിന്റെ കാര്യത്തിൽ മറ്റെട്ടണ്ണത്തേക്കാളും ഗൗരവം കുറച്ചുകാണിക്കുകയാണ് അല്ലാഹു ചെയ്തിരിക്കുന്നതെന്നുമൊക്കെ ഖുർആനിലുള്ളത് പ്രകാരം വ്യക്തമാക്കി എഴുതുമ്പോൾ ഹൃദയംപൊട്ടുകയും "ഈ മാനിന്റെ കടുപ്പം" കൊണ്ട് രക്തം തുള്ളുകയും ചെയ്യുന്ന ചില അതിഭക്തൻമാരുണ്ടായിരിക്കാം. അവരോട് നമുക്ക് പറയാനുള്ളത് ഇതാണ് : നോമ്പിനേക്കാളും ഹജ്ജിനേക്കാളും വളരെയേറെ ഗൗരവത്തിൽ അല്ലാഹു എണ്ണിപ്പറഞ്ഞ അതിപ്രധാനമായ 5 ഇസ്ലാംകാര്യങ്ങൾ അബൂഹുറയ്റോ : യും കൂട്ടുകാരും കൂടി പരസ്യമായി കക്കുകയും അവയെല്ലാം ഇസ്ലാംകാര്യങ്ങളിൽ അവസാനത്തേതായിട്ടെങ്കിലും എണ്ണാതിരിക്കുയും ചെയ്തപ്പോൾ, അതിലൊന്നും ഇന്നേവരെ അണുവോളം ഹൃദയവേദന അനുഭവപ്പെടാത്ത് കൂട്ടർക്ക് നോമ്പിന്റെ കാര്യത്തിൽ മാത്രം 'ഹൃദയംപൊട്ടുക'യും 'രക്തം

തുള്ളുക' യും ചെയ്യുന്നുവെങ്കിൽ ആ പൊട്ടലും തുള്ളലും ഈമാനിന്റെ ലക്ഷണമ ല്ലെന്നും മറിച്ച് ഖുർആൻ നിഷേധത്തിന്റെയും കുഫ്റിന്റെയും ലക്ഷണമാണെന്നും ഇനിയെങ്കിലും മനസ്സിലാക്കേണ്ടകാലം വളരെ വൈകിയിരിക്കുന്നു.

## 10. ഹജ്ജ്

ഏത് മഹാപാപിയേയും അന്ന് പ്രസവിച്ച കുട്ടിയെപ്പോലെ ആക്കാൻമാത്രം പുണ്യമുള്ള ഏറ്റവും പ്രധാനപ്പെട്ടൊരു സൽകർമ്മം (അതെ ഇസ്‌ലാം കാര്യങ്ങളിൽ അഞ്ചാമത്തേത്) ആണ് ഹജ്ജെന്നും അത് കഴിഞ്ഞാൽ പിന്നെ ഇസ്‌ലാം കാര്യമെന്നു എടുത്ത് പറയാൻപറ്റിയ മറ്റൊന്നും ഇസ്‌ലാമിലില്ലെന്നുമാണല്ലോ ഇന്നോളമുള്ള മുസ് ലിംകളെ അബൂഹുറയ്റയും തന്റെ അനുയായികളുംകൂടി പഠിപ്പിച്ചുപോന്നിരിക്കു ന്നത്. എന്നാൽ ഖുർആൻ വഴിക്കുവഴി എണ്ണിപ്പറഞ്ഞതിൽ എല്ലാനിലക്കും 10-ാമ ത്തേതായിട്ടേ ഖുർആൻ ഹജ്ജിനെ എണ്ണിയിട്ടുള്ളൂ. ഒറ്റ പാപിയെയും ഹജ്ജ്കൊണ്ട് ശുദ്ധിയാക്കാമെന്നകാര്യം അല്ലാഹു ഏറ്റിട്ടുമില്ല. ഹജ്ജിന്റെ ഉദ്ദേശം മറ്റു ചിലതാണെന്ന് ഖുർആൻ തന്നെ വ്യക്തമാക്കുന്നുണ്ട്.

ആകെയാൽ : ഹജ്ജിനേക്കാൾ അല്ലാഹു പ്രാധാന്യം കൽപിച്ച മറ്റ് ഒമ്പതെ ണ്ണവും നിർവ്വഹിച്ചുപോരുന്നവർക്കല്ലാതെ പത്താമത്തെ കാര്യമായ ഹജ്ജ്കൊണ്ട് യാതൊരു ഫലവും കിട്ടുകയില്ലെന്നും ഖുർആനിന്റെ സിലബസ്സ് പ്രകാരം ഇസ്ലാം കാര്യങ്ങൾ പത്താണെന്നും അതിൽ പത്താമത്തേതാണ് ഹജ്ജെന്നും മുസ്ലിംസമുദാ യത്തെ പഠിപ്പിക്കാൻ മുആവിയയുടെയും അബൂഹുറയ്റയുടെയും പിൻഗാമിക ളായ അഹ് ലുൽ ഹദീസുകാരും സുന്നത്ത്ജമാഅത്ത്കാരും തയ്യാറില്ലെങ്കിൽ നബി യുടെയും നാലുഖലീഫമാരുടെയും പിൻഗാമികളായ ഖുർആൻ സുന്നത്ത്കാരെങ്കിലും തയ്യാറാവണമെന്നാണ് മുസ്ലിംസമുദായത്തോട് ഖുർആനിന്റെ പേരിൽ നമുക്കഭ്യർത്ഥി ക്കുവാനുള്ളത്.



## 10 ഇസ്ലാംകാര്യങ്ങൾ ഖുർആൻ തുടർച്ചയായി വിവരിച്ചതെവിടെ?

ഖുർആനിൽ ആദ്യം അവതരിച്ച 96-ാം അദ്ധ്യായത്തിലൂടെ ഇസ്ലാംകാര്യങ്ങ ളിലെ ഒന്നാമത്തെ വിഷയമായ അക്ഷരാഭ്യാസം അല്ലാഹു ഫർസാക്കി, എന്ന് മുമ്പ് വേണ്ടത്ര വിശദീകരിച്ചതാണല്ലോ. പിന്നീട് മുസ് ലിംകൾ സാധാരണ അനുവർത്തി ക്കേണ്ട വിശ്വാസാചാരങ്ങളെക്കുറിച്ചും കർമ്മപരിപാടികളെപ്പറ്റിയും ധാരാളം ഖുർ ആനികസൂക്തങ്ങൾ പല സന്ദർഭങ്ങളിലായ് അല്ലാഹു അവതരിപ്പിച്ചുകൊണ്ടിരു ന്നു. അതിൽനിന്നെല്ലാം ഇസ്‌ലാമിലെ പ്രധാന പ്രവർത്തനങ്ങളും കർമ്മങ്ങളു മൊക്കെ ക്രമപ്പെടുത്തേണ്ടതെങ്ങിനെയാണെന്നും ഏതിനൊക്കെയാണ് മുൻഗണന നൽകേണ്ടതെന്നും മനസ്സിലാക്കുന്നതിൽ സഹാബികളിൽ പലർക്കും തെറ്റ് പറ്റിയ തായി ഖുർആൻ പല സ്ഥലത്തും ചൂണ്ടിക്കാണിക്കുന്നുണ്ട്. ആ തെറ്റുകളെല്ലാം തിരുത്താനും മേലിൽ അതൊന്നും കണ്ടുപിടിക്കാൻ ഖുർആൻ പഠിച്ച ഒരാൾക്കും ഒരു പ്രയാസവും നേരിടാതിരിക്കാനും വേണ്ടി മുസ്ലിം സമുദായത്തിന്റെ മേൽ അല്ലാഹു അടിസ്ഥാനപരമായി ഫർസാക്കാനുദ്ദേശിച്ച പ്രധാനപ്പെട്ട 10 കാര്യങ്ങളിൽ ഏറ്റവു മാദ്യം ഫർസാക്കിയ ഒന്നൊഴിച്ച് [അക്ഷരാഭ്യാസമൊഴിച്ച്] ബാക്കി 9 എണ്ണവും ഒരേ അദ്ധ്യായത്തിൽ - ഖുർആനിലെ ഏറ്റവും വലുതും ആമുഖ പ്രാർത്ഥന (ഫാത്തിഹ :) ക്ക് ശേഷമുള്ള ഏറ്റവും ആദ്യത്തേതുമായ അദ്ധ്യായത്തിൽ - അഥവാ സൂറത്തുൽ ബഖറ ; യിൽ ഒരേ സ്ഥലത്ത് - വഴിക്ക് വഴിയായി - തുടർച്ചയായി - അല്ലാഹു വിവരിച്ചുതന്നു. ആ ഭാഗങ്ങളാണ് ഇനി നിങ്ങളെ കേൾപ്പിക്കാൻ പോകുന്നത്. വി : ഖുർആൻ 2 ; 177 മുതൽക്കാണതാരംഭിക്കുന്നത്. 2 : 203ൽ അതവസാനിക്കു കയും ചെയ്യുന്നു.

## ഖുർആൻ വിവരിക്കുന്നത് കാണുക !

ആദ്യമായി സഹാബികൾ മുതൽ ഇന്നേവരെ മുസ്ലിംകളിൽ പരക്കെ നില നിന്നുവരുന്ന ഏറ്റവും വലിയൊരു അന്ധവിശ്വാസത്തിന്ന് കത്തിവെച്ചുകൊണ്ടാണ് അല്ലാഹു വിവരണം ആരംഭിക്കുന്നത്. അതായത് നമസ്ക്കാരമാണ് ഇസ്ലാമിലെ

ഏറ്റവും വലിയ പുണ്യകർമ്മമെന്നും അതിനാൽ നമസ്ക്കാരത്തിന്റെ ശർത്തും ഫർസും രൂപങ്ങളുമൊക്കെ ശരിപ്പെടുത്തലാണ് ഇസ്ലാമിൽ അതിപ്രധാനമായതെന്നുമുള്ള ജൂതവിശ്വാസങ്ങൾ നിലനിർത്തുന്നവർ സഹാബികളിൽ പോലുമുണ്ടായിരുന്നെന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത്. അതിനാൽ ആ വിശ്വാസത്തെ ആദ്യം തന്നെ തരിപ്പണമാക്കിക്കൊണ്ടാണ് ഖുർആനിന്റെ തുടക്കംതന്നെ. അതിപ്രകാരമാണ് : "നമസ്ക്കാരത്തിൽ നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാട്ടോ തിരിച്ചു നിർത്തലോ [ഖിബ്ല : ശരിയാക്കലോ, അതുപോലുമുള്ളതോ] അല്ല പുണ്യകർമ്മം [മറിച്ച് താഴെ വിവരിക്കാൻ പോകുന്ന ചില പ്രധാന കാര്യങ്ങളാണ് പുണ്യകർമ്മങ്ങൾ]അതായത് ; അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും കിതാബുകളിലും പ്രവാചകൻമാരിലും വിശ്വസിക്കുക "(ഖു : 2 : 177) മേൽപറഞ്ഞകാര്യങ്ങളിൽ വിശ്വസിക്കലാണ് ഒന്നാമത്തെ പുണ്യകർമ്മമായി അല്ലാഹു എണ്ണിയത്. പ്രസ്തുത വിശ്വാസം അംഗീകരിച്ചുവെന്ന് തെളിയിക്കാനുള്ള ബാഹ്യമായ ചടങ്ങാണല്ലോ ശഹാദത്ത് ചൊല്ലുക എന്നത്. അതിനാൽ കുറച്ചെങ്കിലും അക്ഷരാഭ്യാസം തുടങ്ങിവെച്ചശേഷം ആദ്യമായി പഠിക്കേണ്ടതും അറിയേണ്ടതും ശഹാദത്തായതുകൊണ്ട് അതിനെ രണ്ടാമത്തെ ഇസ്ലാം കാര്യമായി എണ്ണാൻ ഇവിടെന്ന് നാം പഠിക്കേണ്ടതാണ്. നമസ്ക്കാരത്തിന്റെ മുമ്പായി എണ്ണേണ്ട പ്രധാന ഇസ്ലാം കാര്യമാണ് ശഹാദത്തെന്ന് ഖു : 70 ; 33 ലൂടെയും മറ്റും മുമ്പുണർത്തിയതുമാണല്ലോ. ഇനി മൂന്നാമത്തേതായി എണ്ണേണ്ടത് നമസ്ക്കാരമാണ്. പക്ഷെ പുണ്യകർമ്മങ്ങളെണ്ണുന്ന പരമ്പരയിൽ ഇവിടെ ശ്രദ്ധേയവും പ്രധാനവുമായ ഒരുമാറ്റം അല്ലാഹു വരുത്തിയിട്ടുണ്ട്. അതെന്തെന്നല്ലേ: ഈമാൻ കഴിച്ചാൽപിന്നെ ഏറ്റവും പുണ്യമായത് അർഹരായവർക്കിടയിൽ ധനം വിതരണം ചെയ്യലാണെന്നാണിവിടെ പഠിപ്പിക്കുന്നത്. അതായത് സകാത്ത് കൊടുക്കുകയെന്നതുതന്നെ. ആയതിന്ന് ഏറ്റവും ചുരുങ്ങിയത് ഒന്നിക്കെഴുനൂറ് എന്ന തോതിൽ പ്രതിഫലമുണ്ടെന്ന് ഖുർആൻ തന്നെ 2 : 261ൽ വ്യക്തമാക്കുന്നുണ്ട്. നമസ്ക്കാരത്തിന്നും അതുപോലുള്ള മറ്റാരാധനകൾക്കുമാണെങ്കിലോ/ ഒന്നിന്ന് പത്ത് എന്നതോതിൽ മാത്രമേ ഖുർആനിൽ പ്രതിഫലം പറഞ്ഞിട്ടുള്ളൂ. അതുകൊണ്ടാണ് നമസ്ക്കാരത്തേക്കാൾ ഇവിടെ (പുണ്യം വിവരിക്കുന്നേടത്ത്) ധനവിതരണത്തെ മുന്തിച്ചുപറഞ്ഞത്. തുടർന്ന് ഒരു മുസൽമാനെ ആദ്യമായും നിരന്തരമായും അഭിമുഖീകരിക്കുന്ന ഏകകാര്യം നമസ്ക്കാരമായതുകൊണ്ട് അതിനെ മൂന്നാമത്തേതായി എണ്ണുന്നു. ഒപ്പംതന്നെ സകാത്തിനെയും ആവർത്തിക്കുന്നു. സാധാരണ നമസ്ക്കാരത്തിന്റെശേഷം പറയാറുള്ള സകാത്തിനെ അതേസ്ഥാനത്തി



പ്പോൾ കാണാതെവന്നാൽ (ആദ്യം പറഞ്ഞെങ്കിലും) ചിലരെങ്കിലും ആശയക്കുഴപ്പത്തിലായെങ്കിലോ എന്നുകരുതിയാവണം വീണ്ടും അതാവർത്തിച്ചെണ്ണിയത്. അങ്ങിനെ ആദ്യം തുടങ്ങിവെച്ച സൂക്തം തുടരുന്നതിപ്രകാരമാണ് ;- ധനത്തോട് പ്രേമമുണ്ടായിരിക്കെതന്നെ (അർഹരായ) തന്റെ കുടുംബങ്ങൾക്കും അനാഥകൾക്കും അഗതികൾക്കും യാത്രക്കാർക്കും ആവശ്യക്കാർക്കും അടിമകൾക്കുമിടയിൽ ധനം വിതരണം ചെയ്യലാണ് പുണ്യകർമ്മം. (അതേപോലെ) നമസ്ക്കാരം നിലനിർത്തലും സകാത്ത് കൊടുക്കലും പുണ്യകർമ്മമാണ്. കൂടാതെ കരാർചെയ്താൽ അത് പാലിക്കലും പുണ്യകർമ്മംതന്നെ. (തീർന്നില്ല) ദാരിദ്ര്യഘട്ടത്തിലും പ്രതിസന്ധിവേളയിലും യുദ്ധാവസരങ്ങളിലും ക്ഷമ കൈക്കൊള്ളലും പുണ്യകർമ്മാണ്. മേൽപറഞ്ഞ കാര്യങ്ങളെല്ലാം ചെയ്യുന്നവരാണ് (തങ്ങളുടെ ഈമാനിൽ) സത്യസന്ധത പാലിച്ചവരും നിയമം സൂക്ഷിച്ചുജീവിക്കുന്നവരും. (ഖു ; 2: 177)

മേലുദ്ധരിച്ച സൂക്തത്തിലെ അവസാനത്തെ ഖണ്ഡിക "ജിഹാദി" നെയാണ് സൂചിപ്പിക്കുന്നതെന്ന് വ്യക്തമാണല്ലോ. തൊട്ട്മുമ്പ് കരാർപാലനത്തെപ്പറ്റിയും പറഞ്ഞു. അങ്ങിനെ ഇസ്ലാംകാര്യങ്ങളിൽ ആറെണ്ണംവരെ എണ്ണിത്തീർത്തു. പ്രസ്തുത ആറെണ്ണത്തിലോരോന്നിന്റെയും സന്ദർഭം വന്നപ്പോളൊക്കെ മറ്റിടങ്ങളിൽ വളരെ ഗൗരവത്തോടെ ആവർത്തിച്ചിട്ടുള്ളതുകൊണ്ട് അവയെ വഴിക്കുവഴി എണ്ണിക്കാണിക്കുക മാത്രമേ ഇവിടെ ചെയ്തിട്ടുള്ളു. തുടർന്ന് ബാക്കിയുള്ള നാലെണ്ണത്തെപ്പറ്റിയാണിനി വിവരിക്കാൻ പോകുന്നത്. അതിൽ മൂന്നെണ്ണത്തെ സംബന്ധിച്ചും മുമ്പൊരിക്കലും ആജ്ഞ നൽകയിട്ടില്ലാത്തത് കൊണ്ടും ഇക്കൂട്ടത്തിൽ അവയുംകൂടി ഫർസാണെന്ന് പഠിപ്പിക്കണമെന്നുദ്ദേശമുള്ളതുകൊണ്ടും "കുതിബഅലൈക്കും"(നിങ്ങളുടെമേൽ ഫർസാക്കപ്പെട്ടിരിക്കുന്നു) എന്ന വാചകം ഉപയോഗിച്ചുകൊണ്ടാണ് പ്രസ്തുത മൂന്നെണ്ണവും അല്ലാഹു തുടർച്ചയായി വിവിരിക്കുന്നത്. അതിലാദ്യത്തേത് 'ഖിസ്വാസും' രണ്ടാമത്തേത് വസിയ്യത്തും മൂന്നാമത്തേത് നോമ്പുമാണ്. അത് മൂന്നിനെപ്പറ്റിയുമാണ് 2 : 178 മുതൽ 2 : 187 വരെ ആവശ്യമായ വിശദീകരണത്തോടുകൂടി അല്ലാഹു വിവരിക്കുന്നത്. അവസാനമായി വിവരിക്കാനുള്ളത് ഹജ്ജാണ്. അത് മുമ്പ് തന്നെ അറബികൾക്ക് പരിയമുള്ള ഒരാരാധനയായതുകൊണ്ട് ഇപ്പോൾ ഫർസാക്കപ്പെട്ടിരിക്കുന്നുവെന്ന സൂചനയിൽ 'കുതിബ അലൈക്കും' എന്ന് അല്ലാഹു പറഞ്ഞില്ല. അതേസമയം ഇപ്പോഴത് പറയാതിരുന്നാൽ ഇസ്ലാംകാര്യങ്ങളിൽ അതിനെ എണ്ണേണ്ടതില്ലെന്നും ധരിക്കാനിടയുണ്ടല്ലോ. അപ്പോൾ പത്താമതായി

ഹജ്ജിനെപ്പറ്റിയും പറഞ്ഞു. എന്നാൽ ഹജ്ജിനോടൊപ്പം നിർവ്വഹിക്കേണ്ട ഒരു കർമ്മവും കൂടിയുണ്ട്. അതാണ് 'ഉംറ:'. അതിനെ പതിനൊന്നാമത്തെ ഒരു കാര്യമായി എണ്ണാൻമാത്രം പ്രധാന്യമില്ലാതിരുന്നപ്പോൾ ഹജ്ജിന്റെ കൂടെത്തന്നെ അതിനെ കൂട്ടിഎണ്ണുകയാണ് അല്ലാഹു ചെയ്തത്. അങ്ങിനെ പ്രധാന പുണ്യകർമ്മങ്ങളായി വിവരിച്ചുപോന്ന ഇസ്ലാംകാര്യങ്ങൾ പത്ത് വരെ എണ്ണിത്തീർക്കുയും അതോടൊപ്പം ഇസ്ലാംകാര്യങ്ങൾ പ്രസ്തുത പത്തോടെ പൂർത്തിയാക്കുക! എന്ന സൂചന നൽകും വിധം (ഇനി) 'ഹജ്ജും ഉംറോ:'യും അല്ലാഹുവിന്ന് വേണ്ടി നിങ്ങൾ പൂർത്തിയാക്കുക! (2 : 196) എന്ന പ്രത്യേക വാചകത്തോടെ 'പത്ത് കൽപനകൾ' അല്ലാഹു അവസാനിപ്പിക്കുകയും ചെയ്തു. അനന്തരം ഹജ്ജിന്റെ പേരിൽ ധാരാളം അനാചാരങ്ങൾ അവിടെ നിലനിന്നിരുന്നത് കൊണ്ടും പിന്നീട് ധാരാളം കടന്ന് കൂടാനിടവരുമെന്നത് കൊണ്ടുമായിരിക്കണം അല്ലാഹുതന്നെ ഹജ്ജിന്റെ കർമ്മങ്ങളെപ്പറ്റി വിശദമായൊരു വിവരണവും നൽകി. അബൂഹുറയ്റയെപ്പോലുള്ളവർ ജൂതായിസങ്ങൾ കുത്തിക്കയറ്റി നോമ്പിനെ സങ്കീർണ്ണമാക്കുമെന്ന് അല്ലാഹുവിന് മുൻകൂട്ടി അറിവുള്ളതുകൊണ്ടായിരിക്കാം നോമ്പിന്റെ കാര്യത്തിലും (അതിനെ ലഘൂകരിക്കുവാനും ഇളവുകളനുവദിക്കുവാനും വേണ്ടി) പൂർണ്ണമായൊരു വിശദീകരണം അല്ലാഹു നൽകുകയുണ്ടായി. വിവിധ ഘട്ടങ്ങളുള്ള ജിഹാദിന്റെ ആദ്യഘട്ടവും എല്ലാവരും പൊതുവെ പ്രാവർത്തികമാക്കേണ്ടതുമായ 'ക്ഷമയവലംബിക്കുക' എന്ന കാര്യം മാത്രം ആദ്യം സൂചിപ്പിച്ചുപോയത്കൊണ്ട് ജിഹാദിന്റെ അവസാനഘട്ടവും അത് തന്നെയാണെന്ന് തെറ്റിദ്ധരിക്കാതിരിക്കാനും അവസാന ഘട്ടമായ പ്രതിരോധയുദ്ധവും ഫർസാണെന്ന് പഠിപ്പിക്കാനും പത്താമത്തെ കാര്യമായ ഹജ്ജ് നിർവ്വഹിക്കാൻ മുസ്ലിംകൾക്ക് കഴിയണമെങ്കിൽ വമ്പിച്ചൊരു പ്രതിരോധയുദ്ധത്തിന് (മക്കം ഫത്ഹിന്ന്) ഇപ്പോൾതന്നെ തയ്യാറെടുക്കണമെന്നുണർത്തുവാനും വേണ്ടി ജിഹാദിനെപ്പറ്റിയും കാര്യമായൊരു വിവരണം ഹജ്ജിനെപ്പറ്റി പറയുന്നതിന്ന് മുമ്പ് അല്ലാഹു നൽകുകയുണ്ടായി. ചുരുക്കത്തിൽ 2:177 മുതൽ 2:203 വരെയുള്ള സൂക്തങ്ങളിൽ ഇസ്ലാമിലെ പ്രധാന കർമ്മപദ്ധതികളെപറ്റിയും അവയുടെ ക്രമത്തെക്കുറിച്ചും വഴിക്ക് വഴിയായി വിവരിക്കുകയും ഇടയിൽ ആവശ്യമായതിനൊക്കെ വിശദീകരണം നൽകുകയുമാണ് അല്ലാഹു ചെയ്തിരിക്കുന്നത്. ആ ഭാഗങ്ങൾ ശരിക്കൊന്ന് മനസ്സിരുത്തി വായിച്ചാൽ അൽപമെങ്കിലും ബുദ്ധിയുള്ള ആർക്കും വ്യക്തമായി ഗ്രഹിക്കാവുന്ന യാഥാർത്ഥ്യങ്ങളാണിതെല്ലാം.



# മഹാൽഭുതം തന്നെ

മേൽവിവരിച്ച രൂപത്തിൽ ഒരേ അദ്ധ്യായത്തിൽ ഒരേ സ്ഥലത്ത് തുടർച്ചയായി പരസ്പരബന്ധത്തോടുകൂടി അല്ലാഹു വിവരിച്ചുതന്ന കാര്യങ്ങൾ അതേപടി മനസ്സിലാക്കാൻ മുആവിയയുടെയും അബൂഹുറയ്റയുടെയും പിൻഗാമികളായ ഖുർആനില്ലാത്ത അഹ്ലുൽ ഹദീസുകാരിലും സുന്നത്ത് ജമാഅത്ത്കാരിലും പെട്ട ഒറ്റ തലമുറയും തയ്യാറാവാതെ, അവയിൽ നിന്ന് അതിപ്രധാനമായ അഞ്ചെണ്ണം പരസ്യമായി കട്ടുകൊണ്ട് അബൂഹുറയ്റയും കൂട്ടുകാരും കെട്ടിച്ചമച്ചുണ്ടാക്കിയ കള്ളഹദീസിലെ കള്ളക്കണക്കിന്ന് മാത്രമേ അവർക്കിടയിൽ ഇന്ന് വരെ പ്രചാരമുണ്ടായുള്ളൂവെന്ന് വരുമ്പോൾ അബൂഹുറയ്റയുടെയും കൂട്ടുകാരുടെയും കള്ളഹദീസുകൾക്ക് അവരിലുണ്ടായിരുന്ന സ്വീകാര്യതയുടെയും പ്രാമാണികതയുടെയും അര ശതമാനംപോലും വിശുദ്ധ ഖുർആനിന്നുണ്ടായിരുന്നില്ലെന്നല്ലേ ഈ മഹാ അട്ടിമറി സംഭവത്തിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. ഇത്തരം അട്ടിമറികൾക്ക് കൂട്ടുനിൽക്കാത്ത - മുആവിയക്കും അബൂഹുറയ്റയുടെയും മറ്റും കള്ളഹദീസുകൾക്കുമെതിരിൽ രൂപംകൊണ്ട- യഥാർത്ഥ ഖുർആൻ വിശ്വാസികളായ സകല മുസ്ലിം പാർട്ടികളേയും കാഫിറുകളും മുബ്ത്തദിഉകളും - വഴിപിഴച്ചവരും വഴിപിഴപ്പിക്കുന്നവരുമായി മുദ്രകുത്തുകയും അവരെല്ലാം നരകത്തിലാണെന്ന് അബൂഹുറയ്റയുടെതന്നെ കള്ളഹദീസുകളിലൂടെ സുന്നത്ത് ജമാഅത്ത്കാർ വിധി പ്രസ്താവിക്കുകയും ചെയതുകൊണ്ട് ഖുർആനികാദർശങ്ങൾ പൊക്കിപ്പിടിച്ചിരുന്ന പ്രഗൽഭരും പ്രധാനികളുമായിരുന്ന എത്ര എത്ര മഹാൻമാരേയും അവരുടെ എത്ര എത്ര ഗ്രന്ഥങ്ങളേയുമാണ് അബൂഹുറയ്റയുടെയും മറ്റും അനുയായികൾ നാമാവശേഷമാക്കിയത്. അവർതന്നെ കണക്കാക്കിപ്പറയുന്ന 73 പാർട്ടികളിൽ അവരുടേതല്ലാത്ത 72 പാർട്ടികളിൽ ഏതെങ്കിലുമൊരു പാർട്ടിയുടെ വല്ല തഫ്സീറുകളോ ഹദീസ്ഗ്രന്ഥങ്ങളോ ഫിഖ്ഹ് ഗ്രന്ഥങ്ങളോ ഉസൂൽ- അഖാഇദ് ഗ്രന്ഥങ്ങളോ ഏതെങ്കിലുമൊന്ന് അവരുടെ അനുയായികൾക്കിടയിൽ പ്രചാരപ്പെടുത്താൻ ഇക്കാലംവരെ അവർ സമ്മതിച്ചിട്ടുണ്ടോ? അതില്ലെന്നതല്ലേ സത്യം. എന്നിട്ടവരിപ്പോൾ ചോദിക്കുന്നു: "അബൂഹുറയ്റ പഠിപ്പിച്ചത് പ്രകാരം , ഞങ്ങളിതുവരെ പറഞ്ഞിരുന്നത് പോലെയല്ലാതെ, ഖുർആനിലുള്ളത്പ്രകാരം ഇസ്ലാം കാര്യങ്ങൾ പത്തെന്നോ ഈമാൻകാര്യങ്ങൾ അഞ്ചെന്നോ എണ്ണിപ്പറഞ്ഞ ആരെയെങ്കിലും ലോകത്ത് കാണിച്ചുതരാൻ നിങ്ങൾക്ക് കഴിയുമോ" ? എന്ന്. വല്ലാത്തൊരു ചോദ്യംതന്നെ ! അതിന്നൊരു മറുചോദ്യമാണുള്ളത്. അബൂഹുറയ്റയുടെ പാർട്ടിക്കാരായ നിങ്ങളല്ലാത്ത

മറ്റു 72 പാർട്ടിക്കാരിൽ ഖുർആൻ പഠിച്ച ഏതെങ്കിലുമൊരു പാർട്ടി നിങ്ങൾ പറയുന്നപ്രകാരം പറഞ്ഞതായി കാണിച്ചുതരാൻ നിങ്ങൾക്ക് സാധ്യമാണോ ? എന്നും അത്തരക്കാരുടെ ഏതെങ്കിലും ശരിയായ ഗ്രന്ഥങ്ങൾ കാണിച്ചുതരാൻ നിങ്ങൾക്ക് കഴിയുമോ യെന്നുമാണാചോദ്യം. ആ ഗ്രന്ഥങ്ങൾ കാണിച്ചുതന്നാൽ ഖുർആനിലുള്ളത്പ്രകാരം സത്യംമാത്രം പറഞ്ഞ ധാരാളം മുസ്ലിംപണ്ഡിതൻമാരെ ഞങ്ങൾ കാണിച്ചുതരാം. അപ്പോൾ നിങ്ങളുടെ ആൾക്കാർ നാമാവശേഷമാക്കിയ അത്തരം ഗ്രന്ഥങ്ങളൊന്നും കാണിക്കാൻ നിങ്ങൾക്ക് സാധ്യമല്ലെങ്കിൽ അതിലെ അഭിപ്രായങ്ങൾ കാണിക്കാൻ ഞങ്ങൾക്കും സാധ്യമല്ല. അതൊന്നും കാണിച്ചുതരേണ്ട ചുമതലയും ഞങ്ങൾക്കില്ല. ഖുർആനിലുള്ളതു പറയൽ മാത്രമാണ് ഞങ്ങളുടെ ചുമതല. അത് ഞങ്ങൾ ചെയ്യുന്നുമുണ്ട്. അതിന് മറുപടി പറയലോ മറുപടിയില്ലെങ്കിലത് സമ്മതിക്കലോ നിങ്ങളുടെ ചുമതലയുമാണ്.

# 10 ഇസ് ലാംകാര്യം നബി പഠിപ്പിച്ചപ്പോൾ നബിക്ക് 20 ഉപ്പാപ്പയുണ്ടെന്ന് പഠിച്ചു; ഇസ്ലാം കാര്യം പത്തുണ്ടെന്ന് ഇന്നേ വരെ പഠിച്ചതുമില്ല.

### മതപഠനത്തിന്റെ തലതിരിഞ്ഞത് നോക്കുക !

ഖുർആനിൽ ആദ്യംതന്നെ 10 ഇസ്ലാംകാര്യം അല്ലാഹു വഴിക്കുവഴി പഠിപ്പിച്ചത് നാം കണ്ടുകഴിഞ്ഞു. അപ്പോൾ അതേ ഇസ്ലാംകാര്യം നബി സഹാബികളെ പഠിപ്പിച്ചിട്ടുണ്ടെന്ന് വിശ്വസിക്കൽ നമുക്ക് നിർബ്ബന്ധവുമാണ്. പക്ഷെ, മുആവിയയുടെ കാലത്ത് അബൂഹുറയ്റ: മതം പഠിപ്പിക്കാൻ രംഗത്ത് വന്നപ്പോൾ തന്റെ പാർട്ടി



യായ സുന്നത്ത് ജമാഅത്ത്കാരെ പ്രസ്തുത പത്ത് കാര്യം പഠിപ്പിക്കാൻ താൻ തയ്യാറായില്ല. ഇന്നേവരെ അവരതൊട്ട് പഠിച്ചതുമില്ല. എങ്കിലും 10 ഇസ്ലാം കാര്യത്തിന്ന് പകരം വേറെ ഒരിരുപത് 'കാര്യം' അവർ പഠിച്ചിട്ടുണ്ട്. നബിയുടെ 20 ഉപ്പാപ്പമാരുടെ പേരുകളാണത്. ആരാണത് പഠിക്കാൻ പറഞ്ഞതെന്ന് ചോദിച്ചാൽ അതിനുത്തരമില്ല. അല്ലാഹു അത് പറഞ്ഞിട്ടില്ല. നബിയും പറഞ്ഞിട്ടില്ല. പിന്നെ സഹാബികളാരെങ്കിലും പറഞ്ഞുവോ? അതുമില്ല. എന്നാൽ പിന്നെന്തിനാണതൊക്കെ അച്ചടിച്ചുപഠിപ്പിക്കുന്നത്. പിഞ്ചുകുട്ടികളുടെ മസ്തിഷ്ക്കത്തിൽ അനാവശ്യ 'ലോഡ്' കയറ്റികൂട്ടുകയല്ലാതെ എന്താണത്കൊണ്ടുള്ള നേട്ടം? സമസ്തയുടെ പ്രൈമറിക്ലാസുകളിൽ വലിയ 'ആനക്കാര്യ' മായി ഇപ്പോഴും അതൊക്കെ പഠിപ്പിച്ചുപോരുന്നുണ്ട് പോൽ !

നബിയുടെ 20 ഉപ്പാപ്പമാരുടെ പേര് പോയിട്ട് ഒരുപ്പാപ്പന്റെ പേരുപോലും പടിക്കൽ ഫർസോ സുന്നത്തോ ആണെന്നതിന്ന് ഇസ്ലാമിൽ യാതൊരു തെളിവുമില്ലെന്നതാണ് സത്യം. എന്നിട്ടും അതൊക്കെ കൃത്യമായി പഠിപ്പിക്കുന്നവർ ഖുർആനിൽ വളരെ വ്യക്തമായി തെളിഞ്ഞുകിടക്കുന്ന മേൽവിവരിച്ച കാര്യങ്ങൾ ഇന്നേവരെ പഠിപ്പിക്കാൻ തയ്യാറില്ലെന്ന് വരുമ്പോൾ അബൂഹുറയ്റയുടെ പാർട്ടി ഖുർആനിനെ പറ്റെ ധിക്കരിച്ചിരിക്കുന്നുവെന്നല്ലേ അതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്?

# 10 ഇസ് ലാം കാര്യത്തിന്ന് പകരം വേറെചില പത്തുകളും പഠിച്ചു

പത്ത് എന്നത് സംഖ്യയിലെ ആദ്യത്തെ തുകയായതുകൊണ്ടും ആദ്യത്തെ തുകവരെ ചില കാര്യങ്ങളെങ്കിലും എണ്ണിത്തികക്കണമെന്ന ആഗ്രഹം കൊണ്ടുമായിരിക്കണം വേറെ ചിലപത്തുകൾ സുന്നത്ത് ജമാഅത്തുകാർ പഠിപ്പിച്ചുപോരുന്നത്. ഉദാഹരണമായി പത്ത് മലക്കുകളുടെ പേരുകൾ അവർ കുട്ടികളെ പഠിപ്പിക്കാറുണ്ട്. അങ്ങിനെ പത്ത്പേരുകൾ ഖുർആനിലൊ ശരിയായ ഹദീസിലോ ഇന്നു

വരെ കണ്ടെത്തിയിട്ടില്ല. അതിൽ ചിലത് മാത്രമേ അത് രണ്ടിലും കാണുകയുള്ളൂ. പിന്നെന്തിന് പത്ത് തികച്ച് പഠിക്കുന്നു? ഇസ്ലാമിന്റേതായ ഏതെങ്കിലും കാര്യങ്ങൾ ഒരു തുകയായി പഠിച്ചുവെക്കാനുള്ള ആഗ്രഹംകൊണ്ട്തന്നെയായിരിക്കും അതല്ലേ?

## ഒരുദാഹരണവും കൂടി :

സ്വർഗ്ഗംകൊണ്ടു നബി സന്തോഷവാർത്തഅറിയിച്ച പത്ത് സാഹബികളുണ്ടത്രെ ! അങ്ങിനെയൊരു പത്തും നമ്മൾ പഠിക്കണംപോൽ! അപ്പോൾ ആ പത്തുപേരുടെ കാര്യത്തിലല്ലാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്ന കാര്യം ഉറപ്പാക്കിപ്പറയാൻ ആർക്കും നിവൃത്തിയില്ലെന്ന് സാരം. എന്നാൽ 10 പേരോ 100 പേരോ 1000 പേരോ അല്ല, സഹാബികളിൽ സ്വർഗ്ഗംകൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ടവർ......! ആദ്യ മഹാജിറുകളും ആദ്യ അൻസാറുകളുമൊക്കെ സ്വർഗ്ഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ടവരാണ്. അതറിയിച്ചത്. അല്ലാഹുവാണ് താനും. അത് ഖുർആനിൽ പലയിടത്തും കാണാം. പിന്നെന്തിനാണ് ഒരു പത്തുപേരാക്കിച്ചുരുക്കിയത്. അതെളുപ്പം പഠിച്ചു മനഃപാഠമാക്കാൻ പറ്റിയ ഒരു ചെറിയ തുകയായതുകൊണ്ടുതന്നെയാവാം അല്ലേ? അപ്പോൾ വേണ്ടാത്ത പല പത്തുകളും പഠിക്കാം. പോരെങ്കിൽ 20ഉം പഠിക്കാം. പക്ഷെ, അല്ലാഹു വളരെ ഗൗരവത്തോടും പ്രാധാന്യത്തോടുംകൂടി നമ്മുടെ നിലനിൽപിന്നും അഭിവൃദ്ധിക്കും പുരോഗതിക്കും വേണ്ടി പഠിപ്പിച്ച പത്ത് കൽപനകൾമാത്രം പഠിക്കാൻ 1350 വർഷംകഴിഞ്ഞിട്ടും ആരും തയ്യാറില്ല. അതിനിന്നുവരെ സിലബസ്സുമില്ല. ഇനിയെങ്കിലും ആർക്കെങ്കിലും അത് പഠിക്കാനോ പഠിപ്പിക്കാനോ പാടുണ്ടോ? അതുമില്ല. ഖുർആനിനോടിത്രയും കടുത്ത ധിക്കാരം കാണിച്ച മറ്റൊരു വർഗ്ഗത്തെ ലോകത്ത് കാണാൻ സാധ്യമല്ലെന്നതാണ് പരമാർത്ഥം. ഖുർആൻ വലിച്ചെറിഞ്ഞുകൊണ്ട് ''സുന്നത്ത് ജമാഅത്ത്'' ''സുന്നത്ത് ജമാഅത്ത് ''എന്ന ഏകമുദ്രവാക്യവുമായി ഇക്കൂട്ടർ പെരുമ്പറയടിച്ചുനടക്കുന്നത് വെറുതെയാണോ? അബൂഹുറയ്റയുടെയും മറ്റും വാറോലകൾ വലിച്ചെറിഞ്ഞുകൊണ്ട് ഖുർആനിലെ സത്യങ്ങൾ സ്വീകരിക്കാൻ മേലിലെങ്കിലും നാം തയ്യാറാവുകയാണെങ്കിൽ ലോകത്തിലെ ഏറ്റവും വലിയ ഉന്നതൻമാരും ഉത്തമൻമാരും നാം തന്നെയാകുമെന്ന കാര്യത്തിൽ സംശയമില്ല. അല്ലാഹു നമുക്ക് നല്ല ബുദ്ധി തോന്നിക്കുമാറാകട്ടെ.



# 10 ഇസ് ലാം കാര്യത്തെപറ്റി ശ്രദ്ധേയമായൊരഭിമുഖ സംഭാഷണം

ദക്ഷിണകേരളത്തിലെ ഒരു സ്വതന്ത്രചിന്തകനും വിദ്യാസമ്പന്നുമായ ഒരു പ്രഗൽഭ വ്യക്തിയുമായി കുറച്ചു ദീർഘിച്ചു സംസാരിക്കാൻ എനിക്കൊരവസരം ലഭിച്ചു. മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ഖുർആൻ പരിഭാഷകൾ താൻ വായിക്കാനും പഠിക്കാനും തുടങ്ങിയിട്ട് 30 ഓളം വർഷമായെന്ന് പറഞ്ഞു. അങ്ങിനെ ഞങ്ങളിരുവരും കൂടി ഖുർആനിലെ പല കാര്യങ്ങളെക്കുറിച്ചും ചർച്ചകളാരംഭിച്ചു. അവസാനം ഖുർആനിൽ ഇസ്ലാംകാര്യം അഞ്ചല്ല പത്തുണ്ടെന്ന എന്റെ വാദത്തിലെത്തി. അത് വളരെ ശക്തിയായി ഞാൻ സ്ഥാപിച്ചുകൊടുക്കുകയും ചെയ്തു. അതിനെ ഖണ്ഡിക്കാൻ അദ്ദേഹം കുറച്ചൊക്കെ ശ്രമിച്ചെങ്കിലും സംഗതി വിജയിക്കുകയില്ലെന്ന് കണ്ടപ്പോൾ താൻ അടവൊന്നുമാറ്റി. അങ്ങിനെ താൻ പറഞ്ഞു: സൂറത്തുൽ ബഖറയിൽ ഇത്രയും വ്യക്തമായി തെളിഞ്ഞു കിടക്കുന്നൊരു കാര്യം ലോകത്തിലുള്ള ഒറ്റ പണ്ഡിതന്റെയും ശ്രദ്ധയിൽപെട്ടില്ലെന്നോ? അതെങ്ങിനെ വിശ്വസിക്കാനാകും.? അപ്പോൾ താങ്കളുടെ വാദത്തിൽ എന്തോ പന്തികേടുണ്ടെന്നല്ലേ അത് തെളിയിക്കുന്നത്. അതിനാൽ ആ വാദം അംഗീകരിക്കാൻ എനിക്ക് നിർവ്വാഹമില്ല. ഇതാണ് മേപ്പടിയാൻ പറഞ്ഞ മറുപടി. അതിന്നെന്റെ മറുപടി ഇതായിരുന്നു: ലോകത്തിലെ ഒറ്റ പണ്ഡിതന്റെയും ശ്രദ്ധയിൽ ഇന്നേവരെ അതൊന്നും പെട്ടിട്ടില്ലെന്നവാദം വെറും പൊള്ളയാണ്. കാരണം: നമുക്കാർക്കും ലോകത്തുള്ള പണ്ഡിതൻമാരിലെ ഒരു ശതമാനത്തിന്റെ പേര്പോലും അറിയില്ലല്ലോ. അതറിയേണ്ടതുമില്ല. എന്നിട്ടാണോ അവരുടെ പാണ്ഡിത്യത്തെപറ്റിയും അഭിപ്രായങ്ങളെ സംബന്ധിച്ചും നമുക്കറിയാൻ കഴിയുക! അതൊരിക്കലുമില്ല. സുന്നത്ത് ജമാഅത്ത്കാരുടെ പ്രധാന പ്രതിപക്ഷക്കാരായ ശീആ - മുഅ്തസിലികളിൽ പ്രഗൽഭരായ അനേകം പണ്ഡിതൻമാരുണ്ടായിരുന്നുവെന്ന് സുന്നീപണ്ഡി

തൻമാർപോലും സമ്മതിച്ചതാണ്. അവരൊക്കെ ധാരാളം ഖുർആൻ വ്യാഖ്യാനങ്ങളും കർമ്മശാസ്ത്ര ഗ്രന്ഥങ്ങളും മറ്റും എഴുതീട്ടുണ്ടെന്നും അവർ രേഖപ്പെടുത്തിയിരിക്കുന്നു. പക്ഷേ, അതൊന്നും തന്നെ സുന്നത്ത് ജമാഅത്ത്കാരുടെ ഒറ്റക്കോളേജിലും ലോകത്തിലെ ഏറ്റവും വലിയ ഇസ്‌ലാമിക യൂനിവേഴ്സ്റ്റിയായ അൽ - അസ്ഹർ സർവ്വകലാശാലയിൽപോലും കണ്ടെത്താൻ സാധ്യമല്ല. അതായത്: സുന്നത്ത് ജമാഅത്ത്കാരും അബൂഹുറയ്റാ താവഴിക്കാരുമായ നാലു മദ്ഹബുകാരുടെയും അഹ് ലുൽ ഹദീസുകാരുടെയും ഗ്രന്ഥങ്ങളല്ലാതെ മറ്റുപാർട്ടിക്കാരുടെ ഒറ്റഗ്രന്ഥവും ലോകമുസ്ലിം ഭൂരിപക്ഷത്തിന്റെ ഒറ്റ മതസ്ഥാപനത്തിലും ലൈബ്രറികളിലും പഠിപ്പിക്കുകയോ പരിശോധിക്കുകയോ പാരായണം ചെയ്യപ്പെടുകയോ ചെയ്യുന്നില്ല. ഇമാം അബൂഹനിഫ: ഒരു പ്രഗൽഭ ഖുർആൻ പണ്ഡിതനും അബൂഹുറയ്റാ വിരുദ്ധനുമായിരുന്നത് മൂലം അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ പോലും പറ്റെ നാമാവശേഷമാക്കുകയാണ് ലോകപുരോഹിതൻമാരെല്ലാം ചെയ്തത്. എന്നിട്ടോ? ഏതോ ഒരു ജൂതൻ നിർമ്മിച്ചതും അബൂഹുറയ്റയുടെ ചില ജൂതായിസങ്ങളടങ്ങിയതുമായ "അൽഫിഖ്ഹുൽഅക്ബർ" എന്ന ഒരു വാറോലഗ്രന്ഥം ഇമാം അബൂഹനീഫയുടെ പേരിൽ അവർ ലോകത്തൊട്ടാകെ പ്രചരിപ്പിച്ചു. അങ്ങിനെയുള്ള കാലഘട്ടക്കാരിലൂടെ നമുക്ക് ലഭിച്ച ചരിത്രങ്ങളിലും വിജ്ഞാനങ്ങളിലും യഥാർത്ഥ ഖുർആൻ പണ്ഡിതൻമാരുടെ അറിവുകളും അഭിപ്രായങ്ങളും പ്രതിഫലിച്ചു കാണുന്നില്ലെങ്കിൽ അതിന്റെയർത്ഥം: അവരാരും ഖുർആനിക സത്യങ്ങൾ മനസ്സിലാക്കിയിട്ടില്ലെന്നല്ല. പിന്നെയോ; അവർ മനസ്സിലാക്കിയ സത്യങ്ങളൊന്നും നമുക്ക് ലഭിച്ചില്ലെന്ന് മാത്രമാണ്. അതുകൊണ്ട് പൂർവ്വീകരാരും ഇതൊന്നും പറയാതിരിക്കാൻ കാരണമെന്തെന്ന ചോദ്യത്തിന്ന് യാതൊരർത്ഥവുമില്ലെന്ന് നാം മനസ്സിലാക്കണം. പൂർവ്വീകരാരെങ്കിലും ഖുർആനിലെ സത്യങ്ങൾ പറഞ്ഞോ പറഞ്ഞില്ലയോ എന്നൊന്നും തെളിയിക്കേണ്ട ചുമതലയും നമുക്കില്ല. ഖുർആനിൽ നിന്ന് തെളിയുന്ന സത്യങ്ങളോ- ഖുർആൻ സമഗ്രമായി പരിശോധിച്ചുകൊണ്ട് കണിശമായി തെളിയിക്കപ്പെടുന്ന ഇസ്ലാമികനിയമങ്ങൾ- സ്വീകരിക്കുകയോ അതിന്ന് മറുപടി പറയുകയോ ചെയ്യലാണ് നമ്മുടെ ചുമതല. അതിനാൽ ഖുർആൻകൊണ്ട് ഞാൻ സമർത്ഥിച്ച 10 ഇസ്‌ലാം കാര്യങ്ങളെപ്പറ്റി താങ്കൾക്കെന്ത് പറയാനുണ്ടെന്നാണെനിക്കറിയേണ്ടത്. കൂടാതെ മറ്റൊരു കാര്യവുംകൂടി ചോദിക്കാം; പൂർവ്വീകരിൽ ആരുടെയും ശ്രദ്ധയിൽ ഖുർ



ആനിലെ ഈ സത്യം പെടാതിരിക്കാൻ കാരണമെന്തന്നല്ലേ നിങ്ങളുടെ ചോദ്യം. എന്നാൽ നിങ്ങൾ ഖുർആൻ വായിക്കാനും പഠിക്കാനും തുടങ്ങിയിട്ട് 30 ഓളം വർഷമായില്ലേ? എന്നിട്ട് അൽബഖറ:യിൽ ഒരേസ്ഥലത്ത് വഴിക്ക് വഴിയായും തുടർച്ചയായും പറഞ്ഞ പത്ത് കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ ഇക്കാലം വരെ പെടാതിരിക്കാൻ കാരണമെന്ത് ? ലോകപുരോഹിതൻമാരെല്ലാം പഠിപ്പിച്ച 5 ഇസ്ലാം കാര്യം വിവരിച്ചിട്ടുള്ള ഖുർആനിലെ ഏകസ്ഥലമാണല്ലോ അൽബഖറയിലെ മേൽപറഞ്ഞഭാഗം. പക്ഷേ, ആ അഞ്ചെണ്ണത്തിന്നിടയിൽ- മുമ്പോ, പിമ്പോ അല്ല - പ്രധാനപ്പെട്ട മറ്റൊരഞ്ചെണ്ണവും കൂടി വിവരിച്ചത് കണ്ണുള്ളവർക്കൊക്കെ കാണാവുന്നതാണല്ലോ എന്നിരിക്കെ ആ പ്രധാനപ്പെട്ട അഞ്ചെണ്ണം അപ്പടി തട്ടിക്കൊണ്ടും പകരം ആകെയുള്ള 10ൽനിന്ന് അപ്രധാനവും മതക്കച്ചവടത്തിന്ന് പറ്റിയതുമായ മൂന്നെണ്ണം (നമസ്ക്കാരം, നോമ്പ്, ഹജ്ജ്) ഉൾപ്പെടുത്തിക്കൊണ്ടും അഞ്ചെണ്ണം മാത്രം തെരഞ്ഞെടുത്തതും അത് മാത്രം ലോകത്തൊട്ടാകെ പ്രചരിപ്പിക്കുകയുമല്ലേ ലോകപുരോഹിതൻമാരെല്ലാം ചെയ്തത്. 30 വർഷം ഖുർആൻ പഠിച്ചിട്ടും മേൽപറഞ്ഞതിനെ പറ്റിയൊന്നും നിങ്ങൾ തീരെ ചിന്തിക്കാതിരിക്കാൻ കാരണമെന്ത് ? അപ്പോൾ അറബിയും ഇംഗ്ലീഷും ഉർദുവും മലയാളവുമെല്ലാം പഠിച്ച ഖുർആൻ ഗവേഷകരായ നിങ്ങളെപ്പോലുള്ള നൂറുകണക്കിൽ പണ്ഡിത കേസരികൾ ഇന്ന് ലോകത്തുണ്ടായിട്ടും അവരിൽ ആരുടെയും ശ്രദ്ധയിൽ ഇന്നേവരെപെടാത്ത ഒരു സത്യം അറബിമാത്രം പഠിച്ച പൂർവ്വപണ്ഡിതൻമാരുടെ ശ്രദ്ധയിൽപെട്ടില്ലെങ്കിൽ അതിനെന്താണൽഭുതപ്പെടാനുള്ളത്? ഒന്നുമില്ല. അതൊക്കെ കേവലം സ്വാഭാവികം മാത്രമാണ്. അതായത്: അബൂഹുറയ്റാ കമ്പനിക്കാർ പഠിപ്പിച്ചതാണ് 'സുന്നത്തെ'ന്നും ആ സുന്നത്തും അതേ സുന്നത്തിന്റെ ജാഅത്തുമാണ് ഇസ്‌ലാമെന്നും വിശ്വസിക്കുന്ന കാലത്തോളം ഖുർആനിലെ ഇസ്ലാംകാര്യങ്ങളോ ഒന്നും തന്നെ അവരുടെ ശ്രദ്ധയിൽ പെടുകയില്ലെന്ന കാര്യം തീർച്ചയാണ്. നിങ്ങളെപ്പോലുള്ളവരുടെ ഗവേഷണങ്ങളെല്ലാം അതിന്ന് മതിയായ ദൃഷ്ടാന്തവുമാണ്.

ഇത്രയും കാര്യങ്ങൾ ഈയുള്ളവൻ സമർത്ഥിച്ചു കൊടുത്തപ്പോൾ ചിന്തകനും പണ്ഡിതനും ഖുർആൻ ഗവേഷകനുമായമേൽപറഞ്ഞ വ്യക്തി മൂളിയും മുരളിയും സമയം തള്ളനീക്കിയതല്ലാതെ, ശരിക്കൊരു മറുപടിയും പറയുകയുണ്ടായില്ല. ലോകത്തൊരു പുരോഹിതന്നും അതിനൊന്നും മറുപടി പറയാൻ കഴിയുകയുമില്ല തീർച്ച. കാരണം: ഖുർആനിക ദൃഷ്ടാന്തങ്ങൾക്കും ന്യായവാദങ്ങൾക്കും മുന്നിൽ

അവരുടെയെല്ലാം വായമൂടിക്കെട്ടൽ നിർബ്ബന്ധമായത് കൊണ്ടുതന്നെ.

# സുന്നത്ത് ജമാഅത്ത്കാർ ഖുർആനിനോട് കാണിച്ച ആഴമേറിയ ധിക്കാരം !

ഇസ്ലാംകാര്യങ്ങളിൽപോലും സുന്നത്ത് ജമാഅത്ത്കാർ ഖുർആനിനോട് ഏറ്റവും കടുത്ത ധിക്കാരമാണ് കാണിച്ചിരിക്കുന്നത്. അതേതൊക്കെ എന്ന് വിവരിക്കാം.

1. ഇസ്ലാംകാര്യങ്ങളെന്ന് പറയാനർഹതയുള്ള 10 പുണ്യകർമ്മങ്ങൾ ഖുർആനിൽ ഒരേ സ്ഥലത്ത് വഴിക്ക് വഴിയായും തുടർച്ചയായും അല്ലാഹു വിവരിച്ചുതന്നിട്ടും അതിന്നിടയിൽനിന്ന് പ്രധാനപ്പെട്ട അഞ്ചെണ്ണം തട്ടുകയും അവയേക്കാളെല്ലാം വളരെയേറെ പ്രാധാന്യം കുറഞ്ഞ മൂന്നെണ്ണം (നമസ്ക്കാരം, നോമ്പ്, ഹജ്ജ്) സുപ്രധാനങ്ങളാക്കിക്കൊണ്ട് ഖുർആനിലെവിടെയുമില്ലാത്ത ക്രമത്തിലുള്ള ഒരഞ്ചെണ്ണം തട്ടിക്കൂട്ടുകയും ചെയ്തത് ജൂതപുരോഹിതൻമാർക്കുപോലും ധൈര്യം വരാത്തൊരു കളവും വഞ്ചനയും അട്ടിമറിയുമാണെന്നതിൽ സംശയമില്ല. എന്ത്കൊണ്ടെന്നാൽ: ജൂതന്മാരെയും മറ്റും മൂസാനബി പഠിപ്പിച്ച 10 ഇസ്ലാംകാര്യങ്ങൾ (തൗറാത്തിലെ 10 കൽപനകൾ) ഇന്നും ഒരെണ്ണംപോലും വെട്ടിച്ചുരുക്കാതെ അവരെണ്ണിയും പഠിപ്പിച്ചും പോരുന്നുണ്ട്. അപ്പോൾ മുസ്ലിംകളാകുന്ന നമ്മൾ മാത്രമാണ് മൂസാനബിയും ഈസാനബിയും മുഹമ്മദ്നബിയുമെല്ലാം പഠിപ്പിച്ച ഖുർആൻ വഴിക്കുവഴി എണ്ണിത്തന്ന 10 ഇസ്ലാംകാര്യങ്ങളിൽനിന്ന് പ്രധാനപ്പെട്ട അഞ്ചെണ്ണം തട്ടിക്കൊണ്ട് സ്വർഗ്ഗത്തിന്റെ കുത്തകാവകാശക്കാരും സത്യത്തിന്റെ ഉത്തമദാസൻമാരുമായി ഞെളിഞ്ഞു നടക്കുന്ന ലോകവീരൻമാർ! ഇത്രയും ധിക്കാരംനിറഞ്ഞ - ഖുർആൻ വിരുദ്ധവും ബുദ്ധിശൂന്യവുമായ - ഒരു നിലപാടിലേക്ക് നമ്മളെ തള്ളിവീഴ്ത്തിയ പുരോഹിത വർഗ്ഗത്തെ പറ്റി നാം വിലപിക്കുകയും ദു:ഖിക്കുകയുമല്ലാതെ മറ്റെന്താണ് ചെയ്യാൻകഴിയുക. 1300 ഓളം വർഷമായി ഖുർആൻ വലിച്ചെറിഞ്ഞുകൊണ്ട് സുന്നത്ത്ജമാഅത്തിനെ പൂജിക്കാൻ നടന്നതിന്റെ അനിവാര്യഫലമാണിതെല്ലാമെന്ന്സ്വയം മനസ്സിലാക്കിക്കൊണ്ട് നമ്മൾ നമ്മളെത്തന്നെ ശപിക്കേണ്ട ഗതികേടാണിപ്പോഴുണ്ടായിത്തീർന്നിട്ടുള്ളത്. ഇനിയെങ്കിലും ഖുർആനിലെ സത്യം പഠിക്കാൻ നാം തയ്യാറാവുക. അതാണ് ഖുർആൻ



വിശ്വാസികൾ ചെയ്യേണ്ടത്.

2. ഖുർആനിൽ 2 : 178 മുതൽ 2 : 183 വരെയായി മൂന്ന് കാര്യങ്ങൾ ''കുതിബ'' എന്ന ഓരേപദമുപയോഗിച്ചുകൊണ്ട് ഒരേസ്ഥലത്ത് ഒരേസ്വരത്തിൽ തുടർച്ചയായി ഖുർആൻ ഫർസാക്കിയതിൽനിന്ന് മതക്കച്ചവടത്തിന്ന് തീരെ ഉപകരിക്കാത്ത ആദ്യത്തെ രണ്ടെണ്ണം (ഖിസ്വാസും, വസിയ്യത്തും) തട്ടുകയും എന്നാൽ മതക്കച്ചവടത്തിന്ന് തികച്ചും പറ്റിയ മൂന്നാമത്തേത് (നോമ്പ്) മാത്രം പ്രത്യേകം തെരഞ്ഞെടുക്കുകയും ചെയ്തത് വ്യക്തമായ കുഫ്റും ധിക്കാരവുമല്ലാതെ മറ്റെന്താണ്.

3. അഞ്ചെണ്ണം മാത്രമേ ഇസ്ലാംകാര്യങ്ങളായി എണ്ണാൻ നമ്മുടെ പുരോഹിതൻമാർ തയ്യാറുള്ളൂവെങ്കിൽ മേൽ വിവരിച്ച 10 കാര്യങ്ങളിൽ ആദ്യത്തെ അഞ്ചെണ്ണം തെരഞ്ഞെടുക്കുകയും അവസാനത്തെ അഞ്ചെണ്ണം ഒഴിവാക്കുകയുമല്ലേ അവർ ചെയ്യേണ്ടിയിരുന്നത്. അതല്ലെങ്കിൽ കരാർപാലനത്തെയും മറ്റും ഉൾപ്പെടുത്തിക്കൊണ്ടും നോമ്പിനെയും ഹജ്ജിനെയും ഒഴിവാക്കിക്കൊണ്ടും വളരെ പ്രാധാന്യത്തോടെയും തുടർച്ചയായും രണ്ടും വളരെ രണ്ടിടത്ത് (23ലും 70ലും) ഖുർആൻ വേറെത്തന്നെ വിവരിച്ച 5 കാര്യങ്ങൾ ഈ പുരോഹിതൻമാർക്ക് തെരഞ്ഞെടുക്കാമായിരുന്നില്ലേ? അപ്പോൾ അതൊന്നും ചെയ്യാതെ ഖുർആനിലെവിടെയുമില്ലാത്തൊരു കൃത്രിമരൂപത്തിലും ക്രമത്തിലും അഞ്ചെണ്ണം തട്ടിക്കൂട്ടിയതും അതിന്ന് വേണ്ടി അപ്രധാനമായ നോമ്പിനേയും ഹജ്ജിനേയും സുപ്രധാനങ്ങളാക്കിയതും എന്നിട്ട് ആ അഞ്ചെണ്ണമാണ് ഇസ്ലാമിന്റെ സ്തംഭങ്ങളെന്ന് കൊട്ടിഘോഷിച്ചതുമൊക്കെ തികഞ്ഞ ഖുർആൻ നിഷേധവും അട്ടിമറിയുമാണെന്നതിലെന്താണ് സംശയമുള്ളത്?

4. നമസ്ക്കാരം, നോമ്പ്, ഹജ്ജ് എന്നീ മൂന്ന് കാര്യങ്ങളിൽ വീഴ്ചവരുത്തൽ മഹാപാപമാണെന്ന ഒരു സൂചനപോലും ഖുർആനിലെവിടെയുമില്ലെന്നിരിക്കെ, അതോരോന്നും ഉപേക്ഷിക്കൽ മഹാപാപമാണെന്ന് ലോകപുരോഹിതൻമാർ ഏകകണ്ഠമായി പ്രഖ്യാപിച്ചത് അവരുടെ ഖുർആൻ നിഷേധവും ധിക്കാരവുമാണെന്നതിൽ വല്ല സംശയവുമുണ്ടോ? ഉപേക്ഷ വരുത്തൽ തികഞ്ഞ മഹാപാപമായി ഖുർആൻ കണക്കാക്കുന്ന 5 ഇസ്ലാംകാര്യങ്ങളെ ഇസ്ലാംകാര്യങ്ങളിൽനിന്ന് പുറംതള്ളുകയും അത്രയൊന്നും ഗൗരവമുള്ളതായി ഖുർആനൊരിക്കലും കണക്കാക്കാത്ത നോമ്പിനേയും ഹജ്ജിനേയും സുപ്രധാന ഇസ്ലാംകാര്യങ്ങളായി പ്രതിഷ്ഠിക്കുകയും ചെയ്തത്

വ്യക്തമായ ഖുർആൻ നിഷേധവും ധിക്കാരവുമാണെന്ന് മനസ്സിലാക്കാൻ കഴി യാത്തബുദ്ധിയുള്ള ആരെങ്കിലും ഈ കാലഘട്ടക്കാരിലുണ്ടാകുമോ എന്നാണ് നമുക്ക് ചോദിക്കുവാനുള്ളത്.

# 10 ഇസ്ലാംകാര്യം പിന്നെ അഞ്ചാക്കിയതെങ്ങിനെ?

ഹജ്ജിനെയും നോമ്പിനെയും ഇസ്ലാംകാര്യത്തിലെണ്ണിയ ഏതൊരു പുരോ ഹിതന്നും അതിന്ന് മുമ്പ് 8 ഇസ്ലാംകാര്യം ഖുർആൻ വിവരിച്ചിട്ടുണ്ടെന്നും അതെല്ലാം ഹജ്ജിനേക്കാളും നോമ്പിനേക്കാളുമൊക്കെ വളരെ പ്രാധാന്യമുള്ളതായിട്ടാണ് ഖുർ ആൻ കണക്കാക്കിയിട്ടുള്ളതെന്നും സമ്മതിക്കാതിരിക്കാൻ പറ്റില്ലെന്നാണല്ലോ മുമ്പ് നാം ശക്തിയായി സ്ഥാപിച്ചുപോയത്. എന്ന് പറഞ്ഞാൽ ഇസ്ലാംകാര്യമെന്ന നിലക്ക് ഖുർആനിൽ നിന്നാകെ അഞ്ച് പ്രധാനകാര്യങ്ങൾ തെരഞ്ഞെടുക്കുകയാണെങ്കിൽ അതിൽ ഹജ്ജിനേയോ നോമ്പിനേയോ ഉൾപ്പെടുത്താൻ ലോകത്തൊരു പണ്ഡിതനും പാടില്ലാത്തതാണ്. കാരണം : നോമ്പിനേയും ഹജ്ജിനേയും ഇസ്ലാംകാര്യങ്ങളിലുൾപ്പെ ടുത്തണമെങ്കിൽ ഇസ്ലാംകാര്യങ്ങളെ പത്താക്കി എണ്ണൽ നിർബ്ബന്ധമാണെന്ന് താൽപ ര്യം. അതാണെങ്കിലോ ലോകത്തൊരു പുരോഹിതനും ഇന്നേവരെ പറഞ്ഞിട്ടില്ലാ ത്തതുമാണ്. എങ്കിൽപന്നെ ഖുർആൻ വിവരിച്ച പ്രധാനപ്പെട്ട 10 ഇസ്ലാംകാര്യങ്ങ ളിൽ നിന്ന് അതിപ്രധാനമായ 5 എണ്ണം തട്ടിക്കൊണ്ടും അതോടൊപ്പം അപ്രധാന മായ നോമ്പിനേയും ഹജ്ജിനേയും പ്രധാന ഇസ്ലാംകാര്യങ്ങളായി പ്രതിഷ്ഠിച്ചു കൊണ്ടും ഒരഞ്ചെണ്ണം തട്ടിക്കൂട്ടാനും അത് ലോകമുസ്ലിംകളെക്കൊണ്ടംഗീകരിപ്പി ക്കുവാനും പുരോഹിത വർഗ്ഗത്തിന്നെങ്ങിനെ സാധിച്ചു എന്നതിനെപറ്റിയാണിനി പ്രതി പാദിക്കാൻ പോകുന്നത്. അത് ശ്രദ്ധാപൂർവ്വം വായിക്കുക.



# അബൂഹുറയ്റ ജിബ്രീലിന്റെ മേൽ കള്ളംപറയുന്നു:

ഖുർആനിന്റെ വിവരണത്തിന്നൊരിക്കലും നിരക്കാത്ത വിധത്തിൽ ഒരു പുതിയ ക്രമവും രൂപവും പ്രചാരത്തിലാക്കണമെങ്കിൽ സാധാരണ ഗതിയിലുള്ളൊരു കള്ള ഹദീസ്കൊണ്ടത് സാധ്യമല്ലെന്നുറപ്പാക്കിയ അബൂഹുറയ്റ, പുതിയൊരു രൂപത്തിലും ഭാവത്തിലുമാണ് തന്റെ പുതിയ കള്ളഹദീസ് നെയ്തുണ്ടാക്കിയത്. അതായത്; മറ്റെല്ലാ ഹീസുകളിൽനിന്നും വ്യത്യസ്തമായിക്കൊണ്ട് ജിബ്രീൽ മനുഷ്യരൂപത്തിൽ നേരിട്ടിറങ്ങിവന്ന് പഠിപ്പിച്ചതാണ് 5 ഇസ്ലാംകാര്യത്തിന്റെ ഹദീസെന്നും ഹസ്രത്ത് ഉമ റിനെപ്പോലുള്ള മഹാൻമാരൊക്കെ പ്രസ്തുത ഹദീസിന്റെ സാക്ഷികളാണെന്നും മറ്റു മുള്ള പെരുങ്കള്ളക്കഥകൾ അബൂഹുറയ്റ കെട്ടിച്ചമക്കുകതന്നെ ചെയ്തു. വാസ് തവത്തിൽ മനുഷ്യരൂപത്തിൽ വന്ന് മനുഷ്യവർഗ്ഗത്തിന്ന് മതം പഠിപ്പിക്കാനായി ജിബ്രീ ലിനെ എന്നല്ല, ഒരൊറ്റ മലക്കിനെയും നിയോഗിക്കാൻ അല്ലാഹു തയ്യാറല്ലെന്നും അത്തരം വ്യാമോഹങ്ങളൊന്നും നടക്കുകയില്ലെന്നും ഖു : 6 : 9 ലൂടെ കാര്യകാരണ സഹിതം അല്ലാഹു വ്യക്തമാക്കിയതാണ്. പക്ഷേ, അതൊന്നും പഠിച്ചറിയാത്ത മുആ വിയയുടെ കാലത്തെ നവമുസ്ലിംകൾക്ക് അബുഹുറയ്റയുടെ ആ കെട്ടുകഥകളെല്ലാം അപ്പടി വിഴുങ്ങാനല്ലാതെ ഖുർആൻ കൊണ്ടതിന്റെ പൊള്ളത്തരം തുറന്ന് കാണി ക്കാനറിയാമായിരുന്നില്ലല്ലോ. ഈ 20-ാം നൂറ്റാണ്ടിലെ ''പണ്ഡിതകേസരികൾക്ക്'' പോലും അതിനൊന്നും കഴിയുന്നില്ലെങ്കിൽ പിന്നെ ഖുർആൻ പഠിക്കാത്ത അക്കാ ലത്തെ നിരക്ഷര കുക്ഷികളായ ആ നവമുസ്ലിംകൾക്കതിന്നെങ്ങിനെയാണ് കഴി യുക. അതൊരിക്കലും സാധ്യമല്ല.ഖുർആൻ കൊണ്ടെതിർക്കാൻ കഴിവുള്ള കുറച്ച് പണ്ഡിതൻമാരൊക്കെ അവിടെയുണ്ടായിരുന്നെങ്കിലും മുആവിയയുടെ ''റാൻമൂളി കളാ''യ അവർക്ക് തന്റെ കൊട്ടാരപുരോഹിതനായ അബൂഹുറയ്റയെ ഖണ്ഡി ക്കാൻ 'ഖുദ്റത്തൊ' ട്ടുണ്ടായിരുന്നുമില്ല. അതുണ്ടെങ്കിൽ അബൂഹുറയ്റയുടെ നൂറു കണക്കിലുള്ള ഖുർആൻ വിരുദ്ധ ജൂതത്തരങ്ങളിൽ ചിലതിനെയെങ്കിലും അവരെ തിർക്കുമായിരുന്നല്ലോ. എന്നാൽ നമസ്ക്കാരത്തിൽപോലും അബൂഹുറയ്റ കുത്തി ക്കയറ്റിയ ഏതെങ്കിലുമൊരു ജൂതായിസത്തെ എതിർക്കാനവർക്ക് ധൈര്യമുണ്ടായോ? അതില്ലെന്നതിന്ന് അവരുടെ മുഴുവൻ ചരിത്രവും സാക്ഷിയല്ലേ?

ആകയാൽ ജിബ്രീൽ മനുഷ്യരൂപത്തിൽ ഇറങ്ങിവന്നെന്നും ഇസ് ലാംകാര്യവും ഈമാൻകാര്യവുമെല്ലാം സഹാബികളെ പഠിപ്പിക്കലായിരുന്നു ആ വരവിന്റെ ലക്ഷ്യമെന്നുമൊക്കെ അബൂഹുറയ്റ തട്ടിവിട്ടത് തന്റെ ഹിമാലയൻനുണകളിൽപെട്ട ഒരു പെരുംകള്ളമാണെന്നും ഖുർആൻ പഠിച്ച ഒറ്റ മുസ്ലിമിന്നും അതൊന്നും വിശ്വസിക്കാൻ പാടില്ലെന്നുമാണ് ഖുർആൻ വിശ്വാസികളായ നമുക്ക് പറയാനുള്ളത്. അബൂഹുറയ്റയുടെ മേൽഹദീസ് മറ്റുപലരും നിവേദനം ചെയ്തിട്ടുണ്ടെന്ന് പറഞ്ഞത്കൊണ്ടൊന്നും യാതൊരു ഫലവുമില്ല. കാരണം: തന്റെ പെരുന്നുണകൾ മറ്റുള്ളവരുടെ പേരിലുംകൂടി കെട്ടിപ്രചരിപ്പിക്കാൻ വേണ്ടി 800 ശിഷ്യശിരോമണികൾ (വലിയൊരു ജൂത മിഷനറിസംഘം) അബൂഹുറയ്റക്കുണ്ടായിരുന്നുവെന്നല്ലേ തന്റെ അനുയായികൾപോലും എഴുതിവെച്ചിരിക്കുന്നത്. എന്നിരിക്കുമ്പോൾ അയാളുടെ കള്ളഹദീസുകൾ മറ്റുള്ളവരിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെന്നു പറഞ്ഞത്കൊണ്ടെന്ത് ഫലമാണുള്ളത്. ഖുർആനിന്നെതിരായി അബൂഹുറയ്റ കെട്ടിവിട്ട എല്ലാ ഹദീസുകൾക്കും അങ്ങിനെയുള്ള റിപ്പോർട്ടുകൾ ധാരാളമായി കണ്ടെത്തൽ പതിവാണല്ലോ.

# അബൂഹുറയ്റ തനിജൂതമുനാഫിഖാണെന്നതിന്റെ ഏറ്റവും മികച്ച രണ്ട് തെളിവുകൾ

1. ബുഖാരിയും മുസ്ലിമും നിവേദനം ചെയ്ത അബൂഹുറയ്റ:യുടെ മേൽഹദീസിൽ ഒന്നാമത്തെ ഇസ്ലാകാര്യം വിവരിച്ചതിൽ നബിയെക്കൊണ്ടുള്ള ശഹാദത്ത് താൻ പറയുന്നേയില്ല. ജൂതൻമാർക്ക് തർക്കമില്ലാത്ത തൗഹീദ് മാത്രമേ താൻ പറയുന്നുള്ളൂ. അതായത്: മറ്റെല്ലാ സ്വഹാബിമാരും ശഹാദത്തിൽ ''ലാഇലാഹഇല്ലല്ലാ''ക്ക് ശേഷം ''മുഹമ്മദുർ റസൂലുല്ലാഹി'' എന്നുംകൂടി പറയുമ്പോൾ അബൂഹുറയ്റമാത്രം അത് പറയാതിരിക്കലാണ് പതിവ്. തന്നിൽ ഒളിച്ചുവെക്കപ്പെട്ട ജൂതവിശ്വാസം മൂലം തനിക്കത് പറയാൻ മനസ്സ് വരാറില്ലെന്ന് സാരം. മുആവിയയുടെ കാലത്ത് ഇത്രയും കടുത്ത ജൂതത്തരം അബൂഹുറയ്റ സ്ഥിരം ചെയ്തിരുന്നതായി ബുഖാരി മുസ്ലിമിന്റെ തന്നെ ധാരാളം ഹദീസുകളിൽ തെളിഞ്ഞുകണ്ടിട്ടും ഒരൊറ്റ പുരോഹിതനും



ഇക്കാലം വരെ അതൊന്നും സൂചിപ്പിച്ചതേയില്ലെന്നത് ഇസ്ലാമികചരിത്രത്തിലെ ഒരു മഹാൽഭുതമായി കണക്കാക്കേണ്ടതാണ്.

2. എല്ലാ സ്വഹാബിമാരും ഹജ്ജിനെ ഇസ്ലാംകാര്യങ്ങളിലെണ്ണുമ്പോൾ അബൂഹുറയ്റ മാത്രം അതെണ്ണാറില്ലെന്നത് ബുഖാരിമുസ്ലിമിന്റെ ഹദീസുകൾകൊണ്ട് തന്നെ തെളിഞ്ഞു കഴിഞ്ഞൊരു യാഥാർത്ഥ്യമാണ്. അതിന്റെ രഹസ്യം മറ്റൊന്നുമല്ല. ഹജ്ജ് ഒരു പുണ്യകർമ്മമേ അല്ലെന്നും അതിനാൽ ഇസ്ലാംകാര്യങ്ങളിൽ അതെണ്ണാൻ പാടില്ലെന്നുമാണല്ലോ ജൂതന്മാരുടെ മതം... എന്നിരിക്കുമ്പോൾ ജൂതനായ അബൂഹുറയ്റ ഹജ്ജിനെ എങ്ങിനെയാണ് ഇസ്ലാംകാര്യങ്ങളിലെണ്ണുക.

ചുരക്കത്തിൽ ഖുർആനിലെ 10 ഇസ്ലാംകാര്യങ്ങങ്ങളിൽ നിന്ന് ആദ്യം അഞ്ചെണ്ണം തട്ടിയ അബൂഹുറയ്റ: പിന്നീട് ഒന്നരയും കൂടി തട്ടിക്കൊണ്ട് ഇസ്ലാംകാര്യം വെറും മൂന്നരയാക്കിത്തീർത്തു എന്ന് താൽപര്യം. പക്ഷേ, അബൂഹുറയ്റയുടെ രാജാവായ മുആവിയക്ക് ഹജ്ജ് വർദ്ധിപ്പിക്കുന്നതിലും അതിലൂടെയുള്ള വരുമാനങ്ങൾ വാരിക്കൂട്ടുന്നതിലും പ്രത്യേക താൽപര്യമുണ്ടായതുകൊണ്ട് ഹജ്ജിനെ ഇസ്ലാംകാര്യമായി എണ്ണാനും സുന്നത്ത് ഹജ്ജുകൾ വർദ്ധിപ്പിക്കാൻ വേണ്ടി വേണ്ടത്ര കള്ളഹദീസുകൾ പ്രചരിപ്പിക്കാനും അബുഹുറയ്റ പിന്നീട് നിർബന്ധിതനായി. അങ്ങിനെയാണ് ആദ്യകാലത്ത് ഹജ്ജിനെ പറ്റെ തള്ളിക്കളഞ്ഞ അബൂഹുറയ്റ അവസാനകാലത്ത് ഹജ്ജിന്റെ മഹത്വങ്ങൾ കെട്ടിപ്പറയാൻ കാരണമായത്.

# അറബീഭാഷപോലും പഠിക്കാത്തവരാണ് 'ഇസ്ലാംകാര്യം അഞ്ചി'ന്റെ ഹദീസുണ്ടാക്കിയത്.

ഇസ്ലാം നിർമ്മിക്കപ്പെട്ടത് 5 തൂണുകളിൻമേലാണെന്ന അർത്ഥത്തിൽ ലോകപുരോഹിതൻമാരെല്ലാം ഉദ്ധരിക്കാറുള്ള ഒരു ഹദീസുണ്ട്. ''ബുനിയൽ - ഇസ്ലാമു - അലാഖംസീൻ'' എന്നതാണത്. അറബീഭാഷ ശരിക്ക് പഠിക്കാത്തവരല്ലാതെ നബി ഒരിക്കലും ആ ഹദീസ് പറയുകയില്ലെന്നത് തീർച്ചയാണ്. കാരണം: ''അസ്സലാത്തു ഇമാദുദ്ദീൻ'' :- 'നമസ്കാരം മതത്തിന്റെ സ്തംഭമാണ്'. എന്നത്പോലുള്ള ഹദീസുകളിലൂടെ അഞ്ച് ഇസ്ലാംകാര്യങ്ങൾ ഇസ്ലാമിന്റെ അഞ്ച് സ്തംഭങ്ങളായിട്ടാണ് നബി പഠിപ്പിച്ചിട്ടുള്ളതെന്നും അത്കൊണ്ടാണ് ഇസ്ലാം നിർമ്മിക്കപ്പെട്ടത്

അഞ്ച് സ്തംഭങ്ങളിൻമേലാണെന്ന അർത്ഥത്തിൽ ''ബുനിയൽ ഇസ്ലാമുഅലാഖം സിൻ'' എന്ന ഹദീസ് നബി വിളംബരം ചെയ്തതെന്നുമാണല്ലോ ലോകപുരോഹിത ന്മാരുടെ ഏകകണ്ഠമായവാദം. ബുഖാരിയും മറ്റും ആ ഹദീസ് ''മുത്തഫഖുൻ അലൈഹി''യാക്കി എഴുതിവെക്കാൻ കാരണവുമതാണ്. എന്നാൽ ഇബ്നു ഉമറിന്റെ പേരിലും മറ്റുമായി ആ ഹദീസ് കെട്ടിപ്രചരിപ്പിച്ച അബൂഹുറയ്റാ പ്രഭൃതികൾക്ക് അറുവഷളായൊരബദ്ധം പറ്റി. അതെന്തെന്നല്ലേ: ''അഞ്ച് സ്തംഭങ്ങളിൻമേൽ ഇസ്ലാം നിർമ്മിക്കപ്പെട്ടു'' എന്ന ഉദ്ദേശപ്രകാരം പറയുമ്പോൾ നബിയുടെയും ഖുർആനി ന്റെയും കണിശമായ അറബിഭാഷാനിയമപ്രകാരം ''ബുനിയൽ - ഇസ്ലാമു - അലാ ഖംസിൻ'' എന്നതിന്ന് പകരം ''........അലാഖംസത്തിൻ'' എന്ന് പറയൽ നിർബ ന്ധമായിരുന്നു. അതെന്തുകൊണ്ടെന്നാൽ സ്തംഭം (തൂൺ) എന്ന അർത്ഥത്തിൽ ഖുർ ആനിലും ഹദീസിലുമൊക്കെ പ്രയോഗിക്കാറുള്ള പദങ്ങൾ 'ഇമാദ്, റുകന്' പോലുള്ള പുല്ലിംഗപദങ്ങളാണ്. അല്ലാതെ 'ദഈമത്ത്', 'ഖാഇദത്ത്' പോലുള്ള സ്ത്രീലിംഗപ ദങ്ങളല്ല. എണ്ണപ്പെടുന്നവസ്തു പുരുഷവർഗ്ഗത്തിൽപെട്ടതാണെങ്കിൽ 3 മുതൽ 10 വരെയുള്ള സംഖ്യാനാമങ്ങളിൽ സ്ത്രീലിംഗചിഹ്നം ചേർക്കൽ നിർബ്ബന്ധമാണെന്നും മറിച്ച് സ്ത്രീവർഗ്ഗത്തിൽപെട്ടതാണെങ്കിൽ സ്ത്രീലിംഗചിഹ്നം ചേർക്കാൻ പാടില്ലെ ന്നുമാണ് ഏകകണ്ഠമായ അറബീഭാഷാനിയമം. വൈരുദ്ധ്യാൽമകമെങ്കിലും വളരെ കണിശവും അലംഘനീയവുമായ പ്രസ്തുത നിയമത്തിന്നെതിരായിഖുർആനിലോ ശുദ്ധഅറബിസാഹിത്യത്തിലോ ഒറ്റപ്രയോഗവും കാണപ്പെടുകയില്ല. എന്നിരിക്കു മ്പോൾ ഇസ്ലാം അഞ്ച് സംതംഭങ്ങളിൻമേൽ നിർമ്മിക്കപ്പെട്ടുവെന്ന അർത്ഥത്തിൽ ബുനിയൽഇസ്ലാമു അലാഖംസിൻ എന്ന് പ്രയോഗിച്ചത് തികച്ചും തെറ്റാണെന്നും നബി അങ്ങിനെ പറഞ്ഞെന്നൊരിക്കലും വിശ്വസിക്കാൻ പാടില്ലെന്നുമാണ് ഖുർആൻ സുന്നത്തുകാരായ നമ്മുടെ വാദം. അപ്പോൾ അറബിഭാഷയെപ്പറ്റിയും ഭാഷാനിയ മത്തെ സംബന്ധിച്ചും വേണ്ടത്ര പിടിപാടില്ലാത്ത ഏതോ ചോട്ടാ അബൂഹുറയാറക ളാണ് ആ ഹദീസ് കെട്ടിച്ചമച്ചതെന്നകാര്യം തീർച്ചയാണ്. പക്ഷേ, അനറബികളും അട്ടിമറിക്കാരുമായ ബുഖാരിയോ മുസ്ലിമോ അതൊന്നും വകവെക്കുകയോ നിരൂ പണം നടത്തുകയോ ചെയ്തില്ലെന്ന്മാത്രം. കുറേക്കാലം കഴിഞ്ഞപ്പോഴാണ് അങ്ങി നെയൊരപകടം ആ ഹദീസിൽ കുടുങ്ങിയിട്ടുണ്ടെന്നും അതിനാൽ അത് തിരുത്തി ശരിയാക്കൽ അത്യാവശ്യമാണെന്നും ചില അബൂഹുറയ്റാപ്രഭൃതികൾക്ക് തോന്നിയ ത്. അതനുസരിച്ച് അവരത് തിരുത്താനും തുടങ്ങി. അപ്പോഴേക്കും ആദ്യത്തെ തെറ്റായ റിപ്പോർട്ട് ലോകത്തൊട്ടാകെ പ്രചാരത്തിലായിരുന്നു. തന്നിമിത്തം ''ബുനി



യൽ ഇസ്ലാമു അലംഖസിൻ ''എന്നല്ലാതെ ''ബുനിയനൽ ഇസ്ലാമു അലാഖംസത്തിൻ'' എന്ന് പുരോഹിതൻമാരാരും പറയാറുമില്ല. എങ്കിലും മേൽഅബദ്ധം ന്യായീകരി ക്കാനായി ചില പുരോഹിതൻമാർ 'അലാഖംസിൻ' എന്നതിനെ ''അലാഖംസിഖി സ്വാലിൻ'' എന്നാക്കി വ്യാഖ്യാനിക്കാറുണ്ട്. അതവരുടെ മറ്റൊരു വിവരക്കേടാണ് വെളിപ്പെടുത്തുന്നത്. കാരണം: ഇസ്ലാമിനെ ഒരു കെട്ടിടത്തോടുപമിച്ചുകൊണ്ട് ''ബുനിയ'' (നിർമ്മിക്കപ്പെട്ടു) എന്നപദം തുടക്കത്തിൽ പ്രയോഗിച്ചത് മൂലം കെട്ടിട ത്തിന്റെ ഘടകങ്ങളുടെ പേരല്ലാതെ പിന്നീട് സങ്കൽപിക്കാൻ പാടില്ലെന്നത് സാഹി ത്യശാസ്ത്രത്തിലെ ഒരനിഷേധ്യ നിയമമാണ്. എന്നിരിക്കുമ്പോൾ 'ഖിസാൽ' എന്ന പദത്തെ അവിടെ സങ്കൽപിക്കാൻ ഒരിക്കലും പറ്റിയതല്ല. അതായത് : ഇമാദ്, റുക്ന് പോലുള്ളവയുടെ ബഹുവചനം മാത്രമേ അവിടെ സങ്കൽപിക്കാൻ യോജി പ്പുള്ളൂ എന്ന് താൽപര്യം. അങ്ങിനെയാകുമ്പോൾ അലാഖംസിൻ എന്നതിന്ന് പകരം ''അലാഖംസത്തിൻ'' എന്നുതന്നെ പറയൽ നിർബ്ബന്ധവുമാണ്. പക്ഷേ ഈ സങ്കീർണ്ണ നിയമങ്ങളൊന്നും അവരുടെ തലയിൽ കയറിയില്ലെന്നു മാത്രം. നമുക്ക് കൈവന്ന ഏറ്റവും വലിയൊരു നേട്ടവും അതുതന്നെയാണ്. ഇനി മറ്റൊന്നു പറയാനുള്ളത്; അസ്തിവാരങ്ങൾ എന്ന അർത്ഥിലുള്ള ''ഖവാഇദ്'' എന്ന സ്ത്രീലിംഗപദം അവിടെ ഉദ്ദേശമാക്കിക്കൂടേ എന്നാണ്. അങ്ങിനെ വെച്ചാൽപിന്നെ ''അലാഖംസിൻ'' എന്ന പ്രയോഗത്തിൽ തെറ്റില്ലാതാകുമല്ലോ. ഇതാണവസാനമായി പറയാനുള്ള മറ്റൊരു ന്യായീകരണം. എന്നാൽ ആ സങ്കൽപം പാടില്ലാത്തതാണെന്ന് പരോഹി തൻമാർപോലും തീരുമാനിച്ചതാണ്. അത്കൊണ്ടാണ് 'അലാഖംസിഖവാഇദ' എന്ന് ഒറ്റ പുരോഹിതനും വ്യാഖ്യാനിക്കാതിരിക്കാൻ കാരണമായത്. ഇനി ഏതെങ്കിലും വിവിരം കെട്ടവർ അങ്ങിനെ വ്യാഖ്യാനിച്ചിട്ടുണ്ടെങ്കിൽ തന്നെ നമുക്കത് പ്രശ്നവുമ ല്ല. കാരണം: നമസ്ക്കാരം, നോമ്പ്, ഹജ്ജ് എന്നിവ ഇസ്ലാമിന്റെ അസ്തിവാരങ്ങളാ ണെന്ന് ഖുർആൻ പഠിച്ചവരാരും പറയുകയില്ല. ഏതെങ്കിലുമൊരു ഇസ്ലാംകാര്യ ത്തെപറ്റി 'ഖാഈദത്ത്' (അസ്തിവാരം) എന്ന് പ്രയോഗിച്ചതായി വാറോല ഹദീ സിൽപോലും കാണുകയുമില്ല. ഇസ്ലാമിന്റെ അസ്തിവാരങ്ങളെന്ന് പറയാവുന്നത് ഈമാൻകാര്യങ്ങളെപറ്റി മാത്രമാണ്. അത്കൊണ്ടാണ് അബൂഹുറയ്റാതാവഴി ക്കാർപോലും ആ വ്യാഖ്യാനത്തിലൂടെ മറുപടി പറയാതിരുന്നതെന്നും ''അലാഖംസിൻ'' എന്നതിനെ 'അലാഖംസത്തിൻ' എന്നാക്കിമാറ്റുകയല്ലാതെ രക്ഷയില്ലെന്ന് അവർ മുമ്പ്തന്നെ തീരുമാനിച്ചതെന്നും നാം പ്രത്യേകം അറിഞ്ഞിരിക്കേണ്ടതുണ്ട്.

പ്രകൃതഹദീസ്, ലോകത്തൊട്ടാകെ പ്രചാരമുള്ള ബുഖാരി മുസ്ലിമിന്റെ ഹദീസായത്കൊണ്ടാണിത്രയും പ്രതിപാദിച്ചത്. നേരെമറിച്ച് അബൂഹുറയ്റയുടെ ശികിടികളുണ്ടാക്കിയ ഒരു കള്ള ഹദീസാണതെന്ന സത്യം കണക്കിലെടുക്കുമ്പോൾ അതേപറ്റി ഒരക്ഷരം സംസാരിക്കേണ്ട ആവശ്യം നമുക്കില്ല. എങ്കിലും കള്ള ഹദീസ് നിർമ്മാതാക്കളുടെ കള്ളത്തരം തെളിയിക്കാൻ അവരുടെ ഹദീസിൽതന്നെ വ്യക്തമായ തെളിവുണ്ടാകുമ്പോൾ ആ തെളിവ് വെളിക്ക്കൊണ്ടുവരാതിരിക്കുന്നത് ബുദ്ധിയല്ലല്ലോ.

## നമസ്ക്കാരം, നോമ്പ്, ഹജ്ജ്, എന്നിവ ഉപേക്ഷിക്കൽ മഹാപാപമാണെന്നതിന്ന് ഖുർആനിൽ യാതൊരു തെളിവുമില്ല.

വിഷയം വളരെ ഗുരുതരമാണെന്നതിൽ സംശയമില്ലല്ലോ. കാരണം : മുസ്ലിം ലോകപുരോഹിതൻമാരുടെ പൗരോഹിത്യവും മതക്കച്ചവടവും ആകെ തരിപ്പണമാക്കുന്നൊരു ഖുർആനിക സത്യമാണ് മേൽപ്രസ്താവിച്ചത്. അത്കൊണ്ട് അതർഹിക്കുന്ന വിധത്തിൽ അതിനെപറ്റി പഠിക്കുകയും പരിശോധിക്കുകയും വേണം. അതിന്നായി ഖുർആനിലെ ചില വസ്തുതകൾ ഇവിടെ നിരത്തിവെക്കാം.

''ഇൻ - തജ്തനിബൂ - കബാഇറ - മാതുൻഹൗന - അൻഹു - നുകഫ്ഫിർ - അൻകും - സയ്യിആത്തിക്കും - വനുദ്ഖിൽക്കും - മുദ്ഖലൻ - കരീമാ''. അർത്ഥം : നിങ്ങളോട് നിരോധിക്കപ്പെടുന്നതിലെ മഹാപാപങ്ങളിൽനിന്ന് നിങ്ങൾ ഒഴിഞ്ഞു നിൽക്കുന്നപക്ഷം നിങ്ങളുടെ ചെറുപാപങ്ങളൊക്കെ നാം പൊറുത്ത് തരുന്നതും ആദരണീയമായ ഒരു സ്ഥാനത്ത് (സ്വർഗ്ഗത്തിൽ) നിങ്ങളെ നാം പ്രവേശിപ്പിക്കുന്നതുമാകുന്നു. (കു :4; 31)



മേൽ ഖുർആൻ സൂക്തത്തിലൂടെ പാപങ്ങളെ ചെറുതും വലുതുമായി തരം തിരിക്കുകയും വലിയ പാപങ്ങൾ ചെയ്തവരെയല്ലാതെ നരകത്തിലാക്കുകയില്ലെന്നുറപ്പ് തരികയുമാണല്ലോ അല്ലാഹു ചെയ്തിരിക്കുന്നത്. അതിനാൽ ഏതൊക്കെയാണ് മഹാപാപങ്ങളെന്നും ഏതെല്ലാമാണ് ചെറുപാപങ്ങളെന്നും വക തിരിച്ചറിയൽ വളരെ പ്രധാനപ്പെട്ട കാര്യമാണ്. എന്നാൽ ഇഹത്തിലോ പരത്തിലോ ശിക്ഷയുണ്ടെന്ന് വ്യക്തമാക്കാത്തതും പരദ്രോഹമില്ലാത്തതും അന്യരുടെ അവകാശം നിഷേധിക്കാത്തതും വിദ്വേഷപ്രവർത്തനത്തിൽപെടാത്തതുമായ ഏതൊരു കുറ്റവും (ഖുർആനിന്റെ വിധിവിലക്കിന്നെതിരായത്) ചെറിയ പാപമായിട്ടല്ലാതെ മഹാപാപമായിട്ടൊരിക്കലും കണക്കാക്കാൻ പാടില്ലെന്നതിന്ന് ഖുർആനിൽ വേണ്ടത്ര തെളിവുകളുണ്ട്. മേൽസൂചിപ്പിച്ച നിർവ്വചനത്തിൽ മതപുരോഹിതൻമാർക്ക്പോലും എതിരഭിപ്രയമില്ലാത്തതിനാൽ ഇപ്പോഴതിനെപ്പറ്റി കൂടുതൽ വിവരിക്കുന്നില്ല. ഇപ്പോൾ നിർബ്ബന്ധമായും അറിയേണ്ടത്: നമസ്ക്കാരം, നോമ്പ്, ഹജ്ജ് എന്നിവ ഉപേക്ഷിക്കൽ ചെറിയ പാപമാണോ അതോ, വലിയപാപമാണോ എന്നതിനെപറ്റിയാണല്ലോ. ഖുർആൻ സമഗ്രമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നമുക്കതിന്റെ മറുപടി കണ്ടെത്താം. ഒന്നാമതായി നമസ്കാരത്തിന്റെ കാര്യമെടുക്കുക.

ഖുർആനിൽ 19 സ്ഥലത്ത് നമസ്ക്കാരത്തെപറ്റി കൽപന വന്നിട്ടുണ്ടെങ്കിലും ആ 19 സ്ഥലത്തും എന്നല്ല, ഖുർആനിൽ മറ്റൊരിടത്തും തന്നെ നമസ്ക്കാരം ഉപേക്ഷിക്കൽ ഒരു മഹാപാപമാണെന്ന സൂചനപോലുമില്ല. അതായത് : നമസ്ക്കാരം ഉപേക്ഷിച്ചതിന്റെ പേരിൽ മാത്രമായി ഇവിടെ വെച്ചെന്തെങ്കിലും ശിക്ഷ നൽകണമെന്നോ പരലോകത്ത് നരകശിക്ഷയുണ്ടെന്നോ ഖുർആനിലെവിടെയുമില്ല. നമസ്ക്കരിക്കാത്തവരെ കൊല്ലണമെന്നൊക്കെ പറഞ്ഞുണ്ടാക്കിയത് ജൂതനായ അബൂഹുറയ്റയും തന്റെ താവഴിക്കാരിലെ ചില പുരോഹിതൻമാരുമാണ്. അത്തരം ഭ്രാന്തൻനിയമങ്ങളൊന്നും നമുക്ക് പറയാൻ പാടുള്ളതല്ല. ഇസ്ലാമിനെ അവഹേളിക്കാനത് കാരണമാകുന്നുവെന്നത് കൊണ്ട് തന്നെ. പിന്നീട് പറയാനുള്ളത്; നമസ്ക്കാരം ഉപേക്ഷിക്കുന്നത് മൂലം ആരെയെങ്കിലും ദ്രോഹിക്കലോ ആരുടെയെങ്കിലും അവകാശം നിഷേധിക്കലോ ഉണ്ടോ എന്നതിനെപറ്റിയാണ്. എന്നാൽ അങ്ങിനെയൊരു ദോഷം നമസ്ക്കാരം ഉപേക്ഷിക്കുന്നതിലുണ്ടെന്ന് ബുദ്ധിയുള്ളവരാരും പറയുകയില്ല. അങ്ങിനെയൊന്നില്ലാത്തത്കൊണ്ടുതന്നെ. പക്ഷേ, ചിലരുടെ നമസ്ക്കാരത്തെ

അന്യരുടെ അവകാശം നിഷേധിക്കാനൊരായുധമാക്കാറുണ്ടെന്നും അതിനാൽ അത്തരം കപടനമസ്ക്കാരത്തെ (നമസ്ക്കാരം ഉപേക്ഷിക്കലിനെയല്ല) ഒരു മഹാപാപമായി ത്തന്നെ കണക്കാക്കുമെന്നും അഥവാ അത്തരക്കാർക്ക് കഠിനമായ നരകശിക്ഷയു ണ്ടെന്നും ഖു; 107-ാം അദ്ധ്യായത്തിൽ വെട്ടിത്തുറന്ന് പ്രഖ്യാപിച്ചിരിക്കുന്നു. എന്നിട്ടും നമസ്ക്കാരം ഉപേക്ഷിച്ചവന്ന് ആ ശിക്ഷയുണ്ടെന്ന് ഖുർആനൊരിക്കലും സൂചിപ്പിച്ചി ട്ടേയില്ല. പിന്നെയോ: നമസ്ക്കാരം ഉപേക്ഷിക്കൽ ഒരു ചെറിയ പാപമാണെന്നേ ഖുർആൻ കൊണ്ടാർക്കും തെളിയിക്കാനാവുകയുള്ളൂ.

# ഒരു പ്രധാന സംശയം

ഖു : 74-ാം അദ്ധ്യായം (മുദ്ദസ്സിർ) 43 മുതൽ 46വരെയുള്ള സൂക്തങ്ങ ളിലായി നരകശിക്ഷക്കർഹമായ കുറ്റങ്ങൾ എണ്ണിപ്പറഞ്ഞ കൂട്ടത്തിൽ നമസ്ക്കാരം ഉപേക്ഷിക്കലും പറഞ്ഞിട്ടുണ്ടല്ലോ. എന്നിരിക്കെ, അതൊരു മഹാപാപമല്ലെന്നെ ങ്ങിനെ പറയാനാകും ? ഇതാണ് സംശയം.

# മറുപടി

മേൽപറഞ്ഞ സൂക്തങ്ങളിലുള്ളത്: നമസ്ക്കരിക്കാതെയും സകാത്ത് നൽകാതെയും ഖുർആനിനെ അവഹേളിച്ചും പരലോകത്തെ നിഷേധിച്ചും നടന്ന താണ് നരകശിക്ഷകിട്ടാൻ കാരണമെന്നാണ്. അപ്പോൾ ആ നാല് പാപവുംകൂടി ചെയ്ത ആൾ മഹാപാപിയാണെന്നേ അത്കൊണ്ട് വരികയുള്ളൂ. ഏത് പോലെ എന്നാൽ കളവും വ്യഭിചാരവും കൊലയും നടത്തിയ ഒരാളെ ഖുർആനിക നിയമ പ്രകാരം വധശിക്ഷക്ക് വിധിക്കാമല്ലോ. എന്ന് വെച്ച് കളവിന്നും വ്യഭിചാരത്തിന്നും വധശിക്ഷയുണ്ടെന്നത് കൊണ്ട് വാദിക്കാനൊക്കുമോ? അഥവാ ആരെങ്കിലും അങ്ങിനെ വാദിക്കുന്നുവെങ്കിൽ അത് വെറും മണ്ടത്തരമല്ലേ. അതേപോലെത്ത ന്നെയാണ് മേൽസൂക്തങ്ങളുദ്ധരിച്ചുകൊണ്ട് നമസ്ക്കാരം ഉപേക്ഷിക്കുന്നതിന്നും നര കശിക്ഷയുണ്ടെന്ന് വാദിക്കുന്നതും. മേൽപറഞ്ഞ സൂക്തങ്ങൾ കൊണ്ടാകെ തെളി യുന്നത്: മഹാപാപങ്ങളുടെകൂടെ നമസ്ക്കാരമുപേക്ഷിക്കുക എന്ന ചെറിയ പാപ ത്തിന്നും ശിക്ഷ ലഭിക്കുമെന്ന് മാത്രമാണ്. മഹാപാപങ്ങൾ ചെയ്തവരുടെ ചെറിയ



പാപങ്ങൾക്കുംകൂടി ശിക്ഷ ലഭിക്കുമെന്ന് ഖുർആൻ ആദ്യമേ സൂചിപ്പിച്ചതുമാണ്. അപ്പോൾ അതിന്നെതിരായി യാതൊന്നും മേൽപറഞ്ഞ സൂക്തങ്ങളിലില്ല. ഖുർ ആൻ ശരിക്ക് പഠിക്കാത്തത് കൊണ്ട് സംശയങ്ങളും ആശയക്കുഴപ്പങ്ങളുമുണ്ടാകു ന്നുവെന്ന് മാത്രം.

ഇനി നോമ്പിനേയും ഹജ്ജിനേയും പറ്റിയാണ് പറയാനുള്ളത്. അതാണ് താഴെ വിവരിക്കുന്നതും

നോമ്പിനെപറ്റി ഖുർആനിലാകെ രണ്ട് തവണ മാത്രമാണ് കൽപന വന്നിട്ടു ള്ളതെന്നും എന്നാൽ രണ്ടാമത്തെതവണ കൽപിച്ചപ്പോൾ ആദ്യത്തേതിനേക്കാൾ പല വിധത്തിലും ഗൗരവം കുറക്കുകയാണ് ഖുർആൻ ചെയ്തതെന്നും മുമ്പുണർത്തിയ താണല്ലോ. കൂടാതെ നോമ്പിനെ ഒമ്പതാമത്തെ ഇസ്ലാംകാര്യമാക്കി തരംതാഴ്ത്തി യതും നോമ്പുപേക്ഷിക്കൽ ഒരു മഹാപാപമാണെന്നോ പരലോകത്തതിന്ന് ശിക്ഷയു ണ്ടെന്നോ ഖുർആനിലൊരിടത്തും സൂചിപ്പിച്ചിട്ടില്ലാത്തതുമാണ്. നമസ്ക്കാരത്തെ പറ്റി പോലും അങ്ങിനെയൊന്നും ഖുർആനിലില്ലെന്ന് തെളിഞ്ഞാൽപിന്നെ നമസ്ക്കാര ത്തേക്കാൾ എത്രയോ ഡിഗ്രി താഴെയായി ഖുർആൻ കണക്കാക്കിയ നോമ്പിന്റെ കാര്യത്തിൽ അതൊന്നുമുണ്ടാവുകയില്ലെന്ന് പറയേണ്ടതില്ലല്ലോ. ഹജ്ജിനെപറ്റിയും ഇതേരൂപത്തിലുള്ള വിവരണവും വിശദീകരണവും തന്നെയാണ് പറയാനുള്ളത്.

ചുരുക്കത്തിൽ യാതൊരു പരോപകാരവുമില്ലാത്തതും വ്യക്തിസംസ്ക്കര ണത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നതുമായ വെറും ചില ആരാധനകൾ മാത്ര മാണ് നമസ്ക്കാരം, നോമ്പ്, ഹജ്ജ് മുതലായ കർമ്മങ്ങളെന്നതിനാൽ അതെല്ലാം വെറും മാർഗ്ഗം മാത്രമാണെന്നും പരോപകാരം ചെയ്യലും പരദ്രോഹം തടയലും അതുവഴി സാമൂഹ്യജിവിതത്തിൽ നീതി നിലനിർത്തലുമാണതിന്റെ സാക്ഷാൽ ലക്ഷ്യ മെന്നുമൊക്കെ ഖുർആനിൽ നിന്ന് വേണ്ടത്ര തെളിഞ്ഞുകഴിഞ്ഞതാണ്. അതനുസ രിച്ച് നമസ്ക്കാരം, നോമ്പ്, ഹജ്ജ് മുതലായ കേവലാരാധനകൾമാത്രം നിർവ്വഹിച്ച വർക്ക് സ്വർഗ്ഗമുണ്ടെന്നോ അവമാത്രം ഉപേക്ഷിച്ചവർക്ക് നരകമുണ്ടെന്നോ ഖുർആ നിലെവിടെയുമില്ലതാനും. നമസ്ക്കാരം, നോമ്പ്, ഹജ്ജ് എന്നിവ ഉപേക്ഷിക്കൽ ഒരു മഹാപാപമായി ഖുർആനൊരിക്കലും കാണുന്നില്ലെന്ന് പറയാൻ കാരണമതാ ണ്. അതെല്ലാം ചെറിയ പാപമാണെന്നതിന്നേ ഖുർആനിൽ തെളിവുള്ളൂവെന്ന് താൽപര്യം. ഇപ്പറഞ്ഞതിന്റെയെല്ലാം വ്യക്തമായ ഖുർആനിക ദൃഷ്ടാന്തങ്ങൾ "ഖുർ ആനിൽ നമസ്ക്കാരത്തിനുള്ള സ്ഥാനം" എന്ന എന്റെ ഗ്രന്ഥത്തിൽ (37-ാംപേജിൽ)

വേണ്ടത്ര വിശദീകരിച്ചതിനാൽ ഇവിടെ അതാവർത്തിക്കുന്നില്ല.

ആകെയാൽ ഉപേക്ഷിക്കൽ വൻകുറ്റമായും ഗുരുതരമായ അധഃപതനമായും ഖുർആൻ മുന്നറിയിപ്പ് നൽകിയ പ്രധാനപ്പെട്ട സകല ഇസ്ലാംകാര്യങ്ങളും തട്ടിത്തരിഷണമാക്കുകയും - 10 ഇസ്ലാംകാര്യങ്ങളുടെ കൂട്ടത്തിൽ വെച്ചേറ്റവും പുണ്യം കുറഞ്ഞതും പരോപകാരമില്ലാത്തും അത്കൊണ്ട്തന്നെ മോക്ഷത്തിന്ന് കാരണമാവാത്തതും - എന്നല്ല, അത് മാത്രം മുറുകെ പിടിച്ചാൽ അധോഗതി നിർബ്ബന്ധവുമായ - വെറും മൂന്ന് കാര്യങ്ങൾ ഇസ്ലാമിലെ ഏറ്റവും മുന്തിയ പുണ്യകർമ്മങ്ങളായി മുസ്ലിം ജനകോടികളുടെമേൽ അടിച്ചേൽപിക്കുകയും - ചെയ്ത അബൂഹുറയ്റ ഇസ്ലാമിന്റെയും മുസ്ലിംകളുടെയും ഏറ്റവും കടുത്തശത്രുവും പരമ ദുഷ്ടനുമാണെന്ന കാര്യത്തിൽ ഖുർആൻ പഠിച്ച ഒറ്റ മുസ്ലിമിന്നുംസംശയിക്കാനവകാശമില്ലാത്തതാണ്. അയാൾ അല്ലാഹുവിന്റെയും അല്ലാഹുവിന്റെ കിതാബിന്റെയും ശത്രുവാണെന്ന് മഹാനായ ഖലീഫഉമർ ഫാറൂഖ് ആദ്യമേ വിളംബരംചെയ്തത് വെറുതെയാണോ..? ഖലീഫാഉമറിന്റെ വിലമതിക്കാനാവാത്ത ആ വിളംബരം ബുഖാരിമുസ്ലിം മുതൽക്കുള്ളസകല ജൂതാസുകളും പറ്റെ പൂഴ്ത്തിവെച്ചതിനാലാണ് അബൂഹുറയ്റയുടെ സകല ദജ്ജാലിസങ്ങളും മുസ്ലിം ജനകോടികൾ കെട്ടിപ്പേറേണ്ടിവന്നത്. ദിവസത്തിലാകെ 3 നേരത്തായി 6 റക്അത്ത്മാത്രം നമസ്ക്കരിച്ചിരുന്ന നബിയുടെ അനുയായികളാണത്രെ, ഇന്ന് സുന്നത്തടക്കം 60 റക്അത്ത് നമസ്ക്കരിക്കാൻ നിയമമുണ്ടാക്കിയിരിക്കുന്നത്. രോഗവും യാത്രയുമൊന്നുമില്ലാതെ വെറുതെ വീട്ടിലിരുന്ന് ‘ പിത്തംപിടിക്കുന്നരോ’ ടൊരു മാസം നോമ്പനുഷ്ഠിക്കാൻ കൽപിച്ച സ്ഥാനത്താണ്പോൾ, യാത്രയേക്കാൾ ഇരട്ടി കഷ്ടപ്പാടനുഭവിക്കുന്ന സകല തൊഴിലാളികളും കുട്ടികളും വൃദ്ധൻമാരുമൊക്കെ സുന്നത്തടക്കം 7 മാസം നോമ്പെടുക്കലാണ് ഏറ്റവും മുന്തിയ പുണ്യകർമ്മമെന്ന് അബൂഹുറയ്റ പഠിപ്പിച്ചത്. 63 വർഷക്കാലം മക്കയിലും മദീനയിലുമായി ജീവിച്ച നബിതിരുമേനിപോലും അന്ത്യഘട്ടത്തിൽ - മറ്റൊമ്പത് ഇസ്ലാംകാര്യങ്ങളും പൂർത്തിയാക്കിയശേഷം - ആകെ ഒരു ഹജ്ജ് ചെയ്തതിനെ അനുകരിച്ചാണത്രെ, ഒറ്റ ഇസ്ലാം കാര്യവും പൂർത്തിയാക്കാതെ 20ഉം 30ഉം ഹജ്ജ് ചെയ്തുകൊണ്ട് ലോകത്തിലെ ഏറ്റവും മുന്തിയ പുണ്യവാളൻമാരായെന്ന ആത്മാഭിമാനത്തോടെ ഭൂമിയിലെ മാലാഖമാരായി ഞെളിഞ്ഞുടക്കുന്നത്. അപ്പോൾ ഖുർആനിനേയും നബിചര്യയേയും പറ്റെ ധിക്കരിച്ചുകൊണ്ട് നമസ്ക്കാരം, നോമ്പ്, ഹജ്ജ് എന്നീ മൂന്ന് കാര്യങ്ങളിലുള്ള ഭ്രാന്ത് തലക്ക് കയറ്റി നടക്കേണ്ട ഒരുഗതികേട് നമ്മുടെ സമു



ദായത്തിന്ന് മാത്രം ഉണ്ടായെങ്കിൽ അതിന്റെ ഏകഉത്തരവാദി 10 ഇസ്ലാംകാര്യങ്ങളിൽനിന്ന് പ്രധാനപ്പെട്ട 5 എണ്ണം കക്കുകയും അപ്രധാനമായ നമസ്ക്കാരത്തേയും നോമ്പിനേയും ഹജ്ജിനേയും സുപ്രധാനമാക്കുകയും ചെയ് ജൂതമുനാഫിഖായ അബൂഹുറയ്റയാണെന്നേനമുക്ക് പറയാനുള്ളൂ. തന്റെ ഏറ്റവും കടുത്ത ആ ജൂതപ്രവർത്തനം മൂലം എന്ത് സംഭവിച്ചു എന്നല്ലേ: വിദ്യാഭ്യാസവും സത്യസന്ധതയും ജിഹാദും ദാനധർമ്മവും സമുദായസേവനവുമൊക്കെയായിരുന്നു ആദ്യകാല മുസ്ലിംകളുടെ സ്വഭാവവും സംസ്ക്കാരവുമെങ്കിൽ ഖുർആനികദൃഷ്ട്യാ പുണ്യം കുറഞ്ഞതും യാതൊരു പരോപകാരമില്ലാത്തതുമായ നമസ്ക്കാരം നോമ്പ്, ഹജ്ജ് എന്നിവ മാത്രമാണ് ഇന്നത്തെ മുസ്ലിംകളുടെ ഏറ്റവും മുന്തിയ സ്വഭാവവും സംസ്കാരവും പരലോക മോക്ഷത്തിന്റെ പ്രധാന മുതൽക്കൂട്ടുമൊക്കെയായിത്തീർന്നത്. വാസ്തവത്തിൽ 160ഓളം സ്ഥലങ്ങളിൽ പരലോക മോക്ഷത്തിന്നുള്ള ഉപാധികളിന്നതൊക്കെയാണെന്ന് ഖുർആൻ ആവർത്തിച്ചു വ്യക്തമാക്കിയിട്ടും അവയിലൊരിടത്തെങ്കിലും മേൽപറഞ്ഞ മുക്കൂട്ടാരാധന കൊണ്ട് മോക്ഷം ലഭിക്കുമെന്ന ഒരു സൂചനപോലും അല്ലാഹു നൽകിയില്ല. എന്ന് മാത്രമല്ല, സാമ്പത്തികസേവനത്തിന്ന് തയ്യാറില്ലാത്തവരുടെ ഒറ്റ ആരാധനയും - നമസ്ക്കാരം പോലും - ഒരു പുണ്യകർമ്മമോ സൽക്കർമ്മമോ ആയി കണക്കാക്കാൻ അല്ലാഹു തയ്യാറല്ലെന്നു വരെ 3:92, 48 : 29 എന്നീ സൂക്തങ്ങളിലൂടെയും മറ്റും ഖുർആൻ വ്യക്തമായി പ്രഖ്യാപിച്ചു. പക്ഷേ എന്ത്ചെയ്യാം ? ഖുർആനിലെ അത്തരം സത്യങ്ങൾ നമ്മുടെ സമുദായത്തെ പഠിപ്പിക്കാൻ 1400 വർഷം കഴിഞ്ഞിട്ടും ഈ പുരോഹിതപ്പരിഷകൾ തയ്യാറുണ്ടോ. മുസ്ലിംകളുടെ ഇഹപര വിജയത്തിന്നടിത്തറയായ പ്രധാനപ്പെട്ട 5 ഇസ്ലാംകാര്യങ്ങൾ അബൂഹുറയ്റ ആദ്യമേ കട്ടത് ഇനിയെങ്കിലും വെളിക്ക് കൊണ്ട് വരാനവർ ഒരുക്കമാണോ; മേൽപറഞ്ഞ മുക്കൂട്ടാരാധനകളിലുള്ള ഭ്രാന്ത് വർദ്ധിപ്പിക്കുകവഴി ലോകത്തിലെ മറ്റെല്ലാ സമുദായങ്ങളിൽനിന്നും വ്യത്യസ്തമായിക്കൊണ്ട് മുസ്ലിംസമുദായമാകുന്ന നമ്മുടെമാത്രം സമയവും ആരോഗ്യവും സമ്പത്തുമെല്ലാം അനാവശ്യമായി പാഴാക്കിക്കളയാനിടവരുത്തുകയല്ലേ ഈ പുരോഹിതവർഗ്ഗം മുഴുക്കെ ചെയ്യുന്നത്. എത്രയും ഗൗരവമുള്ള ഇത്തരം പ്രശ്നങ്ങളെപറ്റി ഖുർആനിന്റെ അടിസ്ഥാനത്തിൽ ഒരു തുറന്ന ചർച്ചയോ സെമിനാറോ നടത്തണമെന്നു പറഞ്ഞാൽ അതിന്നിവരെ കിട്ടുന്നുണ്ടോ; ഖുർആൻ നിഷേധികളെ നിലക്ക് നിർത്താനും അവരുടെ സകല കപടത്തരങ്ങളും വെളിക്ക് ചാടിക്കാനും ഉപകരിക്കുന്ന ദൈവീകായുധമായ മുബാഹലയുടെപേര് കേൾക്കുമ്പോഴേക്കും ഓടിയൊളിക്കുകയല്ലേ അവരിപ്പോഴും ചെയ്യുന്നത്. കൊടിയ

ത്തൂർ മുബാഹലപോലുള്ള അബുജഹ് ലിന്റെ കപടമുബാഹലക്കല്ലാതെ, ഖുർആൻ കൽപിച്ച സത്യമുബാഹലക്ക് അവർതയ്യാറായ ചരിത്രമുണ്ടോ? അവരുടെ പൂർവ്വ ഖോജാക്കൻമാർപോലും അതിന്ന് തയ്യാറായിട്ടില്ലെന്നതിന് ഇസ്ലാമികചരിത്രം മുഴു വൻ സാക്ഷിയല്ലേ.

ചുരുക്കത്തിൽ, നമസ്ക്കാരം നോമ്പ്, ഹജ്ജ് എന്നീ മൂന്ന് കാര്യങ്ങളാണ് ഇസ്ലാമിലെ ഏറ്റവും മുന്തിയ പുണ്യകർമ്മമെന്ന ഏറ്റവും വലിയ ഖുർആൻ വിരുദ്ധ മൂഢവിശ്വാസം ഖുർആൻ കൊണ്ടടിച്ചു തകർക്കുകയും അതോടൊപ്പം അവയേക്കാ ളെല്ലാം ഗൗരവമുള്ള മറ്റേഴ് ഇസ്ലാം കാര്യങ്ങളാണ് മുസ്ലിംകളുടെ ഇഹപര വിജയ ത്തിന്നടിസ്ഥാനമെന്ന ഖുർആനിക സത്യം പുനഃസ്ഥാപിക്കുകയും ചെയ്യാത്ത കാല ത്തോളം നമ്മുടെ സമുദായത്തിന്റെ അധോഗതിക്കറുതിവരുത്താൻ സാധ്യമല്ല. അത്കൊണ്ട് ഖുർആനിക സത്യം പ്രചരിപ്പിക്കാനും അതിന്നായി ത്യാഗം ചെയ്യാനും വേണ്ടി സകല ഖുർആൻ വിശ്വാസികളും ഒറ്റക്കെട്ടായി അണിനിരക്കേണ്ട കാലഘട്ട മാണിത്. കാരണം: 1300 വർഷം വരെ ഒറ്റ ഭാഷക്കാർക്കും പരിഭാഷപ്പെടുത്തി ക്കൊടുക്കാതെ പുരോഹിതവർഗ്ഗം പൂഴ്ത്തിവെച്ചിരുന്ന വിശുദ്ധ ഖുർആൻ സകല ഭാഷക്കാർക്കും പഠിക്കാൻ പറ്റിയ രൂപത്തിൽ ഇന്ന് പുറത്തായിക്കഴിഞ്ഞുവെന്നത് കൊണ്ട് തന്നെ.

## നമസ്ക്കാരത്തെപറ്റി ആവർത്തിച്ചു കൽപിച്ചത് കൊണ്ട് മാത്രം അതൊരു മഹാപുണ്യകർമ്മമാവുകയില്ല.

നമസ്ക്കാരത്തിന്ന് വെറും 10 ഇരട്ടിമാത്രമാണ് പ്രതിഫലമെന്നും സകാത്ത്, ജിഹാദ് മുതൽക്കുള്ള പരോപകാരപ്രദമായ ഇസ്ലാം കാര്യങ്ങൾക്കെല്ലാം ചുരുങ്ങി യത് 700 ഇരട്ടിയെങ്കിലും പ്രതിഫലമുണ്ടെന്നുമുള്ള ഖുർആനിക സിദ്ധാന്തത്തിലൂടെ പുരോഹിതവർഗ്ഗത്തിന്റെ നമസ്ക്കാരക്കോട്ടയെ നാം തകർക്കുമ്പോൾ അവർക്ക് പറ യാനുള്ള ഏറ്റവും വലിയ ന്യായവാദം; നമസ്ക്കാരത്തെപറ്റി 19 സ്ഥലത്ത് ആവർത്തിച്ചു കൽപിച്ചിട്ടുണ്ടെന്നതിനാൽ വെറും രണ്ടും നാലും തവണ മാത്രം



ആവർത്തിക്കപ്പെട്ട അക്ഷരാഭ്യാസം, കരാർപാലനം, ജിഹാദ് പോലുള്ളവയേക്കാൾ ഏറ്റവുമധികം ഗൗരവവും മഹത്വവുമുള്ളത് നമസ്ക്കാരമാണെന്നാണ്.

മറുപടി:- കൂടുതൽ ആവർത്തിച്ചത്കൊണ്ട് കൂടുതൽ ഗൗരവമുള്ളതായി കണക്കാക്കണമെന്നാണ് വാദമെങ്കിൽ കളവ്, കൊല എന്നീ കുറ്റകൃത്യങ്ങളേക്കാൾ ഗൗരവമുള്ളതാണ് വ്യഭിചാരമെന്ന് പറയേണ്ടിവരും. കാരണം: കളവിനെപ്പറ്റി രണ്ട് തവണയും കൊലയെക്കുറിച്ച് 7 തവണയും വ്യഭിചാരത്തെ സംബന്ധിച്ച് 17 തവണ യുമാണ് ഖുർആനിൽ പറഞ്ഞിരിക്കുന്നത്. അതിനാൽ വ്യഭിചാരമാണ് കളവിനേ ക്കാളും കൊലയേക്കാളുമൊക്കെ വലിയ പാപമെന്നിവർ പറയാൻ തയ്യാറുണ്ടോ? എങ്കിൽ വ്യഭിചാരത്തിന്റെ സാക്ഷികൾ 4 തികഞ്ഞില്ലെങ്കിൽ സാക്ഷി പറഞ്ഞവരെ യെല്ലാം അടിക്കണമെന്ന് കൽപിച്ചതും കട്ടവന്റെ കൈമുറിക്കുംപോലെ വ്യഭിചാരി യുടെ ലിംഗം മുറിക്കണമെന്ന് കൽപിക്കാതിരുന്നതുമൊക്കെ തെറ്റാണെന്നും ഇവർ പറയേണ്ടിവരില്ലേ. അപ്പോൾ വെറും ആവർത്തനം മാത്രം ഗൗരവത്തിന്റെ മാനദ ണ്ഡമാക്കാൻ പാടില്ലെന്ന് മേലിലെങ്കിലും മനസ്സിലാക്കണമെന്നാണ് പുരോഹിതവർഗ്ഗ ത്തോട് നമുക്ക് പറയാനുള്ളത്. പിന്നെയോ? ഗൗരവമുള്ള പ്രശ്നമല്ലെങ്കിലും ഖുർ ആനിന്റെ അവതരണഘട്ടത്തിലെ സാമൂഹ്യനിലപാട് പരിഗണിച്ചുകൊണ്ട് ചിലപ്പോൾ ആവർത്തനം വർദ്ധിപ്പിക്കേണ്ടിവരും. അതായത്: കളവിനേക്കാളും കൊലയേക്കാ ളുമൊക്കെ അക്കാലത്ത് കൂടുതൽ വ്യാപകമായിരുന്നത് വ്യഭിചാരമായതിനാൽ അതി നെപറ്റി കൂടുതൽ ആവർത്തിച്ചുപദേശിക്കേണ്ടി വന്നു. അതേപോലെത്തന്നെ നോമ്പ് ഹജ്ജ്, കരാർപാലനം, ജിഹാദ് പോലുള്ളവെയ അപേക്ഷിച്ച് അറബികൾക്ക് തീരെ പരിചയമില്ലാത്തതും വളരെ താൽപര്യം കുറഞ്ഞതുമായ ഏക ആരാധനയാണ് നമ സ്ക്കാരമെന്നതിനാൽ അതിനെപറ്റിയും ഖുർആൻ കൂടുതൽ ആവർത്തിച്ചുപറഞ്ഞു. എന്ന് വെച്ച് ഇസ്ലാമിലെ ഏറ്റവും വലിയ 'ആനക്കാര്യ' മാണ് നമസ്ക്കാരമെന്നൊന്നും ആർക്കും പറയാൻ പാടുള്ളതല്ല. കേവലനമസ്ക്കാരം ഒരു പുണ്യകർമ്മമോ സൽക്കർമ്മോ അല്ലെന്ന് വരെ വ്യക്തമാക്കിയ അല്ലാഹു, നമസ്ക്കാരത്തെ 'ഒരാന ക്കാര്യ' മാക്കാൻ ആരെയും അനുവദിക്കുകയുമില്ല. നമസ്ക്കാരങ്ങളിൽ വെച്ചേറ്റവും മുന്തിയതും വളരെ ഗൗരവമുള്ളതും ഇസ് ലാമിന്റെ ഒരു പ്രത്യക്ഷചിഹ്നമായി ലോക മുസ് ലിംകളെല്ലാം അതാതു നാടുകളിൽ സംഘടിച്ചു നിലനിർത്തിപ്പോകേണ്ടതുമായ ഇസ് ലാമിലെ ഏക ആരാധനയാണല്ലോ ജുമുഅഃ നമസ്ക്കാരം. എന്നിട്ടും ആ ജുമുഅ;യെപറ്റി ഖുർആനിലാകെ ഒന്ന് (രണ്ട്) തവണയല്ലാതെ അല്ലാഹു പറയുക

യുണ്ടായോ? അതൊരിക്കലുമില്ലല്ലോ. അപ്പോൾ ഗൗരവത്തിന്റെ മാനദണ്ഡമായി ആവർത്തനത്തെമാത്രം കണക്കിലെടുക്കുന്നത് കേവലം വിഡ്ഢിത്തമാണ്. എന്ന് വെച്ചാൽ : ആവർത്തനത്തോടൊപ്പംതന്നെ സംസാരശൈലിയുടെ ഗാംഭീര്യവും വിഷയാവതരണത്തിന്റെ ഗൗരവവും നിയമംപാലിക്കുന്നതിനെപറ്റി ഖുർആൻ സൂചിപ്പിക്കുന്ന ഗുണഫലങ്ങളും നിയമലംഘനത്തിന്നെതിരിലുള്ള താക്കീതുകളും ശിക്ഷാഭീഷണികളുമെല്ലാം സമഗ്രമായി പരിശോധിച്ചെങ്കിലേ ഒരു വിഷയത്തിന്റെ ഗൗരവം എത്രത്തോളമുണ്ടെന്ന് ശരിക്കും വിലയിരുത്താനാവുകയുള്ളൂ. അല്ലാതെ, ഒരു വിഷയത്തെപ്പറ്റി ആവർത്തിച്ചുപറഞ്ഞു എന്നത്കൊണ്ട് മാത്രം ആ വിഷയം ഗൗരവമേറിയതാണെന്ന് വിധിക്കാൻ പാടുള്ളതല്ല. മേൽപറഞ്ഞ രൂപത്തിൽ ഖുർആൻ സമഗ്രമായി പരിശോധിച്ചതിന്റടിസ്ഥാനത്തിലാണ് നമസ്ക്കാരം, നോമ്പ്, ഹജ്ജ് എന്നീ മുക്കൂട്ടാരാധനകൾ വളരെഗൗരവം കുറഞ്ഞ കർമ്മങ്ങളാണെന്നും അവയിൽ ഉപേക്ഷ വരുത്തൽ ഒരിക്കലും മഹാപാപമാവുകയില്ലെന്നും അവയുടെ പൂർത്തീകരണം കൊണ്ട് മാത്രം പരലോകമോക്ഷം ഉറപ്പിക്കാനാർക്കും പാടില്ലെന്നുമൊക്കെ വളരെ കണിശമായും ശക്തിയായും നമ്മൾ വാദിക്കാൻ കാരണമായത്. അതിനെ നേരിടാൻ ഏതൊരു പണ്ഡിതനാണ് കഴിവും പാണ്ഡിത്യവുമുള്ളതെങ്കിൽ അവരെല്ലാം ഇതേപോലെ ഏത്രയും വേഗം രംഗത്ത് വരേണ്ടതാണ്. ആയിരത്തിലേറെ വർഷങ്ങളായി തുടർന്ന് പോന്നതും നമ്മുടെ സമുദായത്തെ ഇന്നേവരെ തുലച്ചുകളഞ്ഞതുമായ ഈ മതക്കച്ചവടത്തിന്നിനിയെങ്കിലും അറുതിവരുത്താതിരിക്കാൻ പറ്റുകയില്ല. ഉന്നതരായ ലോകസമുദായങ്ങളിലാർക്കുമില്ലാത്തതും ഖുർആനിന്ന് കടകവിരുദ്ധവുമായ ഈ മതഭ്രാന്ത് നമുക്ക് മാത്രം ഉണ്ടാവേണ്ടതുമില്ല.



# പ്രധാനപ്പെട്ട 5 ഇസ്ലാം കാര്യം കട്ട അബൂഹുറയ്റ "സുപ്രധാനമായ മറ്റഞ്ച് മതകാര്യം" പകരം വെച്ചു!

### ജൂതനായ അബൂഹുറയ്റ മുസ്ലിംകളെ വീണ്ടും കുരങ്ങ് കളിപ്പിക്കുന്നത് കാണുക!

ഖുർആനിലെ 10 ഇസ്ലാം കാര്യങ്ങളിൽ നിന്ന് ഇസ്ലാമിന്റെയും മുസ്ലിംകളുടെയും വിജയത്തിന്റെ അടിത്തറയായ പ്രധാനപ്പെട്ട 5 എണ്ണം അബൂഹുറയ്റ ആദ്യമേ തട്ടിത്തെറിപ്പിച്ചതും തൻമൂലം തന്റെ കാലംതൊട്ടിന്നേവരെയുള്ള മുസ്ലിംകളാരും തന്നെ ഖുർആനിലെ പത്തിസ്ലാം കാര്യത്തിന്റെ യാതൊരു വർത്തമാനവും അറിയാതെപോയതുമൊക്കെ നാം ശരിക്കും പഠിച്ചുവല്ലോ. എന്നാൽ അത്രയും കടുത്ത കുഫ്റും ധിക്കാരവും കാണിച്ചുകൊണ്ട് മുസ്ലിംകളെ പിന്നോക്കാവസ്ഥ എന്ന പാതാളത്തിലേക്ക് തള്ളിവിട്ടതിന്ന് പുറമെ മറ്റൊരുവിധത്തിൽ അവരെ വീണ്ടും അവഹേളിക്കാൻ അബൂഹുറയ്റ നെയ്തുണ്ടാക്കിയ വേറെയൊരു ഹദീസാണ് താഴെ വിവരിക്കുന്നത്. അതേതെന്ന് കാണുക: അബൂഹുറയ്റ : പറയുകയാണ് : "സനാതന ധർമ്മങ്ങളിൽപെട്ട ഒരഞ്ച് കാര്യങ്ങളുണ്ട് ഇസ്ലാമിലെന്ന് നബി പറഞ്ഞു. അതിലൊന്നാമത്തേത്: ഗുഹ്യസ്ഥാനത്തെ മുടിവടിക്കലാണ്. (2) ചേലാ കർമ്മം ചെയ്യൽ (3) മീശ വെട്ടൽ (4) കക്ഷത്തെ മുടിപറിക്കൽ (5) നഖം മുറിക്കൽ" ഇതൊക്കെയാണാ അഞ്ച് സനാതനധർമ്മങ്ങൾ. (ബുഖാരി, മുസ്ലിം)

ശ്രദ്ധിക്കുക, അബൂഹുറയ്റയുടെ ഹദീസ് പരിഭാഷപ്പെടുത്തിയതിൽ വല്ല തെറ്റും സംഭവിച്ചോ എന്നൊന്നും ആരും സംശയിക്കേണ്ട. യാതൊരു തെറ്റും സംഭവിച്ചിട്ടില്ല. മറിച്ച് മുസ്ലിം സമുദായത്തിന്റെ പ്രധാനപ്പെട്ട 5 ഇസ്ലാംകാര്യം പരസ്യമായി കട്ട അബൂഹുറയ്റ: അതിന്ന് പകരമെന്നോണം മുസ്ലിംകൾക്ക് പഠിപ്പിച്ചുകൊടുത്തതും ബുഖാരിയും മുസ്ലിമും ഏകോപിച്ചെഴുതിവെച്ചതുമായ 'സുപ്രധാന ഇസ്ലാം കാര്യ' ങ്ങളുടെ സാക്ഷാൽ വിവരണമാണ് മേലുദ്ധരിച്ചത്. തന്റെ ഹദീസിന്റെ പദാനുപദ പരിഭാഷയുമാണത്. പക്ഷേ, ഒരു ചെറിയ വ്യത്യാസം ചെയ്തിട്ടുണ്ട്: അബൂ

ഹുറയ്റയുടെ ഹദീസിൽ ഒന്നാമത്തേതായെണ്ണിയ ആ 'പ്രധാനകാര്യം' നിങ്ങൾ കണ്ടു വല്ലോ. അവിടെ ഞാനെഴുതിയ പരിഭാഷ അബൂഹുറയ്റയുടെ ഭാഷയോട് ശരിക്കും യോജിച്ചതല്ല. അതാവണമെങ്കിൽ സംസ്കാരശൂന്യർ ആ പണിക്ക് പറയാറുള്ള ഒരു കാടൻ ശൈലിയുണ്ട്. ആ ശൈലിയിലത് പറഞ്ഞെങ്കിലേ അബൂഹുറയ്റ പ്രയോഗിച്ച കാടൻശൈലിയുടെ ശരിയായ പരിഭാഷയാവുകയുള്ളൂ. അപ്പോൾ അവിടെ വിഷയം മാറാതെ ആ ശൈലിയൊന്ന് വ്യത്യാസപ്പെടുത്തി എന്ന് മാത്രം. ബാക്കി നാലെണ്ണത്തിന്റെയും പരിഭാഷയിൽ യാതൊരു മാറ്റവുമില്ല. തൊക്കിലെ മുടി വടിക്കണമെന്നല്ലാതെ അത് പറിക്കണമെന്നാണോ അബൂഹുറയ്റ പറഞ്ഞതെന്ന് ചിലർ സംശയിച്ചേക്കാം. എന്നാൽ ഒട്ടും സംശയിക്കേണ്ട! അതും ബുഖാരിയും മുസ്ലിമുമെല്ലാം പ്രമാണമാക്കി എഴുതിവെച്ച സാക്ഷാൽ കള്ളഹദീസിലുള്ളതുതന്നെയാണത്. മുസ്ലിംസമുദായത്തിന്റെമേൽ ഇത്രയം കടുത്ത ദുഷ്ടമതനിയമങ്ങൾ അടിച്ചേൽപ്പിച്ച മറ്റേതെങ്കിലുമൊരു ജൂതനെ ലോകത്ത് കണ്ടെത്താൻ സാധ്യമാണോ എന്നാണ് മാന്യവായനക്കാർ ചിന്തിക്കേണ്ടത്. എന്നാൽ: ഇത്രയും വലിയ ദുഷ്ടനും കപടനും ഖുർആൻ നിഷേധിയും മുസ്ലിം വിരോധിയുമൊക്കെയായ മറ്റൊരു ജൂതനേയും ലോകത്തിന്നേവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നതാണ് പരമാർത്ഥം. ഇനി കണ്ടെത്തുമോ എന്നാരും ഭയപ്പെടുകയും വേണ്ട. അത്ര വലിയ ലോകദജ്ജാലാണ് സുന്നത്ത് നേതാവായ സാക്ഷാൽ അബൂഹുറയ്റ എന്ന് നമ്മുടെ സമുദായത്തെ ബോധ്യപ്പെടുത്തിക്കൊടുക്കാൻ ഇനിയൊട്ടും താമസിച്ചുകൂടാ! അക്ഷരാഭ്യാസം, കരാർപാലനം, ജിഹാദ്, ഖിസാസ്, വസിയ്യത്ത് എന്നീ മഹത്തായ 5 പുണ്യകർമ്മങ്ങളെ സനാതനധർമ്മങ്ങളിൽ നിന്നൊഴിവാക്കുകയും പകരം ആനത്ത് കളയൽ, തോല് മുറിക്കൽ, മീശവെട്ടൽ, ത്വക്ക്മുടി പറിക്കൽ, നഖം മുറിക്കൽ എന്നിവയാണ് മുസ്ലിംകളെല്ലാം ഗൗരവമായി പഠിച്ചുവെക്കേണ്ട 5 സനാതനധർമ്മങ്ങളെന്ന് പഠിപ്പിക്കുകയും ചെയ്ത അബൂഹുറയ്റയെപ്പറ്റി ദജ്ജാലെന്ന് വിളിച്ചതിൽ ശരിയായ മുസ്ലിംകൾക്കാർക്കും വിഷമമുണ്ടാകുമെന്ന് തോന്നുന്നില്ല. രാവിലെ എഴുന്നേറ്റാൽ പല്ല് തേക്കലോ വായ കഴുകലോ മലവിസർജ്ജനം ചെയ്താൽ ആസനം കഴുകൽ പോലുമോ സനാതന ധർമ്മങ്ങളിലെണ്ണാൻ തയ്യാറല്ലാത്ത (ബുഖാരി, മുസ്ലിം) അബൂഹുറയ്റയാണത്രെ! മുടിപറിക്കലും നഖം മുറിക്കലും മീശവെട്ടലുമൊക്കെ സനാതനധർമ്മങ്ങളിലെണ്ണി പഠിപ്പിക്കാൻ വേണ്ടി പണ്ഡിതവേഷം കെട്ടി രംഗത്ത് വന്നിരി



ക്കുന്നത്. മുസ്ലിംകളെ എത്രത്തോളം കഴുതകളും വിഡ്ഢികളുമാക്കാൻ വേണ്ടിയായിരുന്നു ഈ മനുഷ്യൻ കള്ളഹദീസുകളുണ്ടാക്കിയിരുന്നതെന്നോ? എന്നാൽ പുരോഹിതവർഗ്ഗത്തിന്റെ കഴുതത്തരവും ബുദ്ധിശൂന്യതയും മൂലം മുസ്ലിംകൾ അതെല്ലാം അനുഭവിക്കേണ്ടിവരികതന്നെ ചെയ്തു. അടിയിലൂടെ കാറ്റ് പോയാൽ 'അടി' കഴുകേണ്ടതില്ലെന്നും പക്ഷേ കയ്യും കാലുമൊക്കെ കഴുകണമെന്നുമുള്ള കഴുതത്തരം മുസ്ലിംകളോട് പറയാനും അവരത് ചെയ്യാനും തുടങ്ങിയിട്ട് വർഷം 1300 കഴിഞ്ഞു. എന്നിട്ടും ഏതെങ്കിലുമൊരു പുരോഹിതൻ ഇക്കാലംവരെ കഴുതമസാലയുടെ ദുരിതത്തിൽ നിന്ന് മുസ്ലിംസമുദായത്തെ മോചിപ്പിക്കുകയുണ്ടായോ. സകല പുരോഹിതന്മാരും ആ 'മസാല' തലയിലേറ്റി നടക്കുകയും സമുദായത്തിന്റെമേൽ അതടിച്ചേൽപ്പിക്കുകയുമല്ലേ ഇക്കാലം വരെ ചെയ്തുപോന്നത്. ഇപ്പോൾ അവർ ചെയ്തുകൊണ്ടിരിക്കുന്നതും അത് തന്നെയല്ലേ? ഖുർആൻ വിരുദ്ധവും ബുദ്ധിശൂന്യവുമൊക്കെയായ ആ കഴുതമസാലയെ ഈയുള്ളവൻ എതിർക്കാനും പരിഹസിക്കാനും തുടങ്ങിയിട്ട് സുമാർ 30 വർഷത്തോളമായി. അന്നൊന്നും ഒരൊറ്റ പുരോഹിതനും എന്റെ വാദങ്ങൾ സമ്മതിക്കാൻ കൂട്ടാക്കിയിരുന്നില്ല. അഥവാ മുസ്ലിംകളെ കുരങ്ങ്കളിപ്പിക്കാൻവേണ്ടി ജൂതമുനാഫിഖായ അബൂഹുറയ്റ കെട്ടിപ്രചരിപ്പിച്ച ഒരു കഴുതമസാലയാണതെന്ന സത്യം അവരാരും മനസ്സിലാക്കിയിരുന്നില്ല. പക്ഷേ മറ്റു പലതിനോടുമൊപ്പം മേൽപറഞ്ഞ സത്യവും ഈയുള്ളവൻ ശക്തിയായി പ്രചരിപ്പിച്ചപ്പോൾ കേരളത്തിലെ പല മുസ്ലിം ബുദ്ധിജീവുകളും അതേപറ്റി പഠിക്കാനും പുരോഹിതനേതാക്കളോട് ചോദിക്കാനും തുടങ്ങി. എന്നല്ല ആ ചോദ്യം ശക്തിപ്പെട്ടുവരികയും പുരോഹിത നേതാക്കൾക്കതിനെ ന്യായീകരിക്കാൻ കഴിയാതെവരികയും ചെയ്തു. അങ്ങിനെ ഗതിമുട്ടിയപ്പോൾ അവർ പറയുന്നതെന്തെന്നല്ലേ: ഞങ്ങളതൊക്കെ മുമ്പേ പറഞ്ഞതാണെന്ന്. അഥവാ അധോവായുപോയാൽ വുസു മുറിയുകയില്ലെന്ന സത്യം നേരത്തെത്തന്നെ ഞങ്ങൾ പറയുകയും എഴുതുകയും ചെയ്തിട്ടുണ്ടെന്ന്.

എന്നാൽ അപ്പറയുന്നത് ശുദ്ധമേ കളവാണെന്നാണ് നമുക്ക് പറയാനുള്ളത്. കാരണം: ഇവിടത്തെ മുജാഹിദ്, ജമാഅത്ത്, സമസ്ത എന്നീ ഗ്രൂപ്പുകളിലേയോ അല്ലാത്തവരിലേയോ ഒറ്റ പുരോഹിതനും മുമ്പൊരിക്കലും അത് പറയുകയുണ്ടായിട്ടില്ല. എന്നല്ല നാല്മദ്ഹബുകാരുടെ ഒറ്റ ഗ്രന്ഥത്തിലും അതെഴുതിവെച്ചിട്ടുമില്ല.

ഈയുള്ളവൻ പറയുന്ന ഖുർആനികസത്യങ്ങൾ മറ്റുള്ളവരുംകൂടി പറയുന്നതിൽ സന്തോഷവും ആനന്ദവും മാത്രമേ എനിക്കുള്ളൂ. പക്ഷേ, ഞാൻ പറയുന്ന

സത്യങ്ങളൊക്കെ വെറും ഭ്രാന്താണെന്നും ഖുർആനിന്നും സുന്നത്തിന്നും എതിരാണെന്നുമൊക്കെ പറഞ്ഞുകൊണ്ട് പത്തിരുപത് വർഷക്കാലം എന്നെ നഖശിഖാന്തം എതിർക്കുകയും പുച്ഛിക്കുകയും ചെയ്തിരുന്നവർ ദീർഘമായ പോരാട്ടത്തിന്നുശേഷം എന്റെ ഖുർആനികതെളിവുകൾക്ക് മുന്നിൽ മുട്ടുകുത്തേണ്ടി വന്നപ്പോൾ "ഞങ്ങളതൊക്കെ നേരത്തെത്തന്നെ പറഞ്ഞതാണെന്ന" ശുദ്ധനുണപറഞ്ഞ് മാനം നേടുന്ന അല്പൻമാരെ തൊലിയുരച്ചു കാണിക്കാതിരിക്കാൻ പറ്റുകയില്ല. ആദ്യംതന്നെ യാതൊന്നും മിണ്ടാതെ അടങ്ങിയിരുന്നുവരാണ് അങ്ങിനെയൊരു നുണ പറഞ്ഞുകൊണ്ടിപ്പോൾ രംഗത്ത് വരുന്നതെങ്കിൽ നമുക്കത് സഹിക്കാമായിരുന്നു. നേരമറിച്ച് ഇക്കാലംവരെ സത്യം പൂഴ്ത്തിവെക്കാൻവേണ്ടി നമ്മളെ തെറിപറയുകയും സത്യം വിജയിക്കുമെന്ന് കണ്ടപ്പോൾ ഞങ്ങളാണാസത്യം ആദ്യം വെളിപ്പെടുത്തിയതെന്ന് പച്ചക്കള്ളം പറയുകയും ചെയ്ത കപടൻമാരെ എങ്ങിനെയാണ് മാന്യൻമാരായി ഞെളിഞ്ഞു നടക്കാനനുവദിക്കുക. അവർ ചെയ്യുന്ന ധിക്കാരവും കപടത്തരവുമൊക്കെ സമുദായമദ്ധ്യേ തൊലിയുരിച്ചു കാണിക്കുകതന്നെവേണം. എങ്കിലേ അവരെപ്പോലുള്ള സത്യനിഷേധികൾക്ക് മേലിലെങ്കിലും സത്യത്തെ എതിർക്കേണ്ട വ്യാമോഹം ഇല്ലാതാവുകയുള്ളൂ.

## പുരോഹിതൻമാർ കൊഞ്ഞനം കാണിക്കുന്നു ! ഇസ്ലാംകാര്യം 5ഉം 10ഉം അല്ലത്രെ!

'ഇസ്ലാം കാര്യം അഞ്ച് ' എന്ന പാഠത്തിന്ന് ഖുർആനിലോ സുന്നത്തിലോ യാതൊരടിസ്ഥാനവുമില്ലെന്നിപ്പോൾ കണിശമായി ബോധ്യപ്പെട്ടതോടെ പുരോഹിതപരിഷകൾ ചെയ്യുന്നപണി എന്തെന്നല്ലേ: നാണമില്ലാതെ സത്യം മൂടിവെക്കുകയും കൊഞ്ഞനം കാണിക്കുകയുംതന്നെ. ഇസ്ലാംകാര്യം 5 എന്ന പാഠം അവർ ലോകത്തൊട്ടാകെ പ്രചരിപ്പിക്കാൻ തുടങ്ങിയിട്ട് ആയിരത്തിലേറെ വർഷങ്ങളായി. അതിന്റെ ഹദീസുകൾ ബുഖാരിയിലും മുസ്ലിമിലും മറ്റും ധാരാളമുണ്ട്താനും. നാല് മദ്ഹബുകാരും അതൊക്കെ പ്രമാണമാക്കുകയും ചെയ്തിരിക്കുന്നു. മുജാഹിദ്, ജമാഅത്ത്, സമസ്ത മുതലായ എല്ലാഗ്രൂപ്പുകാരും തങ്ങളുടെ മതപഠന സ്ഥാപനങ്ങളിൽ



ഇക്കാലംവരെ പഠിപ്പിച്ചു പോന്നതും ഇസ്ലാംകാര്യം 5 എന്ന ഏകപാഠം മാത്രമാണ്. അത്തരത്തിൽ മുസ്ലിംജനകോടികളെ മുഴുവൻ പുരോഹിതവർഗ്ഗം ഇക്കാലംവരെ പഠിപ്പിച്ച ആ പാഠം അപ്പടി തെറ്റാണെന്നും അത് ഖുർആൻ വിരുദ്ധമാണെന്നും ഖുർആൻപഠിച്ച ഏതൊരു പണ്ഡിതന്നും ഇസ്ലാംകാര്യം 10 ആണെന്നല്ലാതെ, അതഞ്ചേയുള്ളൂവെന്നൊരിക്കലും പറയാൻ പാടില്ലെന്നുമൊക്കെ ഖുർആനിക ദൃഷ്ടാന്തങ്ങൾ നിരത്തിവെച്ചുകൊണ്ട് ഈയുള്ളവൻ സമർത്ഥിച്ചുകൊടുത്തപ്പോൾ അതിലിളിഭ്യരായിത്തീർന്ന പുരോഹിതപരിഷകൾ ഇപ്പോൾ പറയുന്നത് ഇസ്ലാം കാര്യം അഞ്ചുമല്ല പത്തുമല്ല എന്നാണ്. പിന്നെയോ ഖുർആൻ കൽപിച്ചതെല്ലാം ഇസ്ലാം കാര്യങ്ങളാണത്രെ! എങ്കിൽപിന്നെ 5 എന്ന കള്ളക്കണക്ക് ലോകത്തൊട്ടാകെ പ്രചരിപ്പിച്ചതെന്തിനെന്ന് ചോദിച്ചാൽ അതിന്റെ മറുപടി: വെറും പല്ലിളിക്കൽ മാത്രമാണ്. ഖുർആനിന്റെ ഏതൊരുവിവരണപ്രകാരവും നിലവിലുള്ള അഞ്ചിനെ ന്യായീകരിക്കാനവർക്ക് കഴിയുന്നില്ല. ഹദീസിന്റെ കാര്യമാണെങ്കിൽ അതാകപ്പാടെ വഷളാവുകയും ചെയ്തുവല്ലോ.

ചുരുക്കത്തിൽ ശഹാദത്ത്, നമസ്ക്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നീ അഞ്ച് കാര്യങ്ങളാണ് ഇസ് ലാമിലെ പ്രധാന കർമ്മപദ്ധതികളെന്ന പരോഹിത വർഗ്ഗത്തിന്റെ ജൂതശരീഅത്ത് സ്ഥാപിച്ചു തരാൻ ലോകത്തൊരു പുരോഹിതന്നും സാധ്യമല്ല. മതാചാരങ്ങളിലെ ഏറ്റവും പുണ്യംകുറഞ്ഞ മുക്കൂട്ടാരാധനയെ ഇസ്ലാമിലെ ഏറ്റവും മുന്തിയ പുണ്യകർമ്മങ്ങളായി പ്രചരണം നടത്താനും അതു വഴി മുസ്ലിം സമുദായത്തെ കാലാകാലം ചൂഷണം ചെയ്യാനും വേണ്ടി മാത്രമാണ് പ്രസ്തുത മൂന്നാരാധനകളെ ഉൾപെടുത്തിക്കൊണ്ട് ഇസ്ലാംകാര്യം 5 എന്ന കള്ളക്കണക്കവർ ലോകത്തൊട്ടാകെ പ്രചരിപ്പിച്ചത്. അപ്രധാനമായ നോമ്പിനേയും ഹജ്ജിനേയും ഇസ്ലാം കാര്യങ്ങളിലെണ്ണണമെങ്കിൽ അതിന്ന് മുമ്പ് ഖുർആൻ വഴിക്കുവഴിയായും തുടർച്ചയായും പറഞ്ഞ മറ്റെട്ട് ഇസ്ലാം കാര്യം ആദ്യം എണ്ണുകതന്നെവേണം. അതിപ്പോൾ പുരോഹിതൻമാർക്കും ബോധ്യമായിരിക്കുന്നു. അങ്ങിനെ ഗതിമുട്ടിയപ്പോഴാണ് ഇസ്ലാം കാര്യം അഞ്ചുമല്ല പത്തുമല്ല എന്ന കൊഞ്ഞനവുമായി വിഷയം കലക്കാനവർ ഒരുമ്പെട്ടിരിക്കുന്നത്. അത്തരം കപടൻമാരോട് നമുക്കു പറയാനുള്ളത് ഇതാണ്. നിങ്ങളുടെ സകല മതപഠനസ്ഥാപനങ്ങളിലും സകല അറബിക്കോളേജുകളിലും നിങ്ങളുടെ എല്ലാ മതഗ്രന്ഥങ്ങളിലും "ഇസ്ലാം കാര്യം 5" എന്ന കള്ളക്കണക്കാണല്ലോ പഠിപ്പിക്കുന്നത്. എന്നിരക്കെ ആ സമ്പ്രദായം മാറ്റാത്ത കാലത്തോളം

ഇസ്ലാംകാര്യം അഞ്ചുമല്ല പത്തുമല്ല എന്ന നിങ്ങളുടെ കപടവാദത്തെ ഏത് മുസ്ലിമാണ് വിലവെക്കുക? നിങ്ങളുടെ ഏതെങ്കിലുമൊരു ഗ്രന്ഥത്തിൽ 5ന്റെ വാദത്തെ നിങ്ങളിന്നേവരെ ഖണ്ഡിച്ചിട്ടുണ്ടോ? നമസ്ക്കാരം, നോമ്പ്, ഹജ്ജ് എന്നിവ ഏറ്റവും മുന്തിയ പുണ്യകർമ്മങ്ങളാണെന്ന നിങ്ങളുടെ ആ കടുത്ത കള്ളംപറയൽ ഇക്കാലം വരെ നിങ്ങൾ അവസാനിപ്പിച്ചുട്ടുണ്ടോ? പിന്നെന്തിന് മുസ്ലിംസമുദായത്തെ വീണ്ടും വഞ്ചിക്കാൻവേണ്ടി ഈ കള്ളത്തരവും കപടത്തരവുമൊക്കെ പറയുന്നു? ഇസ്ലാം കാര്യം ഖുർആനിൽ 10 ഉണ്ടെന്ന് പോലും 1300 വർഷംവരെ പറയാത്ത നിങ്ങൾ ഇപ്പോൾ അത് പത്തിലോറെയുണ്ടെന്ന് പറയുന്നതും തനി കപടത്തരമല്ലേ? ഖുർആനിൽ പറഞ്ഞ കാര്യങ്ങൾക്കൊക്കെ ഇസ്ലാംകാര്യങ്ങളെന്നാണോ പറയുക? ഖുർആൻ വളരെ പ്രാധാന്യത്തോടെ പറഞ്ഞ പുണ്യകർമ്മങ്ങളെപറ്റി മാത്രമല്ലേ അങ്ങിനെ പറയുന്നതിലർത്ഥമുള്ളൂ. എന്നിരിക്കെ, ഖുർആനിലുള്ളത് മുഴുവൻ ഇസ്ലാംകാര്യങ്ങളാണെന്ന് പറയുന്നതും തനി ധിക്കാരമല്ലാതെ മറ്റെന്താണ്?

ആകയാൽ ഇസ്ലാംകാര്യം അഞ്ച് എന്ന ഖുർആൻ വിരുദ്ധ സിദ്ധാന്തം മേലിൽ മുസ്ലിംസമുദായത്തോട് പറയാൻ പാടില്ലെന്നും നമസ്ക്കാരം, നോമ്പ്, ഹജ്ജ് എന്നിവയേക്കാൾ 70 ഇരട്ടിയെങ്കിലും പുണ്യമുള്ളതായി ഖുർആൻ വാഴ്ത്തിപറഞ്ഞ അക്ഷരാഭ്യാസം, കരാർപാലനം, ജിഹാദ് എന്നിവയെ മേൽപറഞ്ഞ മൂന്നിനേക്കാളും മുന്തിയ ഇസ്ലാംകാര്യമായി എണ്ണാൻ തയ്യാറില്ലാത്ത ഏതൊരു വിഭാഗത്തേയും ശരിയായ മുസ് ലിംകളായി പരിഗണിക്കാൻ പറ്റില്ലെന്നുമാണ് ഖുർആൻ സുന്നത്ത്കാരായ നമ്മുടെ വാദം. ആയത് കൊണ്ട് ആ വാദത്തേയും ഇസ് ലാംകാര്യം 10 എന്ന ഖുർആനിക സിദ്ധാന്തത്തെയും ഖുർആൻ കൊണ്ടെതിർക്കാൻ കഴിവുള്ള ഏതെങ്കിലും പണ്ഡിതൻമാർ നമുക്കിടയിലുണ്ടെങ്കിൽ കഴിഞ്ഞ കാലങ്ങളിലേത്പോലെ പൂച്ചശൈവൻമാരായി കഴിഞ്ഞുകൂടാതെ, ഉടനെ അവരുടെ ഖുർആൻ പാണ്ഡിത്യവുമായി രംഗത്ത് വരണമെന്ന് അല്ലാഹുവിന്റെയും ഖുർആനിന്റെയും പേരിൽ ഈയുള്ളവൻ അഭ്യർത്ഥിക്കുന്നു.

**സകല സ്തുതിയും സർവ്വലോക പരിപാലകനായ അല്ലാഹുവിന്ന്**



# 10 ഇസ്ലാം കാര്യം വിവരിക്കുന്ന തിന്നിടയിൽ ഖുർആൻ കാണിച്ച ഒരമാനുഷികത്വം!

വളരെ പുതുമയുള്ളതും ഗ്രഹിക്കാനെളുപ്പമുള്ളതുമായ ഖുർആനിലെ ഒരൽഭുത സത്യമാണ് പറയുന്നത്. പക്ഷെ ഏതെങ്കിലും സുന്നത്ത് ജമാഅത്ത്കാരോ തഫ്സീറുകാരോ വല്ല ഖുർആൻ പരിഭാഷക്കാരോ അക്കാര്യം സൂചിപ്പിക്കുകയെങ്കിലും ചെയ്തായി അറിവില്ല. അതാണെങ്കിലോ കണ്ണുള്ളവർക്കൊക്കെ കാണാവുന്ന ഒരു സത്യമാണ് താനും. അതേതെന്ന് ശ്രദ്ധിക്കു. പ്രധാനപ്പെട്ട 10 ഇസ്ലാംകാര്യം, വഴിക്ക് വഴിയായും തുടർച്ചയായും ഖുർആൻ വിവരിച്ചത് നാം കണ്ടുവല്ലോ. അതിൽ 8-ാമത്തെ ഇസ്ലാംകാര്യമായ വസിയ്യത്തിനെ 2 : 180ൽ വിവരിച്ചപ്പോൾ അവിടെ അസാധരണമായ ഒരു ശൈലിയാണ് ഖുർആൻ പ്രയോഗിച്ചത്. അതായത് : ''മാതാപിതാക്കൾക്കും അടുത്തരക്തബന്ധുക്കൾക്കും വേണ്ടി മുൻകൂട്ടി വസിയ്യത്ത് ചെയ്ത് വെക്കൽ നിങ്ങളുടെമേൽ നിർബ്ബന്ധമാക്കപ്പെട്ടിരിക്കുന്നു'' എന്ന് പ്രസ്താവിച്ച ഉടനെ ''നിയമം സൂക്ഷിക്കുന്നവരുടെമേൽ സുസ്ഥിരവും സുസ്ഥാപിതവുമായ ഒരു നിയമമാണീ വസിയ്യത്ത് നിയമമെന്ന്'' ഖുർആൻ പ്രത്യേകമായൊന്നെടുത്തുപറഞ്ഞു. സാധാരണ ഖുർആൻ കൽപിക്കാറുള്ള നിയമങ്ങൾ പൊതുവെ സുസ്ഥിരമാണെന്ന് മുസ്ലിംകൾക്കറിയാവുന്നതാണല്ലോ. 'കുതിബ അലൈക്കും'' (നിങ്ങളുടെമേൽ നിർബന്ധമാക്കപ്പെട്ടിരിക്കുന്നു.) എന്ന വ്യക്തമാക്കിപ്പറഞ്ഞ നിയമത്തെപ്പറ്റി സുസ്ഥിരമല്ലെന്ന് തെറ്റിദ്ധരിക്കാനൊരിക്കലും പഴുതില്ലാത്തതുമാണ്. എന്നിട്ടും 'കുതിബ അലൈക്കും'' എന്ന് പറഞ്ഞതിന്റെ പുറമെ 'ഹക്കൻ അലൽമുത്തഖീൻ'' (നിയമം സൂക്ഷിക്കുന്നവരുടെ മേൽ സുസ്ഥിരമായൊരു നിയമമാണിതെന്ന്) ഖുർആൻ പ്രത്യേകം എടുത്തുപറഞ്ഞപ്പോൾ 10 ഇസ്ലാം കാര്യങ്ങളിൽ 8-ാമത്തേതായി വിവരിച്ച ഈ വസിയ്യത്ത് നിയമത്തിൽ മാത്രമായി മറ്റൊമ്പതെണ്ണത്തിലുമില്ലാത്ത ഒരപകടം വരാനിരിക്കുന്നുണ്ടെന്നതിന്റെ സൂചനയാണത്. ഹിജ്റ :
ഒന്നാം നൂറ്റാണ്ടിന്ന്ശേഷം പ്രസ്തുത ഇസ്ലാംകാര്യം ഇസ്ലാമിൽനിന്നും പറ്റെ പറിച്ചെറിയുമെന്നും പ്രസ്തുത ആയത്തുതന്നെ 'മൻസൂഖ്'' (തള്ളപ്പെട്ട്ത്) ആണെന്ന് വരെ

മുസ്ലിംകൾ പ്രചരിപ്പിക്കുമെന്നും അല്ലാഹു മുൻകൂട്ടി അറിയാതിരിക്കില്ലല്ലോ. അപ്പോൾ അത്തരക്കാർക്കെതിരിൽ തെളിവ് പൂർത്തിയാക്കാൻ വേണ്ടിയായിരിക്കണം മറ്റൊമ്പത് ഇസ്ലാംകാര്യത്തിലും തീരെ പറയാത്തൊരു ‘സ്പെഷൽ പ്രഖ്യാപനം’’ (വസിയ്യത്ത് നിയമം ഒരു ശാശ്വതനിയമമാണെന്ന പ്രഖ്യാപനം) ആ നിയമത്തോടൊപ്പം തന്നെ ഖുർആനിൽ രേഖപ്പെടുത്താൻ കാരണമായത്. പക്ഷേ എന്തുഫലം? ഖുർആനിനെ പറ്റെ അവഗണിച്ചുകൊണ്ട് അബൂഹുറയ്റാകമ്പനിയുടെ പൊള്ളഹദീസും അബൂജഹ്‌ല് കമ്പനിയുടെ കള്ള ഇജ്മാഉം പ്രമാണമാക്കി നടക്കുന്ന മതപുരോഹിതൻമാർക്കുണ്ടോ ഖുർആനിൽ ചിന്തിക്കാനോ അതിലെ അമാനുഷികതകൾ മനസ്സിലാക്കാനോ അവസരം ലഭിക്കുക. അതിന്റെ വ്യക്തമായ ദൃഷ്ടാന്തമല്ലേ ഖുർആനിൽ തെളിഞ്ഞുകിടക്കുന്ന ഇത്തരം മഹൽ ആശയങ്ങളൊന്നും ഇന്നേവരെ അവരുടെ ശ്രദ്ധയിൽപെടാതെ പോയി എന്നത്.

മേൽവിവരിച്ചതുപോലുള്ള അമാനുഷികതകൾ തെളിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ഖുർആനിൽ ധാരാളമുണ്ട്. സന്ദർഭമനുസരിച്ച് അതോരോന്നുംപുറത്തു വരുമെന്ന് മാന്യവായനക്കാർക്ക് പ്രതീക്ഷിക്കാം.

# ‘ചന്ദ്രികക്കും’ ‘മാധ്യമ’ത്തിന്നും അക്ഷരാഭ്യാസം ഇസ്ലാംകാര്യമല്ല

ഖുർആൻ ഏറ്റവുമാദ്യം ഫർസാക്കിയത് (നിർബന്ധമാക്കിയത്)അക്ഷരാഭ്യാസമാണെന്നും അതിനാൽ അതൊന്നാമത്തെ ഇസ്ലാംകാര്യമാണെന്നുമുള്ള ഖുർആനികസത്യം 1000ത്തിലേറെ വർഷങ്ങളായി ലോകപുരോഹിതവർഗ്ഗം പൂഴ്ത്തിവെച്ചതിനാലാണ് മുസ്ലിംസമുദായം വിദ്യാഭ്യാസപരമായി ഇത്രത്തോളം പിന്നോക്കം പോന്നതെന്ന് ഈ ഗ്രന്ഥത്തിൽ വേണ്ടത്ര വിവരിച്ചു പോയതാണല്ലോ. എന്നാൽ എത്രയും വിലപ്പെട്ട മേൽപറഞ്ഞസത്യം പ്രചരിപ്പിക്കാനായി അടുത്തകാലത്തെങ്കിലും ലോകത്തിലെ ഒറ്റ പുരോഹിതനും രംഗത്തുവന്ന ചരിത്രമില്ല. അതുകൊണ്ടാണ് ആ വിഷയത്തിൽ ഒരു ശക്തിയായ പ്രചരണം വേണമെന്ന നിർബ്ബന്ധം ഈയുള്ളവനുണ്ടായത്. അതനുസരിച്ച് 1985മുതൽ മാതൃഭൂമി മനോരമപോലുള്ള വൻകിട പത്രങ്ങളിലൂടേയും മറ്റും ഇസ്ലാംകാര്യം പത്താണെന്നും അതിലാദ്യത്തേത് അക്ഷരാഭ്യാസമാണെന്നുമുള്ള ഈയുള്ളവന്റെ ഖുർആനിക വാദങ്ങൾ പുറത്ത് വരാൻ തുടങ്ങി.



സകല പുരോഹിതൻമാർക്കുമെതിരാണ് ആ വാദങ്ങളെങ്കിലും ഒറ്റ പുരോഹിതനും അതിനെ ഖണ്ഡിക്കാൻ തയ്യാറായില്ല. അങ്ങിനെയിരിക്കെയാണ് കേന്ദ്രഗവർമെന്റ് മുൻകയ്യെടുത്തുകൊണ്ടുള്ള സാക്ഷരതാ പ്രചരണപരിപാടി നമ്മുടെ നാട്ടിൽ അരങ്ങേറിയത്. എന്നിട്ടും അതിലേക്ക് ഏറ്റവും മുന്തിയ ഒരു മുതൽകൂട്ടായ മേൽപറഞ്ഞ ഖുർആനികസത്യം വെളിപ്പെടുത്താൻ ഇവിടെത്തെ ഒറ്റ ഖുർആൻ പണ്ഡിതനും തയ്യാറായില്ല. അപ്പോഴാണ് 1990 ജൂലായ് മാസത്തിൽ കാലിക്കറ്റ് പ്രസ്ക്ലബ്ബിൽ ഈയുള്ളവൻ ഒരു പത്രസമ്മേളനം വിളിച്ചുകൂട്ടുകയും അക്ഷരാഭ്യാസത്തെകുറിച്ചുള്ള ഖുർആനികസത്യങ്ങൾ വിവരിച്ചുകൊണ്ടൊരു പ്രസ്താവന പത്രങ്ങൾക്ക് - ചന്ദ്രികക്കും മാധ്യമത്തിന്നുമടക്കം - നൽകുകയും ചെയ്തത്. പക്ഷേ, അക്ഷരാഭ്യാസം ഒന്നാമത്തെ ഇസ്ലാംകാര്യമാണെന്നത് മുതൽക്കുള്ള ഒറ്റ ഖുർആനിക സത്യവും ചന്ദ്രികയോ മാധ്യമമോ പ്രസ്ദ്ധീകരിച്ചില്ല. മനോരമ, മാതൃഭൂമി, കേരളകൗമുദി, ദേശാഭിമാനിപോലുള്ള വൻകിടപത്രങ്ങളൊക്കെ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. ചന്ദ്രികയും മാധ്യമവും ഈയുള്ളവനെഴുതിക്കൊടുക്കുന്ന ഖുർആനിക സത്യങ്ങളൊന്നും പ്രസിദ്ധീകരിക്കാറില്ലെങ്കിലും എനിക്കെതിരിലുള്ള പല കള്ളറിപ്പോർട്ടുകളും എന്റെ പേരെടുത്ത് പറഞ്ഞുകൊണ്ട് തന്നെ അവർ പ്രസിദ്ധീകരിക്കാറുണ്ടെന്ന വസ്തുത മാന്യവായനക്കാർ പ്രത്യേകം ഓർക്കുന്നത് നന്ന്. ഇതിൽനിന്ന് വായനക്കാർ മനസ്സിലാക്കിവെക്കേണ്ട ഒരു പ്രധാന കാര്യമിതാണ്; ഖുർആനിലെ അമൂല്യസത്യങ്ങൾ ലോകം മുഴുവൻ അംഗീകരിച്ചാലും പുരോഹിതവർഗ്ഗം മുമ്പ് പൂഴ്ത്തിവെച്ചതാണെങ്കിൽ അവരുടെ അനുയായികൾ നടത്തുന്ന ഒറ്റ പത്രത്തിലൂടെയും അത് പുറത്തുവരികയില്ല. അതേസമയം അത്തരം സത്യങ്ങൾ വെളിപ്പെടുത്തുന്ന ത്യാഗികൾക്കെതിരിൽ പല കള്ള റിപ്പോർട്ടുകളും അവർ പ്രസിദ്ധീകരിക്കുകയും ചെയ്യും. പുരോഹിത വർഗ്ഗവും അവരുടെശിങ്കിടികളും കാട്ടിക്കൂട്ടുന്ന ഇത്തരം ദുഷ്ടത്തരംകൊണ്ടാണ് നമ്മുടെ സമുദായത്തിന്ന് വിലപ്പെട്ട പല ഖുർആനിക സത്യങ്ങളും ഇപ്പോഴും മനസ്സിലാക്കാനവസരം കിട്ടാതെ പോകുന്നതെന്നുണർത്താൻ ഈയുള്ളവനാഗ്രഹിക്കുന്നു. അതോടൊപ്പം എനിക്കും എന്റെ ഖുർആനിക പ്രസ്ഥാനത്തിന്നുമെതിരായി ചന്ദ്രികയിലും മാധ്യമത്തിലും കാണപ്പെടുന്ന ഒറ്റ റിപ്പോർട്ടും ആരും വിശ്വസിച്ചുപോവരുതെന്നപേക്ഷിക്കുകയും ചെയ്യുന്നു.

മൗലവി ചേകനൂർ
ജനുവരി.1991.